ഫെബ്രുവരി 2023

വില ₹ 30/-

# ജീവനും വെളിച്ചവും






# സെന്റ്. ജൂഡ് ദൈവാലയം

കിള്ളിപ്പാലം, തിരുവനന്തപുരം

**2023 ഫെബ്രുവരി 2 മുതൽ 9 വരെ**

തീർത്ഥാടകർക്ക്

# സ്വാഗതം

**ജീവനും വെളിച്ചവും**

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2023 ഫെബ്രുവരി
പുസ്തകം - 47 ലക്കം - 2
വില 30 രൂപ (വാർഷിക വരിസംഖ്യ: 360 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com
www.archtvmnews.com

**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
**ഉപദേശക സമിതി**
ഫാ. ലോറൻസ് കുലാസ്
ഫാ. ഡാർവിൻ പീറ്റർ
ഫാ. ഡാനിയേൽ ആർ.
ഫാ. ഡൈസൺ
ഫാ. ആഷ്‌ലിൻ ജോസ്
ഫാ. മൈക്കിൾ തോമസ്
ഫാ. സന്തോഷ്കുമാർ പനിയടിമ
ഫാ. ക്രിസ്റ്റിൽ റൊസാരിയോ
ഫാ. ഷാജിൻ ജോസ്
ഫാ. സിൽവസ്റ്റർ കുരിശ്
ഫാ. നിജു അജിത്
പി. ശശിധരൻ
**പത്രാധിപർ**
ഫാ. ദീപക് ആന്റോ
**സഹ പത്രാധിപർ**
ഫാ. ലെനിൻ ഫെർണാണ്ടസ്
ബർഗ്മാൻ തോമസ്
**മാനേജർ (പരസ്യവിഭാഗം)**
ഫാ. മനീഷ് പീറ്റർ
**പത്രാധിപ സമിതി**
മോൺ. ജെയിംസ് കുലാസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
സിന്ധുമരിയ നെപ്പോളിയൻ
**ആർട്ടിസ്റ്റ്**
വർഗീസ് ജോർജ്ജ്
**ഡിറ്റിപി & ലേ-ഔട്ട്**
സുനിൽകുമാർ
**ഓഫീസ് നിർവഹണം**
ടെൽമ ജെ.വി.

*Account Details:*
State Bank of India
A/C No. 57027220934
IFSC : SBIN0070308
A/C Name : Editor, Jeevanum Velichavum

## മുഖവിചാരം

# നേരിന്റെ ഓർമപ്പെടുത്തൽ

നീണ്ട കാൽനൂറ്റാണ്ടുകാലം കോടാനുകോടി മനുഷ്യരോട് ടി.വിയിലൂടെയും നേരിട്ടും സംവദിച്ചുകൊണ്ട് ക്രൈസ്തവ വിശ്വാസത്തിന്റെ പ്രതീകവും ഏറ്റവും ആഘോഷിക്കപ്പെട്ട അടയാളവുമായ വി. ജോൺപോൾ രണ്ടാമൻ പാപ്പായ്ക്കുശേഷം കാലഘട്ടത്തിന്റെ അനിവാര്യതയും, ദൈവനിയോഗവുമായി സഭയെ നയിക്കാനെത്തിയ ബനഡിക്ട് പതിനാറാമൻ പാപ്പ ഇപ്പോൾ നമുക്കൊപ്പമില്ല. കാലാതിവർത്തിയായ ജോൺപോൾ രണ്ടാമൻ പാപ്പായുടെ 'പേപ്പസി'ക്കുശേഷം, ഇരുന്നൂറ്റി അറുപത്തഞ്ചാമത്തെ പാപ്പായായി അദ്ദേഹത്തിന്റെ നിഴലിലൊതുങ്ങിപ്പോയ ഒരാളായല്ല കാലം ബെനഡിക്ട് 16-ാമൻ പാപ്പായെ വിലയിരുത്തുക.

സഭാഗാത്രത്തിൽ മാറ്റത്തിന്റെ കാറ്റ് വീശിത്തുടങ്ങിയ വത്തിക്കാൻ കൗൺസിലിൽനിന്നാരംഭിച്ച് ആധുനിക കാലത്തിന്റെ നിരവധിയായ ധാർമിക പ്രശ്നങ്ങളിൽ (സ്വവർഗരതി, ഗർഭഛിദ്രം, കൃത്രിമ ഗർഭനിരോധന മാർഗങ്ങൾ, ദയാവധം) സഭയുടെ ശക്തമായ നിലപാടുകളുടെ കാവൽക്കാരനായിരുന്നു അദ്ദേഹം. വിശ്വാസത്തിനും ബൈബിൾ പഠനത്തിനുമൊക്കെ യുക്തിപരമായ അടിത്തറയുണ്ടാകണമെന്ന് തന്റെ പഠനങ്ങളിലൂടെ നിരന്തരം ഓർമിപ്പിച്ചു.

അദ്ദേഹത്തിന്റെ വിയോഗത്തിന് ശേഷം ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ ലോകം പരിശുദ്ധ പാപ്പായുടെ പ്രബോധനങ്ങളോടും നിലപാടുകളോടും അന്ന് നീതി പുലർത്തിയോ എന്നതിൽ സംശയമുണ്ട്. അക്കാലത്തെ പേപ്പൽ സന്ദർശനങ്ങൾക്കുമുൻപുള്ള പത്രസമ്മേളനങ്ങളും പേപ്പൽ വാർത്തകളും പലപ്പോഴും, യാഥാസ്ഥിതികനും പിന്തിരിപ്പനുമായ ഒരു പാപ്പായെയായിരുന്നു വരച്ചു കാട്ടിയത്. എങ്കിലും അദ്ദേഹം പരിശുദ്ധാത്മാവിന്റെ നിറവിൽ, പണ്ഡിതോചിതമായ ശൈലിയിൽ പഠിപ്പിച്ചു, ആരാധനാക്രമത്തിന്റെ ആത്മാവറിഞ്ഞ് ആരാധനയ്ക്ക് നേതൃത്വം നൽകി, ക്രിസ്തുവിനോടും സഭയോടുമുള്ള സ്നേഹത്തോടെ സഭാമക്കളെ നയിച്ചു. ആ പുണ്യദേഹത്തിന്റെ ഓർമ്മകൾക്കു മുൻപിൽ പ്രണാമം.

ബെനഡിക്ട് പതിനാറാമൻ പാപ്പ രാജ്യങ്ങളിലെ ഏകാധിപത്യ ഭരണകൂടങ്ങളുടെ ക്രൂരതകളും യുദ്ധക്കെടുതികളും അതിന്റെ ഭീകരതയും അനുഭവിച്ചും അതിനോട് സന്ധിയില്ലാത്ത നിലപാടെടുത്തും വളർന്നത് ലോകസമാധാനത്തിനായും മതങ്ങളും, വ്യത്യസ്ത ക്രൈസ്തവ സഭകളും തമ്മിലുള്ള സംവാദത്തിന്റെ പുതിയ വഴികൾ തുറക്കുന്നതിനും കാരണമായിട്ടുണ്ട്. സഭയ്ക്കുള്ളിൽ കുട്ടികൾക്കെതിരെയുണ്ടായ അതിക്രമങ്ങളെ തടയുവാനുള്ള അതിശക്തമായ നിയമനിർമാണത്തിനും, പ്രവർത്തന ചട്ടക്കൂടിനും രൂപംനൽകിയെന്നത് ബെനഡിക്ട് പതിനാറാമൻ പാപ്പായുടെ കാലഘട്ടത്തിലെ നാഴികകല്ലുകളായി. ഇതിനേക്കാളുമൊക്കെ ഉപരിയായി 2013 ഫെബ്രുവരി 28 ന് നടത്തിയ സ്ഥാനത്യാഗമാവും വരുംതലമുറകൾ ബെനഡിക്ട് പാപ്പായെ നിർവചിക്കുവാൻ ഉപയോഗപ്പെടുത്തുന്നത്.

വർഗീയ ലഹളകളും അക്രമങ്ങളും നടത്തിയും തരംകിട്ടിയാൽ സ്വന്തക്കാരെ തിരുകിക്കയറ്റിയും എങ്ങനെയും നേതാക്കന്മാരാകുന്ന നമ്മുടെ നാട്ടിൽ സ്ഥാനത്യാഗം ചെയ്ത ഒരു പാപ്പായുടെ ഓർമകൾ നമുക്ക് മാതൃക മാത്രമല്ല നമ്മുടെ നേതാക്കന്മാർക്കൊരു ഓർമപ്പെടുത്തൽ കൂടിയാണ്. നേരിന്റെ ഓർമപ്പെടുത്തൽ.

- പത്രാധിപർ

# പ്രതികരണങ്ങൾ




## കാലത്തിന്റെ അനിവാര്യതകൾ

കഴിഞ്ഞലക്കം (ക്രിസ്തുമസ്-പുതുവത്സരപ്പതിപ്പ്) ജീവനും വെളിച്ചവും മാസികയിൽ പ്രസിദ്ധീകരിച്ച ഡോ. ഐറിസ് കൊയ്ലിയോയുടെ കവിത 'പെയ്ത്തോ പെയ്ത്ത്' നല്ല ഒരു കടൽക്കവിതയാണ്. കടലിലേയും കരയിലേയും ജീവിതങ്ങളെ കോറിയിടുന്ന വാക്കുകളുടെ ഒരു പെയ്ത്ത് ഡിക്സൺ ജോർജിന്റെ കഥ, 'കാരൾനാളിലെ മൂസ്ക്' മികച്ച ഒരു കഥയാണ്. കഥ കഴിയുമ്പോഴും അതിലെ മൂസ്ക് മനസ്സിൽ കത്തിച്ച ഒരു മെഴുകുതിരിയായി തെളിഞ്ഞുനിൽക്കും. 'സഹനത്തിന്റെ മഹത്വം പ്രഘോഷിക്കുന്ന ക്രിസ്തുമസ്...' എന്ന മുഖവിചാരവും 'വിദ്യാഭ്യാസത്തിനും തൊഴിലിനുമായി കേരളം വിടുന്ന പുതിയ തലമുറ കാലത്തിന്റെ അനിവാര്യതയാണ്' എന്ന ജെ. സിയുടെ നേർക്കാഴ്ചയും അതിഗംഭീരമായി. അഭിനന്ദനങ്ങൾ...

**ലിജു ആന്റണി, പുല്ലുവിള.**

## ക്രിസ്തുമസിന്റെ ഉൾപ്പൊരുൾ

തിരുപ്പിറവിയുടെ സൗന്ദര്യത്തികവ് നിറഞ്ഞുതുളുമ്പിയ അതിമനോഹര ലേഖനമായിരുന്നു വിഖ്യാത നോവലിസ്റ്റ് പെരുമ്പടവം ശ്രീധരന്റെ 'മഞ്ഞും നിലാവും പെയ്ത് ബേത്‌ലഹേം കുളിർന്നുവിറയ്ക്കുമ്പോൾ'. അനേകായിരം കോടി നക്ഷത്രപ്പൂക്കൾ നവ്യപ്രകാശം വിതറിയ വിശുദ്ധരാത്രിയിൽ പുൽക്കൂട്ടിൽ ഉണ്ണിയേശു ഭൂജാതനായി. സ്വർഗീയ ദൂതന്മാരുടെ സ്തുതിഗീതവും മഞ്ഞും നിലാവും ബേത്‌ലഹേമിനെയും മാനവരാശിയെയും ധന്യമാക്കി.

കാണാതെപോയ ആട്ടിൻകുട്ടിയെ തേടിയാണ് ക്രിസ്തുവാകുന്ന രക്ഷയുടെ താരകം സ്വർഗത്തിന്റെ മഹിമകൾ വെടിഞ്ഞ് മണ്ണിൽ വന്നുപിറന്നത്. ഏദൻ തോട്ടത്തിലെ ആദ്യ പാപത്തിലൂടെ ആദവും ഹവ്വയും വഴിതെറ്റിയ ആടുകളായിരുന്നു. ആലയിലുള്ള 99 ആടുകളേക്കാൾ നഷ്ടപ്പെട്ട ഒരാടാണ് ദൈവപുത്രന് ഇഷ്ടവും പ്രിയപ്പെട്ടതും. ആ ആട് നാം തന്നെയാണ്. ഇന്ന് കാണാതെ പോകുന്ന ആടുകളെ തേടുന്ന ഇടയൻമാരുണ്ടോ എന്നതാണ് പ്രസക്തവും പ്രധാനവുമായ ചോദ്യം. ഒരാടല്ല ആലയിലുള്ള ആടുകൾ ഓരോന്നും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. കാണാതെ പോകുന്നു. ആടുകൾ എന്തേ ആല വിട്ടുപോകുന്നു? ആ ആടുകളെ കണ്ടെത്തേണ്ടതല്ലേ? അവയെ അങ്ങിനെ വിട്ടുകളയാൻ പറ്റുമോ? അത് വലിയൊരു ചോദ്യമാണ്. കൂട്ടം തെറ്റി, പേടിച്ചരണ്ട് ലക്ഷ്യമില്ലാതെ അലയുന്ന ഒരാടിനെയും ദൈവപുത്രൻ കണ്ടെത്താതെ പോകുന്നില്ല. ഓരോ ആത്മാവിന്റെയും കണക്ക് പിതാവിന് ഏല്പിക്കേണ്ടതാണെന്ന് പുത്രന് ഉത്തമബോധ്യമുണ്ട്.




ആടിനെ കണ്ടെത്തി മാറോട് ചേർത്ത്, നെറുകയിൽ ചുംബിക്കുന്ന, ആശ്വസിപ്പിക്കുന്ന, ആശ്ലേഷിക്കുന്ന നല്ല ഇടയൻ. വഴി തെറ്റിയ നിനക്ക് വഴിയും സത്യവും ജീവനുമായ ഞാനുണ്ട് എന്ന് മന്ത്രിക്കുന്ന ശ്രേഷ്ഠ ഇടയൻ. നീ കൂട്ടംതെറ്റി അലയേണ്ടവനല്ല, കൂട്ടിൽ കയറേണ്ടവനാണ്. തൊണ്ണൂറ്റി ഒമ്പതിനൊപ്പം നൂറാമനായി എണ്ണപ്പെടേണ്ടവനാണ് എന്നു പറയുന്നതാണ് ക്രിസ്മസിന്റെ ഉൾപ്പൊരുൾ. ആ യാഥാർത്ഥ്യം പങ്കുവച്ച മലയാളത്തിന്റെ പ്രിയ എഴുത്തുകാരൻ പെരുമ്പടവത്തിന് നന്ദി.

**തോന്നയ്ക്കൽ ജെറാൾഡ് ബി. മിരാൻഡ**

## വിഭവസമൃദ്ധം ക്രിസ്തുമസ്-പുതുവത്സരപ്പതിപ്പ്

ജീവനും വെളിച്ചവും മാസികയുടെ ക്രിസ്തുമസ് പുതുവത്സരപ്പതിപ്പ് എന്തുകൊണ്ടും സമ്പന്നമായി. നിറയെ ലേഖനങ്ങൾ, കഥകൾ, കവിതകൾ... ശ്രീ. പെരുമ്പടവം ശ്രീധരന്റെ മഞ്ഞും നിലാവും പെയ്ത് ബെത്‌ലഹേം കുളിർന്നു വിറയ്ക്കുമ്പോൾ, ശ്രീ. കെ. ജയകുമാറിന്റെ തിരുപ്പിറവിയുടെ സനാതനത്വം, ഫാ. വിൻസെന്റ് വാരിയത്തിന്റെ ക്രിസ്തു എന്ന ഒറ്റത്താരകം എന്നീ ലേഖനങ്ങൾ ഒരു നവ്യാനുഭവം പകർന്നേകി എന്നുപറയുന്നതിൽ സന്തോഷമുണ്ട്. കഴിഞ്ഞവർഷങ്ങളിലെ കഷ്ടതകളെയും അരിഷ്ടതകളെയും പ്രതീക്ഷാനിർഭരമായ വരുംകാലത്തേക്ക് ഉറ്റുനോക്കുകയും ചെയ്യുന്ന ശ്രീ. ഇഗ്നേഷ്യസ് തോമസിന്റെ ശനിയുടെ അപഹാരവും ഞായറിന്റെ അവരോഹണവും എന്ന ലേഖനം എടുത്തുപറയേണ്ട ആർട്ടിക്കിൾ ആണ്. ലേഖകർക്കും മാസികയുടെ അണിയറപ്രവർത്തകർക്കും അഭിനന്ദനങ്ങൾ...

**വിർജിൻ ജോസഫ്, വെട്ടുകാട്**

# താളുകളിൽ

**കർത്താവേ ഞാൻ നിന്നെ സ്നേഹിക്കുന്നു** 6
ഫാ. ജൂഡിറ്റ് പയസ് ലോറൻസ്

**ഒരു വിശുദ്ധ ജീവിതത്തിന്റെ നാൾവഴികൾ** 10
ഷാജി ജോർജ്ജ്

**സ്നേഹമാണഖിലവും** 14
ഫാ. ലോറൻസ് കുലാസ്

**പേപ്പസി: പാറമേൽ പണിതുയർത്തിയ ഭവനം** 20
ഇഗ്നേഷ്യസ് തോമസ്

*കഥ:*
**പൂമരം** 17
അരുൾസ്നേഹം

*കവിത:*
**കവര്** 9
ഗ്ലേവിയസ് അലക്സാണ്ടർ

**വായന** 25
സിന്ദുമോൾ തോമസ്

**വാർത്തകൾ** 27

**നീർച്ചാൽ** 32

**കാനോൻ ലോ** 37
ഫാ. ജോസ് ജി.

**കുഞ്ഞാടുകൾ** 38

**വചനജ്വാല** 40

**നേർക്കാഴ്ച** 42
ജെ.സി.









ലേഖനം



**കാലംചെയ്ത പരിശുദ്ധ ബനഡിക്ട് പാപ്പായെക്കുറിച്ചും യേശു എന്ന രക്ഷകനെ ആഴത്തിൽ സ്നേഹിച്ച പിതാവിന്റെ ഹൃദയവിചാരങ്ങളുടെ പുസ്തകമായ 'നസ്രത്തിലെ യേശു'വിനെക്കുറിച്ചും സമഗ്രമായ പഠനം**

# 'കർത്താവേ ഞാൻ നിന്നെ സ്നേഹിക്കുന്നു'



**ഫാ. ജൂഡിറ്റ് പയസ് ലോറൻസ്**

"ക്രിസ്ത്യാനി ആയിരിക്കുക എന്നത് ഒരു ധാർമ്മിക തിരഞ്ഞെടുപ്പിന്റെയോ ഉന്നതമായ ആശയത്തിന്റെയോ ഫലമല്ല മറിച്ച് ഒരു സംഭവവുമായുള്ള ഒരു വ്യക്തിയുമായുള്ള കണ്ടുമുട്ടലിന്റെ ഫലമാണ്." ഭാഗ്യസ്മരണാർഹനായ പരിശുദ്ധ ബനഡിക്ട് പാപ്പയുടെ ജീവിതത്തിൽ ഈ കണ്ടുമുട്ടൽ സാധ്യമായത് അദ്ദേഹം ജനിച്ച് 24 മണിക്കൂർ കഴിയുന്നതിനുമുൻപാണ്. 1927 ഏപ്രിൽ 16-ാം തീയതി ഒരു വലിയ ശനിയാഴ്ചയിലായിരുന്നു ജനനം. നമ്മുടെ ഗുരുവും നാഥനുമായ ക്രിസ്തു, ക്രൂശിക്കപ്പെടുകയും സംസ്കരിക്കപ്പെടുകയും ചെയ്തതിന്റെ ഓർമ്മയിൽ, യേശുവിന്റെ കല്ലറയ്ക്കരികിൽ, വിശ്വാസത്തോടെ പ്രാർത്ഥനാനിരതരായി, യേശുവിന്റെ ഉയിർപ്പിനായി കാത്തിരിക്കാൻ സഭ ആവശ്യപ്പെടുന്ന ദിനത്തിൽ, ഈ ലോകം നിശബ്ദതയിലായ ദിനത്തിൽ ബനഡിക്ട് ജനിച്ചു, 1927 ഏപ്രിൽ 17 ന്. മരണം എന്ന അന്ധകാരത്തെ തോല്പിച്ച് ജീവനായ ക്രിസ്തു ഉയിർത്ത ദിനത്തിൽ അദ്ദേഹം മാമ്മോദിസ എന്ന വാതിൽപ്പടിയിലൂടെ ഉത്ഥിതനായ ക്രിസ്തുവിന്റെ ഭൗതികശരീരമായ സഭയിലെ അംഗമായി. ക്രിസ്തുവിന്റെ ഭൗതിക ശരീരമാകുന്ന സഭ ഈ ലോക അന്ധകാരത്തിൽ മുങ്ങിത്താഴാൻ തുടങ്ങുമ്പോൾ അതിന്റെ അമരക്കാരനാ


യിരുന്ന് സഭയെ ക്രിസ്തുവിങ്കലേക്ക് നയിക്കാനുള്ള ദൈവികപദ്ധതിക്ക് ആരംഭംകുറിച്ച ദിനമായിരുന്ന് അത്. മുങ്ങിത്താണ പത്രോസിന്റെ നേർക്ക് കരംനീട്ടി അല്പവിശ്വാസീ നീ എന്തിന് ഭയപ്പെട്ടു എന്ന ശാസനയിലൂടെ കരകയറ്റിയ ക്രിസ്തുവിന്റെ ഈ കാലഘട്ടത്തിലെ നീട്ടപ്പെട്ട കരമാകുവാനുള്ള ഒരു വലിയ തെരഞ്ഞെടുപ്പ് ആയിരുന്നു ബനഡിക്റ്റ് പാപ്പയുടെ മാമ്മോദിസ.

ബനഡിക്ട് പാപ്പയുടെ സ്ഥാനാരോഹണത്തിന് പ്രാരംഭംകുറിച്ച് 2005 ഏപ്രിൽ 24 ന് അർപ്പിച്ച ബലിയിൽ അദ്ദേഹം തനിക്കുചുറ്റം ഉള്ളവരെ അഭിസംബോധന ചെയ്തത്, 'സഭ സജീവമാണ്' എന്ന ആശംസയോടെയാണ്. തന്റെ പ്രസംഗത്തിന്റെ ഇടയിൽ അദ്ദേഹം ഇപ്രകാരം കൂട്ടിച്ചേർക്കുന്നു, "സഭയെ നയിക്കുവാനുള്ള ഒരു ഭരണപരിപാടി അവതരിപ്പിക്കുവാനുള്ള സമയമല്ലിത്. എന്റെ ഇഷ്ടങ്ങൾ നിറവേറ്റുകയോ, എന്റെ ആശയങ്ങൾ പിൻചെല്ലുകയോ എന്നതല്ല, മറിച്ച് സഭാസമൂഹത്തോടുചേർന്ന് കർത്താവിന്റെ ഹിതത്തെയും വചനത്തെയും ശ്രവിച്ച് അവനാൽ നയിക്കപ്പെടുക എന്നതാണ്." വചന സന്ദേശത്തിന്റെ അവസാനത്തിൽ തന്റെ മുൻഗാമിയായ വി. ജോൺപോൾ രണ്ടാമൻ പാപ്പയുടെ "ഭയപ്പെടേണ്ട, ക്രിസ്തുവിനുവേണ്ടി വാതിലുകൾ തുറന്നിടുവിൻ" എന്ന ആശയം കടമെടുത്തുകൊണ്ട് ബനഡിക്ട് പാപ്പ ഇപ്രകാരം പറഞ്ഞ് അവസാനിപ്പിക്കുന്നു; "ആയതിനാൽ ഇന്ന് വലിയ ശക്തിയോടും വലിയ ബോധ്യത്തോടുംകൂടി വ്യക്തിപരമായ ജീവിത അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പ്രിയ യുവാക്കളേ നിങ്ങളോട് ഞാൻ പറയുന്നു, ക്രിസ്തുവിനെ ഭയപ്പെടരുത്. അവൻ ഒന്നുംതന്നെ നിങ്ങളിൽ നിന്ന് എടുത്തുമാറ്റുന്നില്ല, മറിച്ച് അവൻ നിങ്ങൾക്ക് എല്ലാം നൽകുന്നു. നമ്മെത്തന്നെ അവന് സമർപ്പിക്കുമ്പോൾ അവൻ നമുക്ക് നൂറുമേനി നൽകുന്നു. ക്രിസ്തുവിലേക്കുള്ള വാതിലുകൾ തുറക്കുക; വിശാലമായി തുറക്കുക. അപ്പോൾ നിങ്ങൾ യഥാർത്ഥ ജീവിതം കണ്ടെത്തും."

ഒരു സാധാരണ ക്രൈസ്തവ വിശ്വാസിക്ക് ക്രിസ്തുവിലേക്കുള്ള വാതിലുകൾ എപ്രകാരം തുറക്കാം എന്ന ചോദ്യത്തിനുള്ള ഉത്തരമാണ് പരിശുദ്ധ ബനഡിക്ട് പാപ്പ രചിച്ച 'നസ്രത്തിലെ യേശു' എന്ന ഗ്രന്ഥം. യേശുവിന്റെ ജനനം തുടങ്ങി സ്വർഗാരോഹണം വരെയുള്ള സംഭവങ്ങളെ രണ്ട് വാല്യങ്ങളിലായും ഒരു മുഖമണ്ഡപമായും അവതരിപ്പിച്ചിരിക്കുന്നു.

**പരിശുദ്ധ ബനഡിക്ട് പാപ്പയുടെ സുദീർഘവും വ്യക്തിപരമായ ക്രിസ്തുവുമായുള്ള ആഴമായ ബന്ധത്തിന്റെ അടയാളമാണ് 'നസ്രത്തിലെ യേശു' എന്ന ഗ്രന്ഥം. മൂന്ന് പ്രാവശ്യം തള്ളിപ്പറഞ്ഞ ശിമയോൻ പത്രോസിനെ സഭയുടെ അമരത്വം ഏൽപ്പിക്കുന്നതിന് മുൻപ് "നീ എന്നെ സ്നേഹിക്കുന്നുവോ" എന്ന് യേശു ചോദിക്കുന്നുണ്ട്. 'ഉവ്വ് കർത്താവേ ഞാൻ നിന്നെ സ്നേഹിക്കുന്നു.' എന്ന് ശിമയോൻ പത്രോസ് ഉത്തരവും നൽകുന്നുണ്ട്. സഭയുടെ 265-ാമത്തെ പാപ്പയായ പരിശുദ്ധ ബനഡിക്ട് പാപ്പ തന്റെ ഈ ലോകജീവിതം അവസാനിക്കുന്നതിന് മുൻപ് ഡിസംബർ മാസം 31-ാം തീയതി വെളുപ്പിന് 3 മണിക്ക് ഉരുവിട്ട അവസാന വാക്യവും ഇതുതന്നെയായിരുന്നു, "കർത്താവേ ഞാൻ നിന്നെ സ്നേഹിക്കുന്നു."**


പത്ത് അധ്യായങ്ങൾ ഉൾക്കൊള്ളുന്ന ഒന്നാമത്തെ വാല്യത്തിൽ യേശുവിന്റെ പരസ്യജീവിതത്തിന് ആരംഭം കുറിക്കുന്ന ജോർദ്ദാൻ നദിയിൽവച്ചുള്ള ജ്ഞാനസ്നാനത്തിൽ ആരംഭിച്ച്, യേശുവിന്റെ പരസ്യജീവിതത്തിലെ മറ്റൊരു പ്രധാന സംഭവമായ രൂപാന്തരീകരണത്തിൽ അവസാനിക്കുന്നു. 2006 സെപ്തംബർ 30 ന് വി.ജെറോമിന്റെ തിരുനാൾ ദിനത്തിലാണ് ഈ ഗ്രന്ഥം അദ്ദേഹം ദൈവരാജ്യത്തിനായി സമ്മാനിച്ചത്. വി. ഗ്രന്ഥത്തെ ലത്തീൻ ഭാഷയിലേക്ക് തർജ്ജമ ചെയ്ത വി.ജെറോം, "വിശുദ്ധ ഗ്രന്ഥത്തെപ്പറ്റിയുള്ള അജ്ഞത ക്രിസ്തുവിനെപ്പറ്റിയുള്ള അജ്ഞത ആണെന്ന്" പഠിപ്പിക്കുന്നു. വിശുദ്ധ ജെറോമിന്റെ ആശയത്തെ ഉദ്ധരിച്ച് പരി. ബനഡിക്ട് പാപ്പ ഇപ്രകാരം പറയുന്നുണ്ട്; "ഓരോ ക്രിസ്ത്യാനിയും വിശുദ്ധ ഗ്രന്ഥത്തിൽ നമുക്കായി നൽകിയിരിക്കുന്ന ദൈവവചനവുമായി നിരന്തര സമ്പർക്കത്തിലും വ്യക്തിപരമായ സംഭാഷണത്തിലും ജീവിക്കേണ്ടത് പ്രധാനമാണ്. കാരണം വി. ഗ്രന്ഥത്തിലൂടെ ദൈവം നമ്മോട് ഓരോരുത്തരോടും വ്യക്തിപരമായി സംസാരിക്കുന്നു. അതിൽ ഓരോരുത്തർക്കും ഒരു സന്ദേശമുണ്ട്." സ്വർഗം തുറക്കപ്പെട്ട് ദൈവീകസ്വരം ശ്ര



വിക്കപ്പെടുന്ന രണ്ട് അനുഭവങ്ങൾക്കിടയിൽ ദൈവം വചനമാകുന്ന ക്രിസ്തുവിലൂടെ നടത്തുന്ന മനോഹരമായ ഒരു സംഭാഷണമാണ് 'നസ്രത്തിലെ യേശു' വാല്യം ഒന്നിൽ കാണുവാൻ സാധിക്കുന്നത്.

ദൈവം പ്രസാദിച്ച പുത്രനിൽ ശ്രദ്ധ കേന്ദ്രീകരിച്ച് വിശ്വാസയാത്ര ആരംഭിച്ച് പ്രിയപുത്രനായ ക്രിസ്തുവിനെ ശ്രവിച്ച് ക്രിസ്തുവിനോടൊപ്പം ആയിരിക്കുവാനുള്ള വലിയ ആഹ്വാനമാണ് ഈ പുസ്തകം.

രണ്ട് സ്വർഗീയ വെളിപ്പെടുത്തലുകൾക്കിടയിൽ സംഭവിക്കുന്ന പരീക്ഷയുടെയും ദൈവരാജ്യസന്ദേശങ്ങളുടെയും പ്രാർത്ഥനയുടെയും ശിഷ്യത്വത്തിന്റെയും ഉപമകളുടെയും അടയാളങ്ങളുടെയും വിശ്വാസ പ്രഖ്യാപനത്തിന്റെയും ആകെ തുകയാണ്, "നസ്രത്തിലെ യേശു" എന്ന ഗ്രന്ഥം. സ്വർഗത്തിന് എന്നും സാധുതയുള്ള സത്യങ്ങൾ ഭൂമിയിൽ പഠിപ്പിക്കുവാൻ ശ്രമിക്കുക" എന്ന വി. ജെറോമിന്റെ വാക്കുകളെ അർത്ഥപൂർണതയിൽ ഉൾക്കൊണ്ട് അത്തരം സത്യങ്ങളുടെ വിപുലവും ദൃഢവുമായ ആവിഷ്കാരമാണ് ഈ ഗ്രന്ഥം.




യേശുവിന്റെ ജെറുസലേമിലേക്കുള്ള രാജകീയ പ്രവേശനത്തിൽ ആരംഭിച്ച്, അവിടത്തെ മഹത്വപൂർണമായ ഉത്ഥാനവും സ്വർഗാരോഹണവും ഉൾക്കൊള്ളുന്ന പെസഹാ രഹസ്യങ്ങളുടെ ചുരുളഴിയുന്ന ഗ്രന്ഥമാണ് 'നസ്രത്തിലെ യേശു' രണ്ടാം വാല്യം. 2010 ഏപ്രിൽ 25 ന് വി. മാർക്കോസിന്റെ തിരുനാൾ ദിനത്തിലാണ് പരിശുദ്ധ പിതാവ് ഈ ഗ്രന്ഥം ദൈവജനത്തിന് സമ്മാനിച്ചത്. ദൈവപുത്രനായ യേശുക്രിസ്തുവിൽ നിന്നും (മർക്കോ 1:1) കർത്താവായ (ദൈവമായ) യേശുവിലേക്കുള്ള (മാർക്കോ. 16:19) ഒരു യാത്രയാണ് ആദ്യ സുവിശേഷമായ വി. മാർക്കോസിന്റെ സുവിശേഷം. യേശുവിന്റെ പരസ്യജീവിതത്തിലെ അവസാന മണിക്കൂറുകളെ 9 അദ്ധ്യായങ്ങളിലായി പാപ്പ അവതരിപ്പിക്കുന്നു. ജെറുസലേമിലേക്കുള്ള രാജകീയ പ്രവേശനവും തുടർന്നുള്ള ശുദ്ധീകരണവും രണ്ടാം വരവും, പാദം കഴുകലും, പൗരോഹിത്യ പ്രാർത്ഥനയും അന്ത്യ അത്താഴവും, ഗത്സമനിയും, വിചാരണയും, കുരിശുമരണവും സംസ്കാരവും മഹത്വപൂർണമായ ഉത്ഥാനവും ഉൾക്കൊള്ളുന്ന ഒരു മഹത്തായ ഗ്രന്ഥമാണിത്. ജെറുസലേം യാത്ര സഹനങ്ങളുടെയും തിരസ്കാരങ്ങളുടെയും ഒറ്റപ്പെടുത്തലിന്റെയും അനുഭവം നമുക്ക് നൽകുമെങ്കിലും നമ്മെ കാത്തിരിക്കുന്നത് ഉത്ഥാനത്തിന്റെ സന്തോഷമാണെന്ന് പാപ്പ വ്യക്തമാക്കുന്നു. അദ്ദേഹത്തിന്റെ വാക്കുകളിൽ "യേശുവിന്റെ മുറിവുകളിൽ, സ്പർശിക്കുകയും അവന്റെ ഉത്ഥാനത്തെ അഭിമുഖീകരിക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ നമുക്ക് യേശുവിന്റെ സന്ദേശങ്ങളെ ശ്രവിക്കുവാനും അവയെ നമ്മുടെ ദൗത്യങ്ങളായി മാറ്റുവാനും സാധിക്കുകയുള്ളൂ."

2012 ആഗസ്റ്റ് 15 ന് പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണ തിരുനാൾ ദിനത്തിലാണ് യേശുവിന്റെ ബാല്യകാല വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു പുസ്തകം പരിശുദ്ധ പിതാവ് ദൈവജനത്തിന് സമർപ്പിച്ചത്. ഈ പുസ്തകം 'നസ്രത്തിലെ യേശു' എന്ന ഗ്രന്ഥത്തിന്റെ മൂന്നാം വാല്യം അല്ല, മറിച്ച് രണ്ട് പ്രധാന വാല്യങ്ങളിലേക്ക് കടക്കുവാനുള്ള ഉപശാലയാണ്. നീ എവിടെ നിന്നാണ്? (യോഹ. 19:9) എന്ന പിലാത്തോസിന്റെ ചോദ്യത്തിൽ ആരംഭിച്ച് യേശുവിന്റെ ജനനത്തെപ്പറ്റിയുള്ള അറിയിപ്പ്, ബത്‌ലഹേമിലെ യേശുവിന്റെ ജനനം, ജ്ഞാനികളുടെ സന്ദർശനം, ഈജിപ്തിലേക്കുള്ള പലായനം, എന്നിവയോടൊപ്പം 12 വയസായ യേശുവിന്റെ ജെറുസലേം ദൈവാലയ സംഭവങ്ങളെ ഒരു ഉപസംഹാരമായും ഗ്രന്ഥത്തിൽ അവതരിപ്പിച്ചിരിക്കുന്നു. യേശുവിന്റെ ബാല്യകാലത്തെപ്പറ്റിയുള്ള ഒരു സമ്പൂർണവിവരണമാണ് ഈ ഗ്രന്ഥം.

പരിശുദ്ധ ബനഡിക്ട് പാപ്പയുടെ സുദീർഘവും വ്യക്തിപരമായി ക്രിസ്തുവുമായുള്ള ആഴമായ ബന്ധത്തിന്റെ അടയാളമാണ് 'നസ്രത്തിലെ യേശു' എന്ന ഗ്രന്ഥം. മൂന്ന് പ്രാവശ്യം തള്ളിപ്പറഞ്ഞ ശിമയോൻ പത്രോസിനെ സഭയുടെ അമരത്വം ഏൽപ്പിക്കുന്നതിന് മുൻപ് "നീ എന്നെ സ്നേഹിക്കുന്നുവോ?" എന്ന് യേശു ചോദിക്കുന്നുണ്ട്. 'ഉവ്വ് കർത്താവേ ഞാൻ നിന്നെ സ്നേഹിക്കുന്നു.' എന്ന് ശിമയോൻ പത്രോസ് ഉത്തരവും നൽകുന്നുണ്ട്. സഭയുടെ 265-ാമത്തെ പാപ്പയായ പരിശുദ്ധ ബനഡിക്ട് പാപ്പ തന്റെ ഈ ലോകജീവിതം അവസാനിക്കുന്നതിന് മുൻപ് ഡിസംബർ മാസം 31-ാം തീയതി വെളുപ്പിന് 3 മണിക്ക് ഉരുവിട്ട അവസാന വാക്യവും ഇതുതന്നെയായിരുന്നു, "കർത്താവേ ഞാൻ നിന്നെ സ്നേഹിക്കുന്നു." യേശു എന്ന വ്യക്തിയെ ആഴത്തിൽ സ്നേഹിച്ച പിതാവിന്റെ ഹൃദയ വിചാരവികാരങ്ങളുടെ ഉദാത്തമായ പ്രതിപാദനമാണ് 'നസ്രത്തിലെ യേശു.' ഇത്തരം ഒരു ഗ്രന്ഥം. നമുക്ക് നൽകിയ പരിശുദ്ധ ബനഡിക്ട് പിതാവിന് നന്ദിയും പ്രാർത്ഥനയും. ■

# കവര്

കണ്ണിനു കൗതുകം, കവര്
കവിതയൂറുന്ന കടലഴക്, കവര്
കൈക്കുമ്പിളിൽ കോരിയെടുക്കവേ
കണ്ണുനീർത്തുള്ളിയായി കിനിയുന്നു, കവര്.

ആകാശഗംഗ പതഞ്ഞൊഴുകി
കരകവിഞ്ഞ് കടലിൽ പതിച്ചതാകാം
വഴിമാറിവന്ന വസന്തകാലം
ജലധിയിൽ മലർവാടി തീർത്തതാകാം.

ആപാദചൂഢം ഇരുൾ ചൂഴ്ന്ന രാത്രിയിൽ
പിച്ചവയ്ക്കും തീരപ്പൈതങ്ങൾക്ക്
വഴിതെറ്റാതെ തീരമണയാൻ
അമ്മക്കടൽ കത്തിച്ച
കൊതുമ്പു പന്തങ്ങളാകാം.

വിരഹ വിദൂര ഭൂഖണ്ഡങ്ങളിലെവിടെനിന്നോ
വാത്സല്യ വാരിധിയമ്മയെ പുതപ്പിക്കാൻ
വിഷാദമേഘ സുതനൻപോടെ നെയ്തെടുത്ത
വെള്ളിനക്ഷത്രപ്പുതപ്പോ, കവര്?

കടൽ കണ്ട് തിരയെണ്ണി
മണൽ സൗധങ്ങൾ പണിതും
ചുംബിച്ചുകൊണ്ടൽചുണ്ടിനെ
ചുമപ്പിച്ചുല്ലാസ യാത്രികരായി മടങ്ങുവോർക്ക്
കണ്ണിൽ തുടങ്ങി കണ്ണിലേതോ
അജ്ഞാത ബിന്ദുവിലൊടുങ്ങും
നിമിഷാർദ്ധക്കാഴ്ച; കവര്.

അന്തസ്സാരച്ചിപ്പിയിൽ കടലിരമ്പുവോർക്കുമുന്നിൽ
തുറക്കുന്നു വിഷ്ടപം
അറിവിന്റെ ആത്മബോധത്തിന്റെ
വിജ്ഞാനവിസ്മയ നിധികുംഭം!

ജലപ്പരപ്പിൽ ചലിച്ച പ്രാണത്തുടിപ്പുകൾ
ആദിബ്രഹ്മം നട്ടു നനച്ച വിത്തുകൾ
പുല്ല്
പുൽച്ചാടി
ഭേഗി
പാമ്പ്
പരുന്ത്
ഭുവന ജീവന്റെ സഹസ്ഥിതിത്താളത്തി-
ന്നമരത്ത് മരുവുന്നു, കവര്.

കാണുന്ന കാഴ്ചകൾ വിരളം, വിരസം
കാണാത്ത കാഴ്ചകളധികം, അപാരം
കടൽത്തിളക്കത്തിൽ തിളങ്ങും
ജീവ സ്വദനത്തിരയിളക്കം കാണാൻ
വേണം അകക്കണ്ണധികമൊന്ന്
അകക്കണ്ണിനു വേണമൊരു ഭൂതക്കണ്ണാടിയും.

പക്ഷം കത്തിക്കരിഞ്ഞുവീണ ഉരഗപ്പറവകൾ
ഭൂഗർഭങ്ങളിലെവിടെയോ മറഞ്ഞ മാമ്മോത്തുകൾ
കാല പ്രവാഹത്തെ നീന്തിക്കടക്കുന്നു
നീലപ്രകാശ ചിരാതുകൾ, കവര്.

വേട്ടയ്ക്കിറങ്ങുന്ന ഭീകര സത്വങ്ങൾ
കാകോളം തുപ്പുന്ന കമ്പനി സർപ്പങ്ങൾ
സ്വൈരജീവിതം തകർന്ന അടിത്തട്ടുജീവികൾ
ചെറിയവർ, കവര്.

നീലക്കുറിഞ്ഞിപോൽ പൂക്കുന്നു, കവര്
ജൈവപ്രകാശമായി തെളിയുന്നു, കവര്
തീപ്പത്തിപോൽ കത്തിപ്പടരുന്നു
കടൽജീവ ഭാഷയായി, കവര്.

കത്തുന്നവർ സ്വയം പന്തങ്ങളായി
പ്രതിരോധ മതിലായി ഉയരുന്നു ചുറ്റും
വംശക്കെടുതിയുടെ ഭീകര സത്യം
സത്യമായി ചൊല്ലുന്നാ മിണ്ടാപ്രാണികൾ.

തകർക്കുന്നു സ്വപ്നഗേഹങ്ങളവരുടെ
വികസന ഭ്രാന്തുകൾ, പുത്തൻ പ്രയോഗങ്ങൾ
അടിവേരറുക്കാൻ എത്തുന്നവരോട്
വേരറ്റുപോകാൻ മനസ്സില്ല ഞങ്ങൾക്ക്
വഴിമാറി നിൽക്കൂ വർഗ്ഗശത്രുക്കളേയെന്നാർത്തു
ഗർജ്ജിക്കും കടൽ ഭാഷ, കവര്.



**ഗ്ലേവിയസ്
അലക്സാണ്ടർ**

* *കവര് : Sea Sparkle*

## ലേഖനം



**ബനഡിക്ട് പതിനാറാമൻ:**
**കർത്താവിന്റെ മുന്തിരിത്തോപ്പിലെ**
**വിനീതനായ ഒരു വേലക്കാരൻ...**
**നേരിന്റെ അനുയാത്രികൻ...**

# ഒരു വിശുദ്ധ ജീവിതത്തിന്റെ നാൾവഴികൾ



**ഷാജി ജോർജ്ജ്**

ഊണുമുറിയിൽ ഇരുന്നു പ്രാതൽ കഴിച്ചുകൊണ്ടിരിക്കുമ്പോഴാണ് ജോൺ പോൾ ഒന്നാമൻ പാപ്പയുടെ ദേഹവിയോഗത്തെക്കുറിച്ച് കർദ്ദിനാൾ കരോൾ വോയ്റ്റീവ അറിയുന്നത്. 1978 ആഗസ്റ്റ് 26 മുതൽ സെപ്റ്റംബർ 28 വരെയുള്ള 33 ദിവസങ്ങൾ മാത്രം റോമൻ കത്തോലിക്കാ സഭയുടെ തലവനായി വാണു ജോൺ പോൾ ഒന്നാമൻ.

ക്രാക്കോവ് അതിരൂപതയുടെ ചാൻസലർ ആയിരുന്ന ഫാ. സസ്‌ലാവ് ഒബ്ടുലോവിക്സാണ് ആ വാർത്ത അദ്ദേഹത്തെ അറിയിച്ചത്. ഒരു നിമിഷം കർദ്ദിനാൾ കരോൾ വോയ്റ്റീവ സ്തബ്ധനായിപ്പോയി. പിന്നെ മെല്ലെ അദ്ദേഹം പറഞ്ഞു: 'ദൈവത്തിന്റെ വഴികൾ വിചിത്രങ്ങളായി നമുക്ക് തോന്നാം അവിടുത്തെ നിശ്ചയങ്ങൾ ശിരസ്സ് നമിച്ചു നമുക്ക് സ്വീകരിക്കാം.'

1978ലെ രണ്ടാം കോൺക്ലേവിൽ കർദ്ദിനാൾ കരോൾ വോയ്റ്റിവയും മ്യൂണിക്കിലെ ആർച്ച്ബിഷപ്പ് കർദ്ദിനാൾ ജോസഫ് റാറ്റ്സിംഗറുമുണ്ട്.

ഇറ്റലിക്ക് പുറത്തുനിന്നുള്ള ഒരു പാപ്പയായി കർദ്ദിനാൾ വോയ്റ്റിവയെ തിരഞ്ഞെടുത്തതും ജോൺപോൾ രണ്ടാമൻ എന്ന പേരിൽ രണ്ടര പതിറ്റാണ്ട് കത്തോലിക്കാ സഭയെ നയിച്ചതും അത്ഭുതകാര്യം തന്നെയാണ്. അദ്ദേഹത്തിന്റെ പിൻതുടർച്ചക്കാരനായി തിരഞ്ഞെടുക്കപ്പെട്ട

# പോപ്പ് ബെനഡിക്ട് പതിനാറാമൻ

## (16 ഏപ്രിൽ 1927– 31 ഡിസംബർ 2022)



**2005** ഏപ്രിൽ 19 മുതൽ 2013 ഫെബ്രുവരി 28 ന് രാജി വയ്ക്കുന്നതുവരെ കത്തോലിക്കാ സഭയുടെ തലവനും വത്തിക്കാൻ സിറ്റി സ്റ്റേറ്റിന്റെ പരമാധികാരിയും. ജോൺ പോൾ രണ്ടാമൻ പാപ്പയുടെ മരണത്തെ തുടർന്നുള്ള 2005 ലെ പേപ്പൽ കോൺക്ലേവിലാണ് ബെനഡിക്ട് പാപ്പയായി തിരഞ്ഞെടുക്കപ്പെട്ടത്. യഥാർത്ഥ നാമം : ജോസഫ്അലോഷ്യസ് റാറ്റ് സിംഗർ. 1951 ൽ ജന്മനാടായ ബവേറിയയിൽ വൈദികനായി നിയമിതനായ റാറ്റ് സിംഗർ അക്കാദമിക് ജീവിതം ആരംഭിക്കുകയും 1950 കളുടെ അവസാനത്തോടെ അറിയപ്പെടുന്ന ദൈവശാസ്ത്രജ്ഞനായി മാറുകയും ചെയ്തു. 1958 ൽ 33-ാം വയസ്സിൽ പ്രൊഫസറായി നിയമിതനായി. നിരവധി ജർമ്മൻ സർവകലാശാലകളിൽ ദൈവശാസ്ത്ര പ്രൊഫസറായി ദീർഘകാലം ജോലിചെയ്ത ശേഷം, മ്യൂണിക്കിലെയും ഫ്രൈസിംഗിലെയും ആർച്ച് ബിഷപ്പായി നിയമിതനായി. 1977 ൽ കർദ്ദിനാളായി. 1981 ൽ റോമൻ ക്യൂറിയയുടെ എറ്റവും പ്രധാനപ്പെട്ട ഡികാസ്റ്ററികളിലൊന്നായ കോൺഗ്രിഗേഷൻ ഫോർ ദി ഡോക്ട്രിൻ ഓഫ് ദി ഫെയ്ത്തിന്റെ പ്രിഫെക്ടായി. 2002 മുതൽ പാപ്പയായി തെരഞ്ഞെടുക്കപ്പെടുന്നതുവരെ കർദ്ദിനാളന്മാരുടെ കോളേജിന്റെ ഡീൻ കൂടിയായിരുന്നു. ജോൺപോൾ രണ്ടാമന്റെ ഏറ്റവും അടുത്ത വിശ്വസ്തരിൽ ഒരാളെന്ന നിലയിൽ സഭയുടെ മുൻഗണനകളും ദിശാസൂചനകളും നിശ്ചയിക്കുന്ന കാര്യത്തിൽ അദ്ദേഹത്തിന് സ്വാധീനം ഉണ്ടായിരുന്നു. പോപ്പ് ബെനഡിക്ടിന്റെ രചനകൾ സമൃദ്ധവും പരമ്പരാഗത കത്തോലിക്കാ സിദ്ധാന്തം, മൂല്യങ്ങൾ, ആരാധനാക്രമം എന്നിവയെ പിൻതുടരുന്നവയുമായിരുന്നു. കത്തോലിക്കാ സഭയുടെ പ്രാധാന്യവും ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ചുള്ള ധാരണയും അദ്ദേഹം പഠിപ്പിച്ചു. ട്രിഡെന്റൈൻ കുർബാന ഉൾപ്പെടെ നിരവധി പാരമ്പര്യങ്ങളെ പുനരുജ്ജീവിപ്പിച്ചു. കത്തോലിക്കാ സഭയും കലയും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തി. പരമ്പരാഗത പാപ്പ വസ്ത്രങ്ങൾ വീണ്ടും അവതരിപ്പിച്ചു. അതിനാലാണ് അദ്ദേഹത്തെ 'സൗന്ദര്യശാസ്ത്രത്തിന്റെ പോപ്പ്' എന്നു വിളിച്ചത്. 1980 കളുടെ മധ്യം മുതൽ അദ്ദേഹം 'സഭയിലെ പ്രധാന ബൗദ്ധികശക്തി' എന്ന് വിശേഷിപ്പിക്കപ്പെട്ടു. 2013 ഫെബ്രുവരി 11 ന്, പ്രായാധിക്യം കാരണം 'മനസ്സിന്റെയും ശരീരത്തിന്റെയും ബലക്കുറവ്' ചൂണ്ടിക്കാട്ടി രാജി പ്രഖ്യാപിച്ചു. രാജിയെത്തുടർന്ന് 'പോപ്പ് എമരിറ്റസ്' എന്ന് അറിയപ്പെട്ടു. 2022 ഡിസംബറിൽ മരിക്കുന്നതുവരെ ഈ പദവി നിലനിർത്തി. ■



*ബെനഡിക്ട് പാപ്പായും മദർ തെരേസയും*

തോ കർദ്ദിനാൾ ജോസഫ് റാറ്റ് സിംഗറും. എല്ലാം ദൈവ നിശ്ചയം തന്നെ.

രണ്ടാം വത്തിക്കാൻ സൂനഹദോസ് കാലഘട്ടത്തിൽ പരസ്പരം കണ്ടിരിക്കാൻ സാധ്യതയുണ്ടെങ്കിലും കർദ്ദിനാൾ ജോസഫ് റാറ്റ്സിംഗറും കർദ്ദിനാൾ കരോൾ വോയ്റ്റീവയും തമ്മിൽ ഗൗരവപൂർവമായ ആദ്യത്തെ കൂടിക്കാഴ്ച നടക്കുന്നത് 1978ലെ ഒന്നാം കോൺക്ലേവിലായിരുന്നിരിക്കണം. പക്ഷേ, അതിനുമുമ്പുതന്നെ അവർ പരിചയപ്പെട്ടിരുന്നു. വിദ്യാഭ്യാസകാലത്ത് റാറ്റ്സിംഗർ ഏറെ ഇഷ്ടപ്പെടുകയും പിൽക്കാലം അദ്ദേഹത്തിന്റെ സുഹൃത്തായിത്തീരുകയും ചെയ്ത ജോസഫ് പീപ്പർ എന്ന ജർമൻ തത്വചിന്തകനാണ് അതിനു തുടക്കമിട്ടുകൊടുത്തത്. 1974ൽ ഇറ്റലിയിൽ നടന്ന ഫിലോസഫിക്കൽ കോൺഗ്രസിനുശേഷം റാറ്റ്സിംഗർക്കു പീപ്പർ ഒരു കത്തയച്ചു. ക്രാക്കോവിലെ ആർച്ച്ബിഷപ്പായ കരോൾ വോയ്റ്റീവയുമായി പരിചയപ്പെട്ടിരിക്കുന്നതു നല്ലതാണെന്നു നിർദ്ദേശിച്ചുകൊണ്ടുള്ളതായിരുന്നു കത്ത്. താത്വികനെന്ന നിലയിൽ വേയ്റ്റീവ ഇതിനകം പ്രശസ്തനായിരുന്നു. പീപ്പർക്ക് അദ്ദേഹത്തെക്കുറിച്ചു വലിയ മതിപ്പുമായിരുന്നു. ക്രമേണ വോയ്റ്റീവയും റാറ്റ്സിംഗറും പരസ്പരം പുസ്തകങ്ങൾ കൈമാറാൻ തുടങ്ങി. 1976ൽ റോമിലെ അപ്പസ്തോലിക് അരമനയിൽ നോമ്പുകാലധ്യാനം നടത്താൻ കർദ്ദിനാൾ വേയ്റ്റീവയെ പോൾ ആറാമൻ പാപ്പ ക്ഷണിച്ചപ്പോൾ അതിന് അദ്ദേഹം ആധാരമാക്കിയത് റാറ്റ്സിംഗറുടെ 'ഇൻട്രോഡക്ഷൻ ടു ക്രിസ്ത്യാനിറ്റി' എന്ന ഗ്രന്ഥമാണ്. 1977ൽ റോമിൽ ബിഷപ്പുമാരുടെ സിനഡിൽ ഹ്രസ്വമായി ഇരുവരും കണ്ടുമുട്ടി. പക്ഷേ, അവർ പരസ്പരം കൂടുതൽ അറിഞ്ഞത് 1978 ലെ ഒന്നാം കോൺക്ലേവിലായിരുന്നു.

തിരുസഭയുടെ ചരിത്രത്തിൽ ഇരുപതാം നൂറ്റാണ്ടിൽ നടന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രാധാന്യം പ്രത്യേകം പറയേണ്ടതില്ലല്ലോ.1959ൽ പന്ത്രണ്ടാം പീയൂസ് പാപ്പായുടെ പിൻഗാമിയായി പത്രോസിന്റെ ശ്ലൈഹിക സിംഹാസനത്തിൽ അവരോധിക്കപ്പെട്ട ജോൺ ഇരുപത്തിമൂന്നാമൻ പാപ്പയാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിച്ചുകൂട്ടാനുള്ള തീരുമാനം സ്ഥാനാരോഹത്തിന്റെ മൂന്നാം മാസം പ്രഖ്യാപിച്ചത്. തുടർന്ന് മൂന്നു വർഷങ്ങളിലെ ഒരുക്കങ്ങൾക്ക് ശേഷമാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ നടന്നത്. ജോൺ ഇരുപത്തിമൂന്നാമൻ പാപ്പ 1962 ഒക്ടോബർ 11ന് തുടക്കം കുറിച്ച് പോൾ ആറാമൻ പാപ്പ 1965 ഡിസംബർ എട്ടിന് സമാപിച്ച രണ്ടാം വത്തിക്കാൻ കൗൺസിലിൽ ഓരോ വർഷവും ഓരോ സെഷനുകളിലായാണ് സൂനഹദോസ് പിതാക്കന്മാർ സമ്മേളിച്ചത്. ലോകമെങ്ങുമുള്ള മെത്രാന്മാരും പ്രമുഖ സന്യാസ സഭകളുടെ സുപ്പീരിയർമാരും ആണ് വോട്ടവകാശത്തോടെ സൂനഹദോസിൽ പങ്കെടുത്തത്. ഇവരെ കൂടാതെ ഓർത്തോഡോക്സ് പൊട്ടസ്റ്റന്റ്സ് സഭകളിൽനിന്ന് 17 നിരീക്ഷകരും ഉണ്ടായിരുന്നു. ഇവരോടൊപ്പം ദൈവശാസ്ത്ര വിഷയങ്ങളിൽ അഗാധ ജ്ഞാനമുള്ളവരെ 'പെരീത്തി' (Peritae) എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി സൂനഹദോസിൽ പങ്കെടുപ്പിച്ചിരുന്നു. 36 വയസ്സുകാരനായ ഫാ ജോസഫ് റാറ്റ്സിംഗർ ഈ ഗണത്തിലാണ് രണ്ടാം വത്തിക്കാൻ സൂനഹദോസിൽ പങ്കെടുത്തത്. സെന്റ് പീറ്റേഴ്സ് ബസ്ലീക്കയുടെ ഉൾവശം ഒരു സ്റ്റേഡിയത്തിൽ എന്നപോലെ തട്ടുകളായി തിരിച്ച് 2908 ഇരിപ്പിടങ്ങൾ രൂപപ്പെടുത്തി. 2540 സൂനഹദോസ് പിതാക്കന്മാരാണ് ആദ്യസെഷനിൽ പങ്കെടുത്തത്. സൂനഹദോസിന്റെ ഒന്നാം സെഷൻ 1962 ഡിസംബർ എട്ടിന് അവസാനിച്ചു. അടുത്ത സെഷന് വേണ്ടിയുള്ള ഒരുക്കങ്ങൾ നടന്നുകൊണ്ടിരുന്നപ്പോൾ 1963 ജൂൺ മൂന്നിന് ജോൺ ഇരുപത്തിമൂന്നാമൻ പാപ്പ ദിവംഗതനായി. 1963 ജൂൺ 21ന് തെരഞ്ഞെടുക്കപ്പെട്ട പോൾ ആറാമൻ പാപ്പ രണ്ടാം വത്തിക്കാൻ കൗൺസിൽ തുടരുകതന്നെ ചെയ്യുമെന്ന് പ്രഖ്യാപിച്ചു. 1963 സെപ്റ്റംബർ 29ന് രണ്ടാം സെഷന് പോൾ ആറാമൻ പാപ്പ തുടക്കം കുറിച്ചു. സഭയുടെ വാതായനങ്ങൾ തുറക്കപ്പെട്ടു. മാറ്റത്തിന്റെ കാറ്റ് വീശി. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖകൾ രൂപപ്പെടുത്തുന്നതിൽ ഫാ. ജോസഫ് റാറ്റ് സിംഗറിന്റെ ഇടപെടലുകൾ പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു. റേഗൻസ്ബർഗ് സർവ്വകലാശാലയിൽ അധ്യാപകനായിരുന്ന ഫാ. ജോസഫ് റാറ്റ്സിംഗറെ 1977 മാർച്ച് 24ന് പോൾ ആറാമൻ പാപ്പ മ്യൂണിക് ഫ്രൈസിംഗ് അതിരൂപതയുടെ ആർച്ചു ബിഷപ്പായി നിയമിച്ചു. മെയ് 28ന് അദ്ദേഹം ചുതലയേറ്റെടുത്തു. മാസങ്ങൾ നീണ്ടില്ല 1977 ജൂൺ 27ന് സഭയുടെ രാജകുമാരനായി (കർദ്ദിനാൾ) ആർച്ച്ബിഷപ് ജോസഫ് റാറ്റ്സിംഗർ ഉയർത്തപ്പെട്ടു.

15 വർഷങ്ങളിലെ പരമാചാര്യ ശുശ്രൂഷയ്ക്ക് വിട ചൊല്ലി 1978 ഓഗസ്റ്റ് ആറിന് പോൾ ആറാമൻ പാപ്പ ദി

വംഗതനായി.

തുടർന്ന് നടന്ന കോൺക്ലേവിൽ ഈ നൂറ്റാണ്ടിൽ കത്തോലിക്കാ സഭയെ നയിച്ച മൂന്ന് വ്യക്തികളുടെ സമാഗമം നടന്നു എന്നുള്ളത് പ്രത്യേകം പരാമർശിക്കേണ്ട കാര്യം തന്നെയാണ്. ആ കോൺക്ലേവിൽ വെനീസിലെ കർദ്ദിനാൾ ആൽബിനോ ലൂച്ചിയാനി പുതിയ പാപ്പയായി തിരഞ്ഞെടുക്കപ്പെട്ടു. ജോൺ പോൾ ഒന്നാമൻ എന്ന പേരിൽ 1978 സെപ്റ്റംബർ മൂന്നിന് ചുമതല ഏറ്റെടുത്തു. 'പുഞ്ചിരിക്കുന്ന പാപ്പ' എന്ന് ലോകം വിശേഷിപ്പിച്ച അദ്ദേഹം ഏവരെയും ദുഃഖത്തിലാഴ്ത്തി തെരഞ്ഞെടുക്കപ്പെട്ടതിന്റെ മുപ്പത്തിമൂന്നാം ദിവസം ഈ ലോകത്തോട് വിട പറഞ്ഞു. തുടർന്ന് നടന്ന 1978ലെ രണ്ടാമത്തെ കോൺക്ലവിൽ പോളണ്ടിലെ ക്രാക്കോവ് അതിരൂപതാ അധ്യക്ഷനായ കർദ്ദിനാൾ വോയ്റ്റീവ പത്രോസിന്റെ പിൻഗാമിയായി തിരഞ്ഞെടുക്കപ്പെട്ടു. 58 വയസ്സുകാരനായിരുന്ന അദ്ദേഹം ജോൺപോൾ രണ്ടാമൻ എന്ന പേരാണ് സ്വീകരിച്ചത്. പുതിയ പാപ്പ തന്നെ സഹായിക്കാൻ കർദ്ദിനാൾ റാറ്റ്സിംഗറെ വത്തിക്കാനിലേക്ക് ക്ഷണിച്ചെങ്കിലും ആദ്യ വർഷങ്ങളിൽ അദ്ദേഹം മടികാണിച്ചു. പിന്നീട് ശക്തമായ നിർബന്ധത്തെ തുടർന്ന് വിശ്വാസസത്യങ്ങൾക്കായുള്ള തിരുസംഘത്തിന്റെ അധ്യക്ഷനായി 1982ൽ റോമാ കൂരിയയിൽ എത്തി. വിശുദ്ധ ജോൺപോൾ രണ്ടാമന്റെ അജപാലന ശുശ്രൂഷയ്ക്ക് അദ്ദേഹം നൽകിയ പിന്തുണയും സഹായവും വിസ്മരിക്കാനാവാത്തതാണ്. അദ്ദേഹത്തിന്റെ പിൻഗാമിയാകാൻ സർവഥാ യോഗ്യൻതന്നെയായിരുന്നു കർദ്ദിനാൾ റാറ്റ്സിംഗർ.



കർത്താവിന്റെ മുന്തിരിത്തോപ്പിലെ വിനീതനായ ഒരു വേലക്കാരൻ എന്ന് സ്വയം പരിചയപ്പെടുത്തിക്കൊണ്ടാണ് ബനഡിക്ട് പതിനാറാമൻ എന്ന പേര് സ്വീകരിച്ച് കർദ്ദിനാൾ ജോസഫ് റാറ്റ്സിംഗർ തന്റെ അജപാലന ദൗത്യം ആരംഭിച്ചത്. 'നേരിന്റെ അനുയാത്രികൻ' എന്ന ആപ്തവാക്യമാണ് ബനഡിക്ട് പതിനാറാമൻ സ്വീകരിച്ചത്. ലോകത്തുണ്ടായ പ്രത്യേകിച്ച് വിവരസാങ്കേതിക രംഗത്തെ മാറ്റങ്ങൾ അതിവേഗം ഉൾക്കൊണ്ട് തന്റെ അജപാലന ദൗത്യം നിർവഹിച്ചു. യൂട്യൂബും ടിറ്ററും ആദ്യമായി ഉപയോഗിക്കുന്ന പോപ്പ് എന്ന ചരിത്രവും അദ്ദേഹം കുറിച്ചു.

വ്യക്തികേന്ദ്രീകൃതമായ ജീവചരിത്രരചനയ്ക്കപ്പുറം കത്തോലിക്കാ സഭയുടെയും പേപ്പസിയുടെയും ചരിത്രത്തിലേക്കും ദർശനങ്ങളിലേക്കും ആഴക്കാഴ്ച നൽകുന്നതാണ് ഇഗ്നേഷ്യസ് ഗോൺസാൽവസിന്റെ 'ബനഡിക്ട് പതിനാറാമൻ' എന്ന പുസ്തകം.

പത്രപ്രവർത്തകന്റെ സൂക്ഷ്മദർശനം, ചരിത്രകാരന്റെ അന്വേഷണപരത, വിശ്വാസിയുടെ പ്രതിബദ്ധത ഇവ ഈ പുസ്തകത്തിന്റെ അടിസ്ഥാനശിലകളാണ്.

വിശദമായ അടിക്കുറിപ്പുകളോടെ 272 പേജുകൾ ഉള്ള 'ബനഡിക്ട് പതിനാറാമൻ' എന്ന പുസ്തകം ഇഗ്നേഷ്യസ് ഗോൺസാൽവസിന്റെ രചനകളിൽ ഏറ്റവും ശ്രദ്ധേയമായതാണ്. അവസാനത്തെ അധ്യായത്തിൽ ഗോൺസാൽവസ് ഇങ്ങനെ കുറിക്കുന്നു:

'സ്ഥാനാരോഹണത്തിനിടെ പരിശുദ്ധ പിതാവ് നടത്തിയ പ്രൗഢഗംഭീരമായ പ്രസംഗം ലോകത്തിന്റെ ഹൃദയം കവരുക തന്നെ ചെയ്തു. ആപേക്ഷികതയുടെ സ്വേച്ഛാധിപത്യത്തിനെതിരെ ആഞ്ഞടിച്ചുകൊണ്ട് നടത്തിയ പ്രസംഗത്തിൽനിന്ന് സ്വരത്തിലും സമീപനത്തിലും ഉള്ളടക്കത്തിലും വളരെ ഭിന്നമാണല്ലോ ഇതെന്ന് ലോകം അദ്ഭുതം കൂറി. വിശേഷിച്ചും ബനഡിക്ട് പതിനാറാമന്റെ വിമർശകർ. തന്റെ ഇഷ്ടം നടപ്പാക്കുകയോ തന്റെ ആശയങ്ങൾ പിൻചെല്ലുകയോ അല്ല തന്റെ ലക്ഷ്യമെന്ന് പരിശുദ്ധ പിതാവ് പറഞ്ഞു. 'മറിച്ച്, സഭയോടൊപ്പം കർത്താവിന്റെ സ്വരത്തിന് കാതോർത്ത് അവിടത്തെ തിരുച്ചിത്തം നടപ്പാക്കുകയാവും എന്റെ ഭരണപരിപാടി.'

ഓർക്കാപ്പുറത്ത് പലതും ബനഡിക്ട് പതിനാറാമന്റെ വാഴ്ചയിൽ സംഭവിക്കുമെന്ന് പ്രതീക്ഷിക്കുന്നവരുണ്ടായിരുന്നു. സഭയുടെ അടിസ്ഥാന വിശ്വാസ പ്രമാണങ്ങളിൽ ഉറച്ചുനിന്നുകൊണ്ടുതന്നെയാകും അദ്ദേഹം ഈ അദ്ഭുതങ്ങൾ സംഭവമാക്കുകയെന്ന് അവർ ചൂണ്ടിക്കാട്ടി.

ഗോൺസാൽവസിന്റെ വാക്കുകൾ സത്യമായി. 2013 ഫെബ്രുവരി 28ന് കത്തോലിക്കാ സഭയുടെ പരമാധ്യക്ഷസ്ഥാനം രാജിവെച്ചുകൊണ്ട് പോപ്പ് ബനഡിക്ട് പതിനാറാമൻ ലോകത്തെ ഞെട്ടിച്ചു. അദ്ദേഹം നയിച്ച ജീവിതം അത്ഭുതം തന്നെയാണ്. ഒരു വിശുദ്ധ ജീവിതത്തിന്റെ നാൾവഴികളാണവ. ■



*ബെനഡിക്ട് പാപ്പ*
*സൗദി രാജാവ് അബ്ദുള്ളയോടൊപ്പം*



**വിശുദ്ധ ഫ്രാൻസിസ് ഡി. സാലസിന്റെ 400-ാം ചരമവാർഷികത്തിൽ ഫ്രാൻസിസ് പാപ്പ എഴുതിയ അപ്പസ്തോലിക ലേഖനത്തെ ആസ്പദമാക്കിയുള്ള കുറിപ്പ്**

# 'സ്നേഹമാണഖിലവും'



ഫാ. ലോറൻസ് കുലാസ്

വിശുദ്ധ ഫ്രാൻസിസ് ഡി. സാലസിന്റെ നാന്നൂറാം ചരമ വാർഷികവേളയിൽ 'Totum Amoris Est' (Love is Everything – സ്നേഹമാണഖിലവും) എന്ന പേരിൽ ഒരു അപ്പസ്തോലിക ലേഖനം പ്രകാശനം ചെയ്തിരിക്കുന്നു. സഭയുടെ സവിശേഷ പണ്ഡിതനെന്ന് വിശേഷിപ്പിക്കപ്പെടുന്ന വിശുദ്ധ ഫ്രാൻസിസ് ഡി. സാലസ്, വലുതായ മാറ്റങ്ങളുടെ കാലത്ത് ദൈവത്തെ സഹാനുഭൂതിയിലും ആനന്ദത്തിലും സ്വാതന്ത്ര്യത്തിലും കണ്ടെത്തേണ്ടതിന് ജനത്തെ എങ്ങനെ സഹായിച്ചു എന്ന് ഫ്രാൻസിസ് പാപ്പ ഈ ലേഖനത്തിൽ അനുസ്മരിക്കുന്നു: "തന്റെ കാലത്തെ സമുചിതമായി വ്യാഖ്യാനിച്ചുകൊണ്ട് ദൈവത്തിനായുള്ള ദാഹ" ത്തിന് പുതിയൊരു മാർഗ്ഗം കണ്ടെത്തിയ ആത്മാക്കളുടെ അനിതര സാധാരണനായ മാർഗദർശിയാണ് വിശുദ്ധ സാലസ്. കർത്താവിനെ തങ്ങളുടെ ഹൃദയത്തിൽ തേടുന്നതിനും സഹാനുഭൂതിയിൽ അവിടുത്തെ കണ്ടെത്തുന്നതിനും ജനത്തെ സഹായിക്കുവാൻ ഈ വിശുദ്ധൻ കഴിവുനേടി."

1567 ഓഗസ്റ്റ് 21 ന് സവോയിലെ സെയ്ൽസ് കോട്ടയിൽ ജനിക്കുകയും 1622 ഡിസംബർ 28 ന് ലിയോണിൽ അന്തരിക്കുകയും ചെയ്ത ഈ ഫ്രഞ്ച് വിശുദ്ധന്റെ മഹത്തായ ദൈവവിളിയായി പാപ്പ എടുത്തുപറയുന്നത്, 'ജീവിതത്തിലെ ഓരോ സാഹചര്യത്തിലും ഉദാത്തമായ സ്നേഹം കണ്ടെത്തേണ്ട'തിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ നിരന്തരാന്വേഷണത്തെയാണ്. അപ്പസ്തോലിക ലേഖനത്തിലെ പ്രധാന ആശയങ്ങൾ താഴെപ്പറയുംവിധം ഉൾക്കൊള്ളാം.

### 1. മാറുന്ന കാലത്ത് സുവിശേഷ പ്രഖ്യാപനങ്ങൾക്ക് പുതിയ സാധ്യതകൾ

വിശുദ്ധ ഫ്രാൻസിസ് ഡി. സാലസിന്റെ 'അയവുള്ളതും ദീർഘവീക്ഷണ

മുള്ളതുമായ ദർശനം' പ്രബുദ്ധമായതാണ് എന്ന് പാപ്പ വിശദമാക്കുന്നു. പതിനേഴാം നൂറ്റാണ്ടിൽ വിശുദ്ധനായ ഈ മെത്രാനെ ആദരണീയനായി ബെനഡിക്ട് പതിനാറാമൻ, അപ്പസ്തോലൻ, പ്രേഷിതന്റെ എഴുത്തുകാരൻ, പ്രവർത്തനത്തിന്റെയും പ്രാർഥനയുടെയും മനുഷ്യാത്മാവ് എന്ന് ഒരിക്കൽ വിശേഷിപ്പിച്ചിട്ടുള്ളത് ഫ്രാൻസിസ് പാപ്പ ലേഖനത്തിൽ അനുസ്മരിക്കുന്നു. പതിനേഴാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ, കാലം വളരെ വേഗം പരിവർത്തിതമാകുന്നുവെന്ന് വിശുദ്ധൻ തിരിച്ചറിഞ്ഞിരുന്നു. ഒരുപക്ഷേ, അദ്ദേഹം "അത്തരം പരിവർത്തനങ്ങൾ സുവിശേഷം മനുഷ്യഹൃദയങ്ങളിൽ എത്തിക്കാനുള്ള ധന്യമായ സാധ്യതയുള്ള അവസരമാണെന്ന് ഒരിക്കലും സങ്കല്പിച്ചി"ട്ടുണ്ടായിരുന്നില്ല. തന്റെ വളർച്ചയുടെ ആദ്യനാളുകൾമുതൽ ഉള്ളറിഞ്ഞ് താൻ സ്നേഹിച്ചിരുന്ന ദൈവത്തിന്റെ വചനം ഇപ്പോൾ അദ്ദേഹത്തിനുമുന്നിൽ ലോകത്തിന്റെ അതിദ്രുതഗതിയിലുള്ള മാറ്റങ്ങളിൽ പുതിയതും അവിചാരിതവുമായ ചക്രവാളങ്ങളിലേക്ക് തുറക്കപ്പെടുകയും ചെയ്തു. ഇതേ കർത്തവ്യം നമ്മുടെതന്നെ കാലത്തിന്റെ സവിശേഷവും ഐതിഹാസികവുമായ പരിവർത്തന ഘട്ടത്തിൽ നമ്മെയും കാത്തിരിക്കുന്നു എന്ന് പാപ്പ തുടർന്ന് പറയുന്നു.

## 2. ദൈവത്തെ ഹൃദയത്തിലും ചരിത്രത്തിലും അന്വേഷിക്കുക

വിശുദ്ധ ഫ്രാൻസിസ് ഡി. സാലസിനെ സംബന്ധിച്ചിടത്തോളം ദൈവാനുഗ്രഹമെന്നത്, "മനുഷ്യഹൃദയത്തിന് സഹജമായതാണ്" എന്ന് പാപ്പ വിശദമാക്കുന്നു. വിശുദ്ധന്റെ ജീവിതത്തെ മുഴുവൻ ആധാരമാക്കിയ ആശയം ദൈവത്തിൽ കേന്ദ്രീകരിച്ചത് എന്നാണ്. ഇത് അദ്ദേഹത്തിന്റെ "ദൈവസ്നേഹത്തിൻമേലുള്ള പഠന പ്രബന്ധത്തെ" ലളിതമായും കൃത്യമായും വ്യക്തമാക്കുന്നു; പ്രത്യേകിച്ചും, "ദൈവത്തെക്കുറിച്ച് ചിന്തിക്കുന്ന മാത്രയിൽത്തന്നെ ഒരു വ്യക്തിക്ക് ഹൃദയത്തിൽ അനിർവചനീയമായ ആഹ്ലാദം അനുഭവപ്പെടുകയും അതുതന്നെ ദൈവം മനുഷ്യമനസ്സിന്റെ ഉടയവനാണെന്നത് സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു."

പാപ്പ തുടർന്നു പറയുന്നു: ഹൃദയത്തിനുള്ളിലും ഹൃദയത്തിൽകൂടിയുമാണ് നാം ദൈവത്തെ അനുഭവവേദ്യമാക്കുന്നത്, അതിനൊപ്പംതന്നെ, നാം നമ്മുടെ സ്വന്തം ഉദ്ഭവങ്ങളോടും ആഴങ്ങളോടും നമ്മുടെതന്നെ സമ്പൂർണതയിലും സ്നേഹിക്കാൻ വിളിക്കപ്പെട്ടവരുമാണ്. അതുവഴി, വിശ്വാസമെന്നത്, ചരിത്രത്തിൽനിന്നും കീറിയെടുത്ത ഒരു പ്രമാണരേഖയെ നിസ്സംഗമായും നിർവികാരമായും തള്ളിക്കളയുന്ന പ്രക്രിയയല്ലെന്നും മറിച്ച്, യേശുവിന്റെ ജീവിത്തിൽ ആഴപ്പെടുന്ന വിചിന്തനങ്ങളിൽനിന്ന് പിറവികൊള്ളുന്ന "ഹൃദയത്തിന്റെ പ്രഥമവും പ്രധാനമായതുമായ മനോഭാവം" ആകുന്നു എന്ന് തിരിച്ചറിയുകയുമാണ്.

## 3. വിവേചനത്തിലൂടെ സ്നേഹത്തെ പരീക്ഷണവിധേയമാക്കുക

അഭിനിവേശം എല്ലാ സത്യസന്ധമായ ആത്മീയ ജീവിതത്തിന്റെയും ആഴപ്പെട്ട പേരായിരിക്കുന്നു എന്നതുപോലെ അതിന്റെ മൂല്യത്തകർച്ചക്കുള്ള കാരണവുമായിരിക്കുന്നു എന്ന് വിശുദ്ധ ഫ്രാൻസിസ് ഡി. സാലസ് തിരിച്ചറിഞ്ഞു. അക്കാരണത്താൽ അദ്ദേഹം വിവേചനബോധത്തിലൂടെ അഭിനിവേശത്തെ നിരന്തരമായി പരീക്ഷണ വിധേയമാക്കേണ്ടതിന്റെ പ്രാധാന്യവും മനസിലാക്കിയിരുന്നു. സ്നേഹത്തിന്റെ ആത്യന്തികമായ മാനദണ്ഡം എന്നത് ജീവിതത്തിലെ ഓരോ സാഹചര്യത്തിലും ധന്യമായ സ്നേഹം കണ്ടെത്തപ്പെടുന്നുണ്ടോ എന്ന ആത്മപരിശോധനയാണ് അഭികാമ്യം എന്ന് തിരിച്ചറിയുകയും ചെയ്തിരുന്നു.

**വിശുദ്ധ ഫ്രാൻസിസ് ഡി. സാലസിനെ സംബന്ധിച്ചിടത്തോളം ദൈവാനുഗ്രഹമെന്നത് "മനുഷ്യഹൃദയത്തിന് സഹജമായതാണ്" എന്ന് പാപ്പ വിശദമാക്കുന്നു. വിശുദ്ധന്റെ ജീവിതത്തെ മുഴുവൻ ആധാരമാക്കിയ ആശയം "ദൈവത്തിൽ കേന്ദ്രീകരിച്ചത്" എന്നാണ്. ഇത് അദ്ദേഹത്തിന്റെ "ദൈവസ്നേഹത്തിൻമേലുള്ള പഠന പ്രബന്ധത്തെ" ലളിതമായും കൃത്യമായും വ്യക്തമാക്കുന്നു**

## 4. പ്രാർഥനയിലും സഹവർത്തിത്വത്തിലും മുഗ്ദ്ധമായ ദൈവശാസ്ത്രം

'സമർപ്പിതജീവിതത്തിന് ഒരു ആമുഖം,' 'ദൈവസ്നേഹത്തെക്കുറിച്ച് ഒരു പ്രബന്ധം' എന്നിങ്ങനെയുള്ള രചനകളും വിശുദ്ധന്റെ ആയിരക്കണക്കിന് കത്തുകളും ആത്മീയജീവിതത്തെക്കുറിച്ചുള്ള പരിചിന്തനങ്ങളും സവിശേഷമായ ദൈവശാസ്ത്ര പ്രാധാന്യമുള്ളവയാണ് എന്ന് ഫ്രാൻസിസ് പാപ്പ അഭിപ്രായപ്പെടുന്നു കാരണം, വിശുദ്ധന്റെ ദൈവശാസ്ത്ര വീക്ഷണം അനിവാര്യമായ രണ്ട് തലങ്ങൾ ഉൾക്കൊള്ളുന്നു. ഒന്നാമതായി അത് അതിൽത്തന്നെ ആത്മീയജീവിതമാണ്, കാരണം, "പ്രാർഥനയുടെ ഉലയിൽ നിന്ന് രൂപപ്പെടുന്നവരാണ് ദൈവശാസ്ത്രജ്ഞർ." രണ്ടാമത്തെ തലം "സഭയ്ക്കുള്ളിലും സഭയോ

ടൊപ്പവും ചിന്തിക്കാനുള്ള കഴിവിനെ" സംബന്ധിച്ചുള്ളതാണ്: ദൈവശാസ്ത്രപണ്ഡിതർ തങ്ങളുടെ ജീവിതം പൂർണമായും സഹവർത്തിത്വത്തിൽ തുടരാൻ വിളിക്കപ്പെട്ടവരാണ്.


### 5. ശുഭചിന്തയെ വിളിച്ചോതുന്ന ഒരു പുതിയ ശൈലി

തന്റെ ആത്മീയ ലക്ഷ്യത്തിലേക്കുള്ള പാതയിൽ വിശുദ്ധ ഫ്രാൻസിസ് ഡി സാലസ് ഒരു പുതിയ രീതിയിൽ, വ്യത്യസ്തമായ മാർഗത്തിൽ, എല്ലാ പാരുഷ്യങ്ങളും നീക്കിയകറ്റി സമർപ്പിതമായ ആത്മാവിന് എന്തെല്ലാം ചപലതകൾ നേരിടേണ്ടിവന്നാലും, അതിന്റെ വരദാനങ്ങളെയും അന്തസ്സിനെയും പൂർണമായും ആദരിക്കുന്ന ഒരു മാർഗത്തിൽ ആശയസംവേദനം നടത്തുന്നു" എന്ന് ഫ്രാൻസിസ് പാപ്പ നിരീക്ഷിക്കുന്നു.

ജീവിതത്തിന്റെ അന്ത്യനാളുകളിൽ ഫ്രാൻസിസ് തന്റെ കാലത്തെ ഇങ്ങനെ കാണുന്നു: "ലോകം കൂടുതൽ മൃദുലമായിത്തീരുകയാണ്, അല്പകാലത്തിനുള്ളിൽ അതിന്റെ മൃദുവും ശാന്തവുമായ കയ്യുറകളാലല്ലാതെ തൊടാൻ ഇനിയാരും ധൈര്യപ്പെടുമെന്നുതോന്നുന്നില്ല... സുഗന്ധതൈലം പൂശിയ തുണികൊണ്ടല്ലാതെ അതിന്റെ മുറിവുകളെ കെട്ടാനും തയ്യാറാവില്ല. പുരുഷന്മാരും സ്ത്രീകളും മുറിവുണങ്ങി ആത്യന്തികമായി രക്ഷിക്കപ്പെടുന്നില്ലെങ്കിൽ ഇതൊക്കെക്കൊണ്ട് എന്തുകാര്യമാണുള്ളത്? "സഹാനുഭൂതി, നമ്മുടെ രാജ്ഞി, അവളുടെ കുഞ്ഞുങ്ങൾക്ക് വേണ്ടതെല്ലാം ചെയ്തുകൊടുക്കും." ഇതിനോട് പാപ്പ പ്രതികരിക്കുന്നത്, നമുക്ക് വേണ്ടത് ലോകം മാറ്റങ്ങൾക്ക് വിധേയമാകുന്നു എന്ന തിരിച്ചറിവും അത്തരം മാറ്റങ്ങളോട് പ്രതികരിക്കാനുള്ള സുവിശേഷാത്മകവുമായ ബോധ്യത്തിന്റെ അടയാളവുമാണ്.

### 6. സംവാദങ്ങളുടെ വ്യക്തിഭാവം

പ്രൊട്ടസ്റ്റന്റ് ചിന്തകരെ നേരിടേണ്ടി വരുമ്പോൾപോലും വിശുദ്ധ ഫ്രാൻസിസ് ഡി. സാലസ്, "ദൈവശാസ്ത്രാധിഷ്ഠിതമായ സംവാദങ്ങളുടെ ആവശ്യകതയെക്കുറിച്ച് കൂടുതലായി തിരിച്ചറിയുന്നു. ഒപ്പം വ്യക്തിബന്ധങ്ങളുടെ ഫലദായകത്വത്തെയും സഹാനുഭൂതിയേയുംകുറിച്ചും." കാൽവനിസ്റ്റുകളോട് സംവദിക്കുമ്പോൾ അദ്ദേഹം വിവാദങ്ങൾ ഉണർത്താൻ അതിസമർഥനായിരുന്നു. എങ്കിലും സംവാദങ്ങൾക്ക് എപ്പോഴും സാധ്യത നല്കുകയും, യഥാർഥ അജപാലക പ്രവർത്തനങ്ങൾ കണ്ടെത്തുകയും ചെയ്യുമായിരുന്നു. പ്രധാന്യമുള്ള ചില പോസ്റ്ററുകൾ, എവിടെയും പതിക്കാവുന്ന ലഘുലേഖകൾ, വീടുകളുടെ വാതിലിനിടയിലൂടെ അകത്തേക്കിടുന്ന ചെറു പരസ്യങ്ങൾ തുടങ്ങിയ വിനിമയ മാർഗങ്ങളും അദ്ദേഹം പരീക്ഷിച്ചിരുന്നു. ഇക്കാരണങ്ങളാലാണ് അദ്ദേഹത്തെ മാധ്യമപ്രവർത്തകരുടെ മദ്ധ്യസ്ഥനായി തെരഞ്ഞെടുത്തത്.




### 7. ഒന്നും നിർബന്ധപൂർവ്വം അടിച്ചേല്പിക്കാതിരിക്കുക

പുനർവ്യാഖ്യാനങ്ങളിലൂടെ ഓരോ പുരുഷനും സ്ത്രീയും ദൈവവുമായുള്ള ബന്ധത്തിലനുഭവിക്കുന്ന സൗന്ദര്യത്തിന് പുതിയ വഴികൾ നിർദ്ദേശിക്കുകയാണ് വിശുദ്ധ ഫ്രാൻസിസ് ഡി. സാലസ്. "ദൈവപരിപാലനം നമ്മുടെ ഹൃദയങ്ങളെ ദൈവസ്നേഹത്തിലേക്ക് ആകർഷിക്കുന്നു." ഒരു തരത്തിലുള്ള നിർബന്ധവും കൂടാതെ കാരിരുമ്പിന്റെ ചങ്ങലകളില്ലാതെ, എന്നാൽ സ്നേഹക്ഷണങ്ങളാൽ, ആകർഷകങ്ങളായ അനുനയങ്ങളാൽ, പരിശുദ്ധമായ പ്രചോദനങ്ങളാലാണ് ആ ക്ഷണം. ഈ അനുനയിപ്പിക്കൽ മനുഷ്യന്റെ സ്വാതന്ത്ര്യേച്ഛയെ ആദരിച്ചുകൊണ്ടുള്ളതാണ്.

ഭക്ത്യാരാധനയുടെ കാര്യത്തിലുള്ള സമീപനത്തെസംബന്ധിച്ചും വിശുദ്ധനായ മെത്രാൻ വ്യക്തത വരുത്തുന്നുണ്ട്: യഥാർഥത്തിലുള്ള സമർപ്പണം അഥവാ ഭക്തി, നിർവ്യാജമായ ദൈവസ്നേഹവും സഹാനുഭൂതിയുടെ ആവിഷ്കാരവുമാണ്. ആരാധനയും ഭക്ത്യാചാരവും ഏതെങ്കിലും നിശബ്ദമായ ഇടത്തേക്കും മാറി നില്ക്കുന്നതിലേക്കുമായി പരിമിതപ്പെടുത്തന്നതാണെങ്കിൽ അത് വലിയൊരു അബദ്ധമാണ്. ആരാധന ഏവർക്കും, ഓരോരോ സാഹചര്യത്തിലും ഓരോരോ ആളുടെ ജീവിതാവസ്ഥയിലും ദൈവവിളിയിലും സ്വയം പരിശീലിക്കുന്നതുമാകണം എന്നാണ് ഫ്രാൻസിസ് പാപ്പ പ്രാധാന്യത്തോടെ പറയുന്നത്.

### 8. ക്രൈസ്തവ ജീവിതം സ്നേഹത്തിലുള്ള ആനന്ദം കണ്ടെത്തലാണ്

ക്രൈസ്തവ ജീവിതം എന്നത് സ്നേഹത്തിലുള്ള ആനന്ദം കണ്ടെത്തലാണ്. ഈ സ്നേഹത്തിന്റെ ഉറവിടമാകട്ടെ, ഹൃദയത്തെ ആകർഷിക്കുന്ന യേശുക്രിസ്തുവിന്റെതന്നെ ജീവിതമാണ്. അവിടുന്ന് തന്റെ ജീവിതം നമുക്കായി നല്കുകയായിരുന്നു. വിശുദ്ധ ഫ്രാൻസിസ് ഡി. സാലസിന് ക്രൈസ്തവ ജീവിതമെന്നത് എപ്പോഴും ഹർഷോന്മാദമായിരുന്നു. ഹർഷോന്മാദമില്ലാത്ത ക്രൈസ്തവ ജീവിതം സങ്കുചിതമാകാനുള്ള സാധ്യതയുളവാക്കുന്നു. ആനന്ദരഹിതമായൊരു സുവിശേഷമാകും അത്. ഹർഷോന്മാദമല്ലാത്ത ജീവിതം തിന്മയിൽനിന്നുവരുന്ന മായികമായ വ്യാജഭാവങ്ങളിലേക്ക് അനായാസമായി ഇരയായിപ്പതിക്കാൻ ഇടയാക്കും. ക്രൈസ്തവ ജീവിതത്തിന്റെ മഹത്തരമായ വൈവിധ്യങ്ങളെ പരിഹരിക്കാനോ തള്ളിക്കളയാനോ ആകില്ല. ഓരോന്നും പാരമ്പര്യത്തോടെ മറ്റൊന്നിന്റെ സ്വാഭാവികതയെ പരിരക്ഷിച്ചുനില്ക്കുന്നു. അങ്ങനെ, സത്യമെന്നത് നീതിയുടെ അഭാവത്തോടെ നിലനില്ക്കില്ല; ഉത്തരവാദിത്തമില്ലാതെ ആനന്ദമോ നിയമാനുസൃതമല്ലാതെ നൈസർഗികതയോ നിലനില്ക്കില്ല. പാരസ്പര്യമാണ് ഇവയുടെ അസ്തിത്വത്തിന്റെ കേന്ദ്രഭാവം. ■

കഥ



# പൂമരം

ഓരോ സന്ധ്യാവേളകളിലും ആ മരനിഴലിൽ തന്റെ വീൽചെയറിൽ പുഷ്പ വിശ്രമിക്കാറുണ്ട്. മരം പൂത്തുതുടങ്ങി. ഇലകൾ നിറഞ്ഞു. പൂവുകൾകൊണ്ടു ശാഖകൾ ചുമന്നു നിറയാറായി. ആ ഗുൽമോഹർ മരം പുഷ്പയ്ക്കു ജീവനാണ്. പണ്ടു താൻ ഒരനാഥയായിരുന്നപ്പോൾ തന്നെ കാണാൻ വന്ന ഒരു മനുഷ്യസ്നേഹിയുടെ കഥ ഈ പൂമരത്തിൽ വ്യാപിച്ചു നില്ക്കുന്നുണ്ടായിരുന്നു.


കുഞ്ഞുപ്രായത്തിൽ പോളിയോ രോഗം ബാധിച്ച് പുഷ്പയുടെ രണ്ടു കാലുകളും നിർജീവമായി. കാലക്രമേണ പുഷ്പയുടെ അച്ഛനും അമ്മയും ഒന്നിനു പുറകേ ഒന്നായി മൺമറഞ്ഞുപോയി.

കൂടെപ്പിറന്ന രണ്ടു സഹോദരിമാരും വിവാഹം കഴിഞ്ഞ് അവരുടെ പാട്ടിനുപോയി. പാഴടഞ്ഞ ഒരു കൊച്ചു വീടും പുഷ്പയും മാത്രം അവിടെയായി. അടുത്തുള്ള ഒരു കശുവണ്ടി ഫാക്റ്ററിയിൽ അണ്ടി ഉടക്കാൻപോയാൽ കിട്ടുന്ന തുച്ഛമായ കൂലികൊണ്ടു കഞ്ഞി കാച്ചി കുടിച്ചുകൊണ്ടവൾ അവിടെ ഞരങ്ങി ഞരങ്ങി കിടന്നു.

പത്തുപതിനഞ്ചു കൊല്ലങ്ങൾക്കുമുമ്പ് ആരോ ഒരാൾ പുഷ്പയുടെ ദയനീയവസ്ഥ മനസ്സിലാക്കി അവൾക്കൊരു സഹായമഭ്യർത്ഥിച്ചുകൊണ്ട് പത്രത്തിൽ ഒരു വിളംബരം കൊടുക്കുകയുണ്ടായി. അതുകണ്ട് പുഷ്പയെ സഹായിക്കാൻ വന്നയാളണ് രമണൻ.

65 വയസ്സോളം പ്രായം കാണും. വയസ്സായെങ്കിലും നല്ല മിടുക്കുള്ള നടയും സ്നേഹം സ്ഫുരിക്കുന്ന മുഖവും തന്റേടവുമുള്ള ഒരു മനുഷ്യനായിരുന്നു അദ്ദേഹം. പുഷ്പയോടു അദ്ദേഹം കാര്യങ്ങൾ ചോദിച്ചു മനസ്സിലാക്കി. കൊണ്ടുവന്ന കടലാസ്സുകളിൽ അദ്ദേഹം കുറെ അപേക്ഷകൾ എഴുതി പുഷ്പയുടെ ഒപ്പും വാങ്ങി വിടപറഞ്ഞു.

രണ്ടു മാസം കഴിഞ്ഞപ്പോൾ കളക്റ്ററാഫിസിൽ നിന്നു ആളുകൾ പുഷ്പയെ അന്വേഷിച്ചു വരാൻ തുടങ്ങി. പുഷ്പയ്ക്കു അഞ്ചു സെന്റു നിലവും ഒരു വീടും അനുവദിച്ചു കിട്ടിയതായുള്ള ഉത്തരവുകൾ അവർ പുഷ്പയെ ഏല്പിച്ചു. ഒരു ഓഗസ്റ്റു 15നു വീടിന്റെ ഉദ്ഘാടനം നടന്നു. ആ ചടങ്ങിനു രമണനും വന്നിരുന്നു. പുഷ്പയ്ക്ക് രമണൻ സാറ് വന്നതു കണ്ടപ്പോൾ പറയാനാവാത്ത ആനന്ദം. അവൾ എല്ലാ സമയവും സാറുമൊ



**അരുൾസ്നേഹം**
ഇരയുമൻതുറ

ത്തിരുന്നു. അവരങ്ങനെ കൂട്ടുകാരായി. പിന്നീടുള്ള നാളുകളിൽ കൂടെക്കൂടെ പുഷ്പയെക്കാണാൻ രമണൻസാറ് (പുഷ്പ അങ്ങനെയാണു വിളിക്കാറുള്ളത്) വരാറുണ്ടായിരുന്നു.

പഞ്ചായത്തുപൈപ്പിൽ വെള്ളം ശരിക്കും കിട്ടാത്തതു കാരണം പുഷ്പ വലഞ്ഞു. പല സ്ഥലങ്ങളിൽ നിന്നും പുഷ്പയ്ക്കു കിട്ടിയ ധനസഹായംകൊണ്ട് ഒരു ലക്ഷം രൂപ ചിലവിൽ സാറിന്റെ ശ്രമത്തിൽ ഒരു ബോറിങ് വാട്ടർ പൈപ്പിട്ടു കൊടുത്തു. അഞ്ചു സെന്റു നിലവും ചുറ്റി കോംബൌണ്ട് ചുവരു പണിതു. പുഷ്പയ്ക്കു ആവശ്യമുള്ളതെല്ലാം സാറവൾക്കു വാങ്ങിക്കൊടുത്തു.

ഉപജീവനത്തിനായി ദിവസവും മുട്ടയിടുന്ന ഇനം 25 കോഴിക്കുഞ്ഞുങ്ങളും അതിനുള്ള സംവിധാനങ്ങളും ഏർപ്പാടു ചെയ്തുകൊടുത്തു.

പിന്നൊരു ദിവസം സാറ് പുഷ്പയെ കാണാൻ വന്നു. വലിയൊരു കെട്ടു പുസ്തകങ്ങൾ പുഷ്പയ്ക്കു സമ്മാനിച്ചു. മറ്റൊരുപൊതി തുറന്നു. എന്നിട്ടു പറഞ്ഞു: ‘പുഷ്പേ ഇതാ കുറെ വിത്തുകൾ, ഇതു പാകി പക്വതയോടെ വളർത്തി എടുക്കണം. പുക്കൾ വിരിയുന്ന കാലം ഈ മരം മുഴുവനും ചുമന്ന പൂക്കൾ കൊണ്ടു നിറയും. എന്റെ ഓർമ്മയ്ക്കായി ഇതു ഇവിടെ വളരട്ടേ.’

കോഴികൾ വളർന്ന് അതൊരു ഫാമായി മാറി. ദിവസവും നൂറിൽ കൂടുതൽ മുട്ടകൾ കിട്ടുന്നുണ്ട്.

പൂമരവും വളർന്നു പന്തലിച്ച് ചുമന്ന പൂക്കളാൽ മുറ്റം നിറയുകയാണ്. സാറ് അന്നു പോയതിൽപ്പിന്നെ ഇന്നുവരെ ഒരുനാളും വന്നിട്ടില്ല ആരോ പറയുന്നതു കേട്ടു സാറ് ദേശാടനത്തിനു പോയെന്ന്.

അവൾ പൂമരവും നോക്കി ഇരിപ്പാണ്. താഴത്തെ ശാഖയോടു തൊട്ടടുത്തായി ഒരു മരപോട്. ഒരു മുഖം പോലെ തോന്നി. അവൾ സൂക്ഷിച്ചു നോക്കി. സാറിന്റെ മുഖംപോലെ. കണ്ണടയിട്ട സാറിന്റെ മുഖം. അവൾ ഇരുകൈകളും കൂപ്പി വണങ്ങി. തെക്കുനിന്നും കടൽക്കാറ്റ് ആഞ്ഞു വീശി. പൂമരം ഒന്നുലഞ്ഞു. ഗുൽമോഹറിൽ നിന്നും പുഷ്പദളങ്ങൾ പൊഴിഞ്ഞു. നിലമാകെ ചുവന്നു. ■

# എഫ്എംഎം ലൂർദ്പുരം



**സി. കൊച്ചുറാണി**

**അ**റബിക്കടലിന്റെ പരിലാളനകളേറ്റ് പ്രകൃതി ഭംഗിയാൽ അനുഗ്രഹീതമായ ഒരു കൊച്ചു ഗ്രാമം. തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിൽ കാഞ്ഞിരംകുളം പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ലൂർദ്പുരം എന്ന കൊച്ചു ഗ്രാമം. 1922-ൽ കൊച്ചിയിലെ റിബേരോ ബിഷപ്പിന്റെ അഭ്യർത്ഥന പ്രകാരം, അവർ ലേഡി ഓഫ് ലോർഡ്സ് കോൺവെന്റ് ലൂർദ്പുരത്തിന്റെ മണ്ണിൽ പ്രവർത്തനമാരംഭിച്ചു. കൊച്ചിയിലെ കാട്ടിപ്പറമ്പിൽ കർമ്മനിരതരായിരുന്ന ഫ്രാൻസിസ്കൻ മിഷനറീസ് ഓഫ് മേരി സന്യാസനി സമൂഹത്തിന്റെ സേവന തീക്ഷ്ണതയും സുവിശേഷ ചൈതന്യവും അനുഭവിച്ചറിഞ്ഞ പോർച്ചുഗീസ് മിഷനറിമാർ എഫ് എം എം സിസ്റ്റേഴ്സിന്റെ സേവനം തിരുവനന്തപുരത്തെ പോർച്ചുഗീസ് മിഷൻ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കണമെന്ന് അതിയായി ആഗ്രഹിച്ചു. അതിന്റെ ഫലമാണ് ലൂർദ്പുരം ഗ്രാമത്തിൽ ആരംഭിച്ച എഫ് എം എം കോൺവെന്റ്. 10 ഗ്രാമങ്ങളാൽ ചുറ്റപ്പെട്ട ഒരു പ്രദേശമായിരുന്നു ലൂർദ്പുരം എങ്കിലും ഇവിടത്തെ ജനസംഖ്യ അയ്യായിരത്തിൽ താഴെയായിരുന്നു. ജനങ്ങൾ കൂടുതലും ദരിദ്രരും അക്ഷരാഭ്യാസം ഇല്ലാത്തവരും തൊഴിലില്ലാത്തവരും ആയിരുന്നു. മത്സ്യത്തൊഴിലാളികൾ, കർഷകർ, കൂലിപ്പണിക്കാർ, ദിവസവേതനക്കാർ തുടങ്ങി നാനാവിധ മതസ്ഥർ അധിവസിക്കുന്ന പ്രദേശമായിരുന്നു ഈ ഗ്രാമം.

മഠം സ്ഥാപിക്കുന്ന സമയത്ത് സതേൺ പ്രദേശങ്ങളിൽ ധാരാളം മാമോദിസയും മാനസാന്തരങ്ങളും ഉണ്ടായിരുന്നു. തദ്ദേശവാസികളായ 40 കുടുംബങ്ങൾ ആയിടയ്ക്കുതന്നെ മാമോദിസ മുങ്ങിയിരുന്നു. പുതുതായി ക്രിസ്തുമതം സ്വീകരിച്ച ഇവരുടെ വിശ്വാസപരിശീലനത്തിലും ആത്മീയ കാര്യങ്ങളിലും സിസ്റ്റേഴ്സ് വലിയ ശ്രദ്ധ ചെലുത്തി.

1922 ഏപ്രിൽ 25-ാം തീയതി ലൂർദ്പുരത്തിന് തിലകക്കുറിയായി എഫ് എം എം കോൺവെൻറ് ആരംഭിച്ചു. കാട്ടിപ്പറമ്പിൽ നിന്നും നാല് സിസ്റ്റേഴ്സ് ബോട്ട് വഴിയും നാല് സിസ്റ്റേഴ്സ് മറ്റു മാർഗങ്ങളിലൂടെയുമാണ് എത്തിച്ചേർന്നത്. സിസ്റ്റേഴ്സിന് നൽകിയിരുന്ന വസ്തുവിൽ നാല് മുറികളുള്ള ഒരു ബംഗ്ലാവ് ആണ് ഉണ്ടായിരുന്നത്. രണ്ടു വർഷത്തിനകം ഒരു ഓലമേഞ്ഞ ചാപ്പലും വർക്കുറൂമും നിർമ്മിക്കാൻ സാധിച്ചു. തുടക്കത്തിൽ ഡിസ്പെൻസറി ഇല്ലായിരുന്നെങ്കിൽതന്നെയും മരുന്നിനും ചികിത്സയ്ക്കുമായി ഒരു ജനപ്രവാഹം തന്നെ സിസ്റ്റേഴ്സിനടുത്ത് എത്തിക്കൊണ്ടിരുന്നു. അങ്ങനെ ചുരുങ്ങിയ കാലയളവിൽ ജനഹൃദയങ്ങളിൽ ഇടം നേടാൻ ലൂർദ്പുരത്തെ ഈ കൊച്ചു സന്യാസസമൂഹത്തിന് സാധിച്ചു.

1922 മെയ് പതിനാലാം തീയതി സക്രാരിയിൽ പരിശുദ്ധ കുർബാന എഴുന്നള്ളിച്ചു വയ്ക്കുകയും സിസ്റ്റേഴ്സ് എല്ലാദിവസവും ആരാധന നടത്തുകയും ചെയ്തിരുന്നു. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി വിശുദ്ധ യൗസേപ്പിതാവിന്റെ നാമത്തിൽ ആരംഭിച്ച എംബ്രോയിഡറി സെക്ഷൻ ധാരാളം സ്ത്രീകൾക്ക് വലിയൊരു നേട്ടമായിരുന്നു. കൈത്തൊഴിലിലൂടെ ലഭിച്ചിരുന്ന വരുമാനം അവരുടെ കുടുംബങ്ങളെ സംരക്ഷിക്കുന്നതിനും മക്കളുടെ വിദ്യാഭ്യാസത്തിനും വലിയൊരു മുതൽക്കൂട്ടാ

**1922 ഏപ്രിൽ 25-ാം തീയതി ലൂർദ്പുരത്തിന് തിലകക്കുറിയായി എഫ് എം എം കോൺവെൻറ് ആരംഭിച്ചു. കാട്ടിപ്പറമ്പിൽ നിന്നും നാല് സിസ്റ്റേഴ്സ് ബോട്ട് വഴിയും നാല് സിസ്റ്റേഴ്സ് മറ്റു മാർഗങ്ങളിലൂടെയുമാണ് എത്തിച്ചേർന്നത്. സിസ്റ്റേഴ്സിന് നൽകിയിരുന്ന വസ്തുവിൽ നാല് മുറികളുള്ള ഒരു ബംഗ്ലാവ് ആണ് ഉണ്ടായിരുന്നത്.**




*എഫ്എംഎം ലൂർദ്പുരം കോൺവെന്റിന്റെ 100-ാം വാർഷികം ആഘോഷിച്ചു. തിരുവനന്തപുരം ആർച്ച് ബിഷപ്പ് ഡോ. തോമസ് ജെ. നെറ്റോ, നെയ്യാറ്റിൻകര ബിഷപ്പ് ഡോ. വിൻസെന്റ് സാമുവൽ, കോവളം MLA ശ്രീ. വിൻസെന്റ് തുടങ്ങിയവർ പങ്കെടുത്തു.*

യിരുന്നു. ക്രമേണ ഈ സ്ഥാപനം. സ്ത്രീകളെ സ്വയം പര്യാപ്തതയിലേക്ക് എത്തിക്കുന്നതിന് ഏറെ സഹായകമായി.

നാട്ടിൽ മറ്റ് ചികിത്സാ സൗകര്യങ്ങൾ കുറവായിരുന്നതിനാലും മഠത്തിൽ ചികിത്സയ്ക്കായി എത്തുന്നവരുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവും പരിഗണിച്ച് 1979-ൽ ലൂർദ്പുരത്ത് സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഒരു പ്രാഥമിക ആരോഗ്യകേന്ദ്രം ആരംഭിച്ചു. പ്രദേശത്തെ ധാരാളം ആളുകൾക്ക് അതിന്റെ സേവനം ലഭ്യമായിരുന്നു.

ദേശത്ത് മറ്റ് സന്യാസ സമൂഹങ്ങൾ ഒന്നും തന്നെ ഇല്ലാതിരുന്നതിനാൽ വിശ്വാസ സമൂഹത്തെ വാർത്തെടുക്കുന്നതിന് ആത്മാർത്ഥമായി പരിശ്രമിക്കുന്നതിന്റെ ഭാഗമായി ആരംഭം മുതൽതന്നെ സിസ്റ്റേഴ്സ് എല്ലാ ഞായറാഴ്ചകളിലും ചിന്നത്തുറ, പുല്ലുവിള, കൊച്ചുപള്ളി, അടിമലത്തുറ, ചൊവ്വര, കരുംകുളം, കരിച്ചൽ, വെള്ളലുമ്പ്, പുതിയതുറ, പൂവാർ, പള്ളം, പത്തനാവിള തുടങ്ങിയ ഇടവകകളിലും കൂടാതെ വീടുകളിലും പോയി മതബോധനം നടത്തിയിരുന്നു. നൂറുകണക്കിനാളുകൾ വേദോപദേശം കേൾക്കാൻ എത്തിയിരുന്നു. ഗ്രാമങ്ങൾ തമ്മിലും കുടുംബങ്ങൾ തമ്മിലും സമാധാനം സംസ്ഥാപിക്കുന്നതിന് നല്ലൊരു പങ്കുവഹിക്കാൻ സിസ്റ്റേഴ്സിന് ആയിട്ടുണ്ട്. മുതിർന്നവരെ ജ്ഞാനസ്നാനത്തിനും വിവാഹത്തിനും ഒരുക്കുന്നതിൽ സിസ്റ്റേഴ്സിന്റെ സേവനം വളരെ വലുതായിരുന്നു.

18 വർഷങ്ങൾക്കുശേഷം 1940ൽ ഇവിടത്തെ പാവപ്പെട്ട കുട്ടികൾക്കായി ഒരു പ്രൈവറ്റ് സ്കൂൾ ആരംഭിച്ചു. 1950ൽ പ്രൈമറി സ്കൂളിന് ഗവൺമെന്റ് അംഗീകാരം ലഭിച്ചു. 1977ൽ ഹൈസ്കൂൾ ആയി അപ്ഗ്രേഡ് ചെയ്തു. 2002ൽ അൺ എയ്ഡഡ് ഹയർസെക്കൻഡറി ആരംഭിച്ചു. വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾ സമീപപ്രദേശങ്ങളിലെ സമഗ്രമായ പുരോഗതിക്കും വളർച്ചയ്ക്കും സഹായിക്കുകയും അതിന്റെ ഫലമായി മിക്ക കുടുംബങ്ങളിലും ഗവൺമെൻറ് ഉദ്യോഗസ്ഥർ ഉണ്ടെന്ന നിലയിൽ എത്തിച്ചേരുകയും ചെയ്തിട്ടുണ്ട്. 50 പെൺകുട്ടികളുമായി ആരംഭിച്ച തയ്യൽ ക്ലാസ് ക്രമേണ എഴുന്നൂറിൽപരം കുടുംബങ്ങളെ സംരക്ഷിക്കുന്ന ഒരു തലത്തിലേക്ക് വളർന്നിരുന്നു. സ്ത്രീ ശാക്തീകരണവും സ്വയം പര്യാപ്തതയും ആത്മവിശ്വാസവും തങ്ങളുടെ ജോലിയിൽ നൈപുണ്യവും സമഗ്രവളർച്ചയും നേടിയെടുക്കാൻ അവർക്ക് സാധിച്ചു.

മദർ ഓഡിന്റെ കാലത്ത് പണികഴിപ്പിച്ച ലൂർദ് മാതാ ദേവാലയം 2007 മാർച്ച് പതിനാലാം തീയതി രൂപതയ്ക്കായി കൈമാറി. ലൂർദ്പുരം, നമ്പ്യാതി, കരിച്ചൽ ഇടവകകളുടെ ബി.സി.സി, മതബോധനം, വിവാഹ ഒരുക്ക ക്ലാസുകൾ, ഫ്രാൻസിസ് മൂന്നാം സഭ, എഫ് എം എം അൽമായ സംഘടന, കെ സി വൈ എം, ഭവന സന്ദർശനം തുടങ്ങിയ എല്ലാ മേഖലകളിലും ലൂർദ്പുരം എഫ് എം എം സിസ്റ്റേഴ്സ് തങ്ങളുടെ ദൗത്യം അർപ്പണമനോഭാവത്തോടെ നിർവഹിച്ചു പോരുന്നു. ■

ലേഖനം



# പേപ്പസി

## പാറമേൽ പണിതുയർത്തിയ ഭവനം



ഇഗ്നേഷ്യസ് തോമസ്

റോമൻ കത്തോലിക്കാസഭയെയും പാപ്പായെയും പൊതുവായി പേപ്പസി എന്നുവിളിക്കാം. പേപ്പസി എന്ന ബലവത്തായ ഈ ഭവനം പണിതുയർത്തിയിരിക്കുന്നതാകട്ടെ ക്രിസ്തുവിന്റെ പ്രഥമശിഷ്യനായ പത്രോസ് എന്ന പാറമേലും! ഈ ഭവനത്തിന്റെ മൂലക്കല്ല് ക്രിസ്തുവും ശില്പികൾ യേശുശിഷ്യന്മാരുമത്രെ. "നീ പത്രോസാണ് ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും. നരകകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല. സ്വർഗരാജ്യത്തിന്റെ താക്കോലുകൾ നിനക്കു ഞാൻ തരും. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗത്തിലും കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗത്തിലും അഴിക്കപ്പെട്ടിരിക്കും." (മത്താ. 16: 18–19) പത്രോസാകുന്ന പാറമേൽ പണിതുയർത്തപ്പെട്ട സഭ പിന്നിട്ട വഴികൾ ദുർഘടം നിറഞ്ഞതായിരുന്നു. കൊടുങ്കാറ്റുകൾ ആഞ്ഞടിച്ചിട്ടും ഭൂകമ്പങ്ങൾ ഉണ്ടായിട്ടും രണ്ടായിരം വർഷമായി ഈ സൗധം നിലകൊള്ളുന്നു.

റോമിന്റെ മെത്രാനായ പാപ്പ വിശ്വവ്യാപകമായ സഭയുടെ ദൃശ്യതലവൻമാത്രമല്ല, ലോകത്തിലെ ഏറ്റവും ചെറിയ രാജ്യമായ വത്തിക്കാൻ എന്ന നഗരരാഷ്ട്രത്തിന്റെ തലവൻകൂടിയത്രെ. ഗ്രീക്ക് പദമായ പാപ്പാസ് (പിതാവ് എന്ന അർത്ഥം) എന്ന വാക്കിൽ നിന്നാണ് പോപ്പ് എന്ന പദം രൂപംകൊണ്ടത്. മൈക്കൽ എയ്ഞ്ചലോ, ബർണീനി തുടങ്ങിയ കലാകാരന്മാർ ചേർന്നു നവോത്ഥാന കാലഘട്ടത്തിൽ നിർമ്മിച്ച, സെന്റ് പീറ്റേഴ്സ് ദേവാലയത്തോട് ചേർന്ന വത്തിക്കാൻ കൊട്ടാരത്തിലാണ് പാപ്പയുടെ ആസ്ഥാനം. പത്രോസ്

അപ്പോസ്തലൻ സുവിശേഷ പ്രഘോഷണം നടത്തിയ ഭൂമിക; പത്രോസ് അപ്പോസ്തലന്റെ രക്തസാക്ഷിത്വം സംഭവിച്ച ദേശം; പത്രോസ് പൗലോസ് അപ്പോസ്തലന്മാരെ കബറടക്കം ചെയ്ത പുണ്യഭൂമി; പുരാതന റോമാ സാമ്രാജ്യത്തിന്റെ തലസ്ഥാനം എന്നീ നിലകളിലെല്ലാം പ്രാധാന്യമുള്ള റോം തന്നെയായി തീർന്നു. കത്തോലിക്കാസഭയുടെയും പാപ്പയുടെയും ആസ്ഥാനം. ചരിത്രപ്രാധാന്യവും അപ്പോസ്തലിക പാരമ്പര്യവും ഈ നഗരത്തിനുള്ളതുപോലെ പാപ്പാധിപത്യത്തിന്റെ "രൂപീകരണത്തിനും വളർച്ചക്കും സംഭവബഹുലമായൊരു ചരിത്രപശ്ചാത്തലമുണ്ട്.

പേപ്പസിയും ഭരണക്രമങ്ങളും വിവിധകാലഘട്ടങ്ങളിലൂടെയാണ് ഉരുത്തിരിഞ്ഞ് വന്നത്. പാശ്ചാത്യലോകത്തിലും ലോകചരിത്രത്തിലും നിർണായക സ്വാധീനം ചെലുത്തിയ പേപ്പസിയുടെ ചരിത്രത്തെ അഞ്ചുകാലഘട്ടങ്ങളായി തരംതിരിക്കാവുന്നതാണ്.

1. പ്രരംഭ കാലഘട്ടം
2. മധ്യകാലഘട്ടം
3. a. നവോത്ഥാന മതനവീകരണകാലഘട്ടം
   b. പ്രതിമത നവീകരണകാലഘട്ടം
4. ആധുനികകാലം
5. വർത്തമാനകാലം

## സഭയുടെ പ്രാരംഭകാലം (എഡി 1 മുതൽ എഡി 590 വരെ)

സഭയുടെ ആരംഭകാലങ്ങളിൽ വിശ്വാസികളുടെ സമൂഹം ഭവനങ്ങളിലായിരുന്നു വചനം പങ്കുവയ്ക്കാനും അപ്പംമുറിക്കാനും ഒത്തുകൂടിയിരുന്നത്. കാലാന്തരത്തിൽ വിശ്വാസി സമൂഹം വളർച്ചപ്രാപിച്ചപ്പോൾ അവർ സമ്മേളിച്ചിരുന്ന ചില ഭവനങ്ങൾ പ്രാർത്ഥനാലയങ്ങളായി രൂപമാറ്റം വന്നു. റോമിൽ കോൺസ്റ്റന്റൈൻ ചക്രവർത്തി മൂന്ന് ദേവാലയങ്ങൾ പണിയുകയുണ്ടായി. സെന്റ് ജോൺ ലാറ്ററൻ, സെന്റ് പീറ്റർ, സെന്റ് പോൾ എന്നിവയായിരുന്നു ആ ദേവാലയങ്ങൾ.

വിശുദ്ധപത്രോസിന്റെ സുവിശേഷ പ്രഘോഷത്താലും അദ്ദേഹത്തിന്റെ രക്തസാക്ഷിത്വത്താലും ഭൗതീകശരീരം റോമിൽ സംസ്കരിക്കപ്പെട്ടിരിക്കുന്നതിനാലും റോമിന് കൈവന്ന പ്രാധാന്യം ആമുഖത്തിൽ സൂചിപ്പിച്ചുവല്ലോ? ഇതുകൂടാതെ വിശുദ്ധ പൗലോസിന്റെയും ആദിമസഭയിലെ അനവധി രക്തസാക്ഷികളുടെയും ശവകുടിരങ്ങൾ ഇവിടെയുണ്ട്. രണ്ടാംനൂറ്റാണ്ടിൽ പത്രോസാകുന്ന അടിസ്ഥാനത്തിൽ സഭ പണിതുയർത്തപ്പെട്ടിരിക്കുന്നു എന്ന ആശയം വിശ്വാസികളുടെ ഇടയിൽ രൂപപ്പെട്ടു. യേശു പത്രോസിന് നൽകിയ അധികാരം പത്രോസിന്റെ പിൻഗാമികൾക്കും ലഭ്യമാകുന്നു എന്ന ചിന്തയും പ്രബലപ്പെടാൻ തുടങ്ങി. മൂന്നാം നൂറ്റാണ്ടിൽ പോപ്പ് സ്റ്റീഫനും കാർത്തേജിലെ മെത്രാനുമായിരുന്ന വിശുദ്ധ സിപ്രിയാനും തമ്മിൽ പാപ്പാക്ക് സാർവത്രികസഭയുടെ പ്രബോധനാധികാരത്തെ സംബന്ധിച്ച് തർക്കങ്ങളുണ്ടായി. തുടർന്ന് ലിയോ ഒന്നാമൻ വരെയുള്ള പാപ്പാമാർ റോമിന്റെ പരമാധികാരം പ്രബോധനാധികാരം എന്നിവയിൽ ഉറച്ചുനിന്നു. അതേസമയം തന്നെ കോൺസ്റ്റാന്റിനോപ്പിൾ കേന്ദ്രമാക്കിയ കിഴക്കൻ റോമാ സാമ്രാജ്യം പോപ്പിന്റെ ആധിപത്യത്തെ ചോദ്യം ചെയ്തുപോന്നു.

ലിയോ പാപ്പ തന്റെ ഔദ്യോഗിക സ്ഥാനപേര് 'pontifex maximus' അഥവാ 'മുഖ്യപുരോഹിതൻ', ആയിരിക്കുമെന്ന് പ്രഖ്യാപിച്ചു. വിശുദ്ധ പത്രോസിൽ നിന്നും ലഭിച്ച ഈ പദവി തന്റെ പേരിനോടൊപ്പം അദ്ദേഹം കൂട്ടിച്ചേർത്തു. എന്നാൽ കാൽദിയൻ കൗൺസിൽ (451 എഡി) റോമിലെ പാപ്പാക്ക് പടിഞ്ഞാറൻസഭയുടെ മേലുള്ള അധികാരംപോലെ കിഴക്കൻ റോമിലെ കോൺസ്റ്റാൻഡിനോപ്പിൾ പാത്രിയാർക്കീസിന് പൗരസ്ത്യസഭയുടെ മേൽ അധികാരം ഉണ്ടെന്നും വാദിച്ചു. പോപ്പ് ജെലേഷ്യസ്-1 (492-496). താൻ ക്രിസ്തുവിന്റെ വികാരിയാണെന്ന് പ്രഖ്യാപിക്കുകയും ആദ്ധ്യാത്മിക അധികാരം തനിക്കും ഭൗതീകാധികാരം രാജാവിനുമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു.

## മധ്യകാലയുഗം

മധ്യശതകങ്ങളിൽ പടിഞ്ഞാറൻ യൂറോപ്പിൽ നിലനിന്നിരുന്ന രാഷ്ട്രീയ അസ്ഥിരത പാപ്പാമാരുടെ തെരഞ്ഞെടുപ്പിലും പ്രതിഫലിച്ചിരുന്നു. ഈ കാലഘട്ടത്തിലെ ആദ്യശതകങ്ങളിൽ മെത്രാന്മാരെ ഒരു പ്രദേശത്തെ പുരോഹിതരും ജനങ്ങളും ചേർന്ന് തെരഞ്ഞെടുത്തിരുന്നതുപോലെ റോമാരൂപതയിലെ വൈദികരും പൗരപ്രമാണിമാരും ചേർന്നായിരുന്നു പാപ്പായെയും തെരഞ്ഞെടുത്തിരുന്നത്. ചില തെരഞ്ഞെടുപ്പുകൾ സമാധാനപൂർണമായിരുന്നില്ല. പലപ്പോഴും രാജാക്കന്മാരുടെ കൈകടത്തലുകളും തെരഞ്ഞെടുപ്പുകളിൽ പ്രകടമായിരുന്നു. എ.ഡി. 476 ഓടുകൂടി പടിഞ്ഞാറൻ റോമാസാമ്രാജ്യത്തിന്റെ തകർച്ച പൂർണമായി. ജർമൻവംശജരായ രാജാക്കന്മാരുടെയും റോമിലെ ഉന്നതകുലജാതരായ പ്രഭുക്കന്മാരുടെയും പിന്തുണയോടെ പാപ്പാമാർ സഭാഭരണം മുന്നോട്ടുകൊണ്ടുപോയി.

പോപ്പ് ഗ്രിഗറി 1-ാമന്റെ കാലഘട്ടം മധ്യകാല സഭാചരിത്രത്തിലെ നിർണായകനാളുകളായിരുന്നു. ജർമ്മൻ ജനതയുടെമേൽ തന്റെ ശ്രദ്ധ തിരിച്ചുകൊണ്ട് പാപ്പാധിപത്യം പടിഞ്ഞാറൻ യൂറോപ്പിലേക്കും വ്യാപിപ്പിക്കുവാൻ

**ലോകത്തെ ഗുരുതരമായി ബാധിക്കുന്ന ജനസംഖ്യാനിയന്ത്രണം, മനുഷ്യജീവന്റെ മഹത്വത്തിനെതിരെ ഉയർന്ന വെല്ലുവിളികൾ എന്നീ വിഷയങ്ങളിൽ സഭയുടെ വ്യക്തമായ നിലപാടുകൾ ലോകത്തിന് മുന്നിൽ പോൾ ആറാമൻ സധൈര്യം അവതരിപ്പിക്കപ്പെടുകയുണ്ടായി. പാപ്പാമാരെ ഇറ്റലിയിൽ നിന്നുള്ള കർദ്ദിനാൾമാർക്ക് ഭൂരിപക്ഷമുണ്ടായിരുന്ന കർദ്ദിനാളന്മാരുടെ കൊളീജിയത്തിൽ യോഹന്നാൻ പാപ്പയുടെ കാലം മുതൽ ലോകത്തിലെ എല്ലാ ഭൂഖണ്ഡങ്ങളിലെയും രാജ്യങ്ങളിൽനിന്നുള്ള മെത്രാന്മാരെ കർദ്ദിനാളന്മാരായി തെരഞ്ഞെടുത്തുകൊണ്ട് സഭയുടെ സാർവത്രികമുഖം പ്രകാശമാനമാക്കി തീർത്തു.**

ശ്രമിച്ചു. ലംബാർഡുകളുടെ മുന്നേറ്റത്തെ തടയാനും ആര്യൻ പാഷാണ്ഢതയിലകപ്പെട്ടവരെ കത്തോലിക്കാ വിശ്വാസികളാക്കിതീർക്കാനും ഇദ്ദേഹത്തിന് കഴിഞ്ഞു. മധ്യകാലഘട്ടത്തിലെ ആദ്ധ്യാത്മിക ചിന്തകൾ വികസിപ്പിച്ചെടുക്കുന്നതിൽ ഇദ്ദേഹം തന്റെ 'Moralia Job' ജോബിന്റെ പുസ്തകത്തിന്റെ ധാർമികവ്യാഖ്യാനം എന്ന ഗ്രന്ഥത്തിലൂടെ പരിശ്രമിച്ചു. പാപ്പാ വാഴ്ച പത്രോസിന്റെ അധികാരത്തിലൂടെ ലഭ്യമായി എന്ന് ഗ്രിഗറി പാപ്പ ദൃഢമായി വിശ്വസിച്ചു.

ആദ്യക്രൈസ്തവ ചക്രവർത്തി എന്ന് വിളിക്കപ്പെടുന്ന കോൺസ്റ്റൻറ്റൈൻ പടിഞ്ഞാറൻ യൂറോപ്പിന്റെ നിയന്ത്രണം പോപ്പ് സിൽവസ്റ്റർ 1-ാമന് കൈമാറുകയുണ്ടായി. പടിഞ്ഞാറൻ യൂറോപ്പിന്റെ മേൽ പോപ്പിന്റെ പരമാധികാരം രാജാവിന്റെ പിന്തുണയാൽ നിലവിൽ വന്നു. 9, 10 നൂറ്റാണ്ടുകളിൽ പേപ്പസിയെ തങ്ങളുടെ നിയന്ത്രണത്തിൽ കൊണ്ടുവരാനുള്ള രാജാക്കന്മാരുടെ കഠിനപരിശ്രമം നടന്നു. ക്രമേണ പാപ്പാധിപത്യത്തിന് ശക്തിക്ഷയം സംഭവിച്ചു. 10-11 നൂറ്റാണ്ടുകളിൽ സഭാഭരണം അഴിമതിയിൽ മുങ്ങിത്താഴ്ന്ന കാലമായിരുന്നു. സഭാചരിത്രത്തിൽ ഇരുണ്ടകാലഘട്ടമായി പരിഗണിക്കപ്പെടുന്ന ഈ കാലയളവിലും റോം കേന്ദ്രീകരിച്ച് നിരവധി ഭക്താഭ്യാസങ്ങൾ ഉടലെടുത്തു. വിശുദ്ധരുടെയും രക്തസാക്ഷികളുടെയും ശവകുടീരങ്ങളിലേക്ക് തീർത്ഥയാത്രകൾ സംഘടിപ്പിക്കുവാൻ തുടങ്ങിയതും ഈ കാലയളവിൽ തന്നെ.

പോപ്പ് നിക്കളോസ് രണ്ടാമന്റെ (1059-1061) കാലഘട്ടത്തിൽ പാപ്പ തെരഞ്ഞെടുപ്പിൽ വിപ്ലവകരമായ മറ്റങ്ങൾ നടന്നു. പാപ്പായെ തെരഞ്ഞെടുക്കാൻ സേക്രഡ് കോളേജ് ഓഫ് കാർഡിനൽസ് രൂപീകരിക്കപ്പെട്ടു. രാഷ്ട്രീയഭരണാധികരികളുടെ ഇടപെടൽ കൂടാതെ പാപ്പാമാരെ തെരഞ്ഞടുക്കപ്പെടാൻ തുടങ്ങി. ഇതോടൊപ്പം റോമിന്റെ പരമാധികാരം, പാപ്പാ സാർവത്രിക സഭയുടെ തലവൻ എന്നിങ്ങനെയുള്ള ആശയങ്ങൾ ഉയർന്നുവന്നു. എല്ലാ മെത്രാന്മാരും വൈദീകരും അൽമായരും റോമിലെ പാപ്പാക്ക് വിധേയരാണെന്ന പ്രബോധനം സഭയിൽ ഭിന്നതയ്ക്ക് കാരണമായി. പ്രത്യേകിച്ച് കിഴക്കിലെ ഓർത്തഡോക്സ് സഭാ നേതൃത്വം പാപ്പാധിപത്യം അംഗീകരിക്കാൻ തയ്യാറായില്ല.


12-ാം നൂറ്റാണ്ടിൽ പേപ്പസി ഭരണാധികാര ഉദ്യോഗസ്ഥ സംവിധാനമായിമാറി. അങ്ങനെ ആത്മീയ നേതൃത്വം ഭൗതീകഭരണത്തിന്റെ കേന്ദ്രസ്ഥാനമായിത്തീർന്നു. പേപ്പൽ കോടതികൾ നീതിന്യായ വ്യവസ്ഥകൾ നിർവചിക്കാനും നടപ്പിലാക്കാനും ആരംഭിച്ചു. പോപ്പ് ഇന്നസന്റ് മൂന്നാമൻ സ്റ്റേറ്റുകളുടെമേൽ ഫലപ്രദമായ നിയന്ത്രണം ഏർപ്പെടുത്തി. പോപ്പ് ഇന്നസന്റ് മൂന്നാമൻ താൻ ക്രിസ്തുവിന്റെ വികാരിയും ദൈവത്തിനും മനുഷ്യർക്കും ഇടയിൽ നിലകൊള്ളുന്നവനുമാണെന്നു വ്യക്തമാക്കി. പേപ്പൽ സംസ്ഥാനങ്ങളുടെ മേൽഫലപ്രദമായ നിയന്ത്രണം നടപ്പിലാക്കാൻ ഇന്നസെന്റ് മൂന്നാമന് സാധിച്ചു. നാലാം കുരിശുയുദ്ധം (1202-04) പ്രഖ്യാപിക്കുകയും ഫ്രാൻസിസ് ആൻസ് (1209) ഡോമിനിക്കൻ (1215) സന്യാസസഭകൾക്ക് അംഗീകാരം നൽകുകയും ചെയ്തു. ദിവ്യകാരുണ്യത്തിൽ രൂപാന്തരീകരണം സംഭവിക്കുന്ന 'Transtantination' എന്ന ദിവ്യരഹസ്യം 1215 ൽ ഇദ്ദേഹത്തിന്റെ അധ്യക്ഷതയിൽ ചേർന്ന നാലാം ലാറ്ററൽ കൗൺസിലിലാണ് (1215) പ്രഖ്യാപനം നടത്തിയത്. 13-ാം നൂറ്റാണ്ടിൽ പോപ്പ് ബോണിഫസ് VIII (1294-1303) ന്റെ കാലത്ത് ഫ്രാൻസിലെ രാജാവായ ഫിലിപ്പ് നാലാമനുമായുള്ള സംഘർഷം പേപ്പസിയുടെ ഭദ്രതയെ ഉലച്ചു. 1309 ൽ പാപ്പായുടെ ആസ്ഥാനം ഫ്രാൻസിലെ അവിഞ്ഞോണിലേക്ക് മാറ്റപ്പെട്ടു. പാപ്പാ തടവുകാരനായി ജീവിച്ചു. ബാബിലോൺ പ്രവാസകാലം എന്നാണ് ഈ കാലഘട്ടം അറിയപ്പെടുന്നത്. പാപ്പാധിപത്യത്തിന്റെ തകർച്ചയും യൂറോപ്യൻ രാജ്യങ്ങളിലുണ്ടായ അസ്ഥിരതയും വിഘടനങ്ങളും സഭയുടെ സാർവത്രികത എന്ന ആശയത്തെയും പാപ്പാധിപത്യത്തിന്റെ കരുത്തിനെയും ചോർത്തിക്കളഞ്ഞു.

## നവോത്ഥാന മതനവീകരണ കാലഘട്ടം

മധ്യകാല യൂറോപ്യൻ സാംസ്കാരികധാരയിൽ നിന്ന് നവീനമായ ആശയങ്ങൾ രൂപമെടുക്കുകയും അവ മനുഷ്യന്റെ ചിന്താമണ്ഡലങ്ങളെ സ്വാധീനിച്ച്, കല, സാഹിത്യം, സംസ്കാരം, അധ്യാത്മികത എന്നീ മേഖലകളിൽ പുതിയ മാറ്റങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്ത കാലഘട്ടമായിരുന്നു ഇത്. പേപ്പസിയുടെ തകർച്ചയെ തുടർന്ന് ലഭിച്ച സ്വാതന്ത്ര്യബോധം ഈ മാറ്റങ്ങൾക്ക് കരുത്തേകി. ആവിഞ്ഞോണിലും റോമിലും വിരുദ്ധ ചേരികളിൽപ്പെട്ട കർദ്ദിനാൾമാർ രണ്ടു പാപ്പാമാരെ തെരഞ്ഞെടുക്കുകയുണ്ടായി. ഇതിനെച്ചൊല്ലിയുണ്ടായ തർക്കവിതർക്കങ്ങൾ ദീർഘനാൾ നീണ്ടുനിന്നു. 1417 ൽ കൂടിയ കൗൺസിൽ ഓഫ് കോൺസ്റ്റൻസിൽ വച്ച് തർക്കവിതർക്കങ്ങൾക്ക് ശമനം വരുകയും ഒരാളെ തെരഞ്ഞെടുത്തുകൊണ്ട് പാപ്പാധികാരത്തർക്കം അവസാനിപ്പിക്കുകയും ചെയ്തു.

പോപ്പ് നിക്കോളാസ് 5-ാമന്റെ കാലത്താണ് ഹ്യൂമനിസവും നവോത്ഥാനചിന്തകളും ഉടലെടുക്കുന്നത്. പൗരാണികകൃതികളുടെ പഠനത്തിന് അദ്ദേഹം പ്രോത്സാഹനം നൽകി. സെന്റ് പീറ്റേഴ്സ് ബസലിക്കയുടെയും വത്തിക്കാൻ ലൈബ്രറിയുടെയും നവീകരണം ഇക്കാലയളവിൽ നടന്നു. പോപ്പ് സിക്സ്റ്റസ്-IV, പോപ്പ് അലക്സാണ്ടർ-VI, പോപ്പ് ജൂലിയസ്-II തുടങ്ങിയവർ കലകളുടെ പ്രോത്സാഹനത്തിനും വളർച്ചക്കുമായി നിലകൊണ്ടു. ഈ കാലയളവിൽ റോമിനെ കലകളുടെ സ്വർഗലോകമാക്കി മാറ്റാൻ പിന്തുണ നൽകിയ പാപ്പമാരിലൂടെ പ്രശസ്തിയാർജ്ജിച്ച റാഫേൽ, മൈക്കലാഞ്ചലോ ലിയോണാർഡോ ഡാവിഞ്ചി തുടങ്ങിയ കലാകാരന്മാരുടെ ശില്പചിത്രകലാരൂപങ്ങൾ ലോകപ്രശസ്തി നേടി.

നവോത്ഥാനകാലഘട്ടത്തിൽ സഭയെ നയിച്ച പാപ്പമാർ കലകളെയും കലാകാരന്മാരെയും പിന്തുണച്ചും പ്രോത്സാഹിപ്പിച്ചും മുന്നോട്ടുപോയപ്പോൾ ആദ്ധ്യാത്മികതയിൽ സഭവളരെയേറെ പിന്നോട്ട് പോയി. ഈ കലയളവിൽ വളർന്നുവന്ന മതനവീകരണപ്രസ്ഥാനങ്ങൾക്ക് നേതൃത്വം നല്കിയ മാർട്ടിൻ ലൂഥർ, കാൽവിൻ, ഉൾറിച്ച് സിംഗ്ലി, ഹെൻട്രി 8-ാമൻ തുടങ്ങിയവർ സഭാനേതൃ



**യേശുവിന്റെ അദൃശ്യകരങ്ങളാൽ താങ്ങപ്പെടുന്ന കത്തോലിക്കാസഭ വെല്ലുവിളികൾക്കും പ്രതിസന്ധി കൾക്കും നടുവിൽ അക്ഷോഭ്യമായി നിലകൊള്ളുന്നു.**

ത്വത്തെ ചോദ്യം ചെയ്യുകയും കലാപസമാനമായ പ്രശ്ന ങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. അക്ഷരാർത്ഥത്തിൽ യൂറോപ്പിൽ സഭ നെടുകെ പിളർന്നു എന്നുതന്നെ പറ യാം. ഈ പിളർപ്പിനെ സഭ നേരിട്ടത് പ്രധാനമായും കൗൺസിൽ ഓഫ് ട്രെന്റ് (1545–1563) വിളിച്ചുകൂട്ടി ക്കൊണ്ട് എടുത്ത തീരമാനങ്ങളിലൂടെയാണ്. പ്രതിമത നവീകരണം (counter reformation) എന്നറിയപ്പെടുന്ന പ്രതി രോധ നടപടികളിലൂടെ യൂറോപ്പിൽ സഭയെ തകർച്ച യിൽ നിന്ന് കരകയറ്റാനായി.

## പ്രതിമതനവീകരണാനന്തര കാലഘട്ടം

യൂറോപ്യൻ രാജ്യങ്ങളിലെ വിവിധ ജനവിഭാഗങ്ങ ളുടെ ഇടയിൽ ഇക്കാലയളവിൽ വളർന്നുവന്ന ദേശീയ ബോധം പുതിയ രാജ്യങ്ങളുടെ രൂപീകരണത്തിലേക്ക് വഴിതുറന്നു. സഭയിലും ആശാവഹമായ നവീകരണ ങ്ങൾ നടന്നു. കർദ്ദിനാളന്മാരുടെ കൊളീജിയത്തിന്റെ അഴിച്ചുപണിയും പുതിയ സന്യാസസഭകളായ കപ്പൂ ച്ചിൻ (1619), ഈശോസഭ (1540) തുടങ്ങിയവയുടെ സ്ഥാപനവും ഈ സഭകൾ സഭാനവീകരണത്തിന് നൽകിയ സംഭാവനകളും തുടർന്നുവന്ന പാപ്പാന്മാരുടെ നേതൃത്വത്തിൽ പുതിയ ഭൂഖണ്ഡങ്ങളിൽ നടന്ന സുവി ശേഷ പ്രഘോഷണ സംരംഭങ്ങളും എടുത്തുപറയേണ്ട വസ്തുതകളാണ്. സഭയിൽ മിഷണറി പ്രവർത്തന ങ്ങൾക്ക് ആക്കം കൂട്ടാനായി 1622 ൽ ആരംഭിച്ച വിശ്വാസ പ്രചാരണ തിരുസംഘം (congregation for propogation of faith) മതനവീകരണാനന്തരകാലഘട്ടത്തിലെ ശ്രദ്ധേ യമായ നേട്ടമാണ്. പ്രതിമതനവീകരണ കാലഘട്ടത്തിൽ സംഘടിപ്പിക്കപ്പെട്ട കൗൺസിൽ ഓഫ് ട്രെന്റിന്റെ നയ പരിപാടികൾ നടപ്പിലാക്കാനുള്ള സഭയുടെ ശ്രമങ്ങൾക്ക് ഏറെ ഫലമുണ്ടായില്ല എന്ന വസ്തുതയും വിസ്മരിക്കാ നാവില്ല.

വിശ്വാസവിരുദ്ധമെന്ന് കരുതപ്പെട്ട പാഷാണ്ഡത കളോടും ആധുനിക യൂറോപ്പിൽ ഉയർന്നുവന്ന ഗാല്ലി ക്കാനിസം (ഫ്രാൻസ്), ഫെബ്രോണിയാനിസം (ജർമ നി) ജോസഫിസം (ആസ്ത്രിയ, ഇറ്റലി) തുടങ്ങിയ പ്രസ്ഥാനങ്ങളുമായി സഭയ്ക്ക് ഇക്കാലയളവിൽ ഏറ്റു മുട്ടേണ്ടിവന്നു. കേന്ദ്രീകൃത സ്വഭാവവും അധികാരകേ ന്ദ്രീകരണവും തുടർന്നുവന്ന സഭാധികാരികളുടെ നയ ങ്ങൾക്കെതിരെ യൂറോപ്പിലെ പ്രബുദ്ധരായ രാഷ്ട്രീയ നേതൃത്വവും ഫ്രാൻസ്, സ്പെയിൻ, പോർട്ടുഗൽ, നേപ്പിൾസ് എന്നിവിടങ്ങളിലെ തത്വചിന്തകരും ശക്ത മായ എതിർപ്പ് പ്രകടിപ്പിക്കുകയുണ്ടായി. പുരോഗമനാ ത്മകമായ ആശയങ്ങൾ ഉൾക്കൊണ്ട് തീക്ഷ്ണതയോടെ പ്രവർത്തിച്ച ഈശോസഭ 1773 ൽ നിരോധിക്കപ്പെട്ട സംഭവം സഭാപരിഷ്കരണവാദികളിൽ നിരാശപടർത്തി.

## ആധുനികകാലത്തെ പേപ്പസി

18-ാം നൂറ്റാണ്ടിലെ ഫ്രഞ്ചുവിപ്ലവം യൂറോപ്യൻ രാജ്യങ്ങളിലും സഭയിലും വൻമാറ്റങ്ങൾക്ക് തുടക്കംകു റിച്ചു. പയസ് VI (1775–99) പയസ് VII (1800–23) എന്നീ പാപ്പമാർ ഫ്രാൻസിൽ തടവുകാരാക്കപ്പെടുകയുണ്ടായി. 1789–99 കാലയളവിൽ രൂപമെടുത്ത റോമൻ റിപ്പബ്ലിക് പേപ്പൽ സ്റ്റേറ്റിന്റെ അന്ത്യംകുറിച്ചു. വിയന്ന കോൺഗ്ര സിന്റെ (1814–15) തീരുമാനമനുസരിച്ച് പേപ്പൽ സ്റ്റേറ്റ് പനഃ സ്ഥാപിക്കപ്പെട്ടെങ്കിലും ഇറ്റാലിയൻ ദേശീയബോധ ത്തിന്റെ ഉണർവ് (Risorgimento) മൂലം ഇറ്റലിയുടെ ഏകീകരണം യാഥാർത്ഥ്യമാക്കിത്തീർത്തു. അതേസ മയം പോപ്പ് പയസ് IX-ാമൻ (1846–1878) പുറപ്പെടുവിച്ച Syllabus of Errors (1864) അക്കാലഘട്ടത്തിൽ നിലവിലു ണ്ടായിരുന്ന അടിസ്ഥാനപരമായ ഏകദേശം 80 ഓളം തിന്മകളെപ്പറ്റി എടുത്തുകാട്ടി ഒരു പ്രബോധനരേഖ പുറ ത്തിറക്കുകയുണ്ടായി.

രാഷ്ട്രീയ ഭൗതീകാധികാരങ്ങൾ നഷ്ടപ്പെട്ട ഇക്കാലയളവിൽ പാപ്പാന്മാർ തങ്ങളുടെ അദ്ധ്യാത്മികമായ അധികാരം അരക്കിട്ടുറപ്പിക്കാൻ രണ്ടു തത്വങ്ങൾ അവതരിപ്പിച്ചു. പാപ്പായുടെ അപ്രമാദിത്വം (Papal Infalibility) 2 പാപ്പായുടെ പരമാധികാരിത്വം (Popes Ultramonitarism) 1870 ലെ ഒന്നാം വത്തിക്കാൻ സുനഹദോസിൽ വിശ്വാസകാര്യങ്ങളിൽ പാപ്പാക്കുള്ള അപ്രമാദിത്വവും പരമാധികാരത്വവും അടിവരയിട്ടു പ്രഖ്യാപിച്ചു. ഭൗതിക അധികാരവും ഭൂസ്വത്തുക്കളും നഷ്ടപ്പെട്ട് വത്തിക്കാൻ കൊട്ടാരത്തിൽ ഏകാന്തവാസം നയിച്ചിരുന്ന പാപ്പാമാർക്ക് ആശ്വാസമായിത്തീർന്നു. 1929 ലെ ലാറ്ററൽ ഉടമ്പടി. മുസോളിനിയുടെ ഫാസിസ്റ്റ് ഭരണകൂടവും പേപ്പസിയും തമ്മിൽ ഒപ്പുവച്ച ഉടമ്പടി പ്രകാരം വത്തിക്കാൻ എന്ന രാജ്യത്തിന്റെ അസ്ഥിത്വം ഉറപ്പാക്കപ്പെടുകയും പാപ്പായെ വത്തിക്കാന്റെ ഭരണാധികാരിയായി അംഗീകരിക്കപ്പെടുകയും ചെയ്തു.

19-ാം നൂറ്റാണ്ടിൽ ഉയർന്നുവന്ന തൊഴിലാളി വർഗ പ്രസ്ഥാനങ്ങളും നൂതന സിദ്ധാന്തങ്ങളും മുതലാളിത്തത്തിനും തൊഴിലാളി ചൂഷണത്തിനും എതിരായി ഉയർന്നുവന്ന പ്രതിഷേധങ്ങളും ജന്മംകൊള്ളുന്നതിനു മുമ്പ് സഭയുടെ സാമൂഹ്യദർശനം അവതരിപ്പിച്ചുകൊണ്ട് ലിയോ പതിമൂന്നാമൻ പാപ്പ പുറത്തിറക്കിയ 'പുതിയ കാര്യങ്ങൾ' (Rerum Novarum) എന്ന ചാക്രികലേഖനം ലോകത്തിന്റെ ശ്രദ്ധനേടുകയുണ്ടായി. ഇക്കാലയളവിൽ നൂതനാശയങ്ങളും ലോകത്തിൽ ഉയർന്നുവന്ന സ്വതന്ത്ര ചിന്താഗതികളും സഭയെ മാറ്റത്തിന്റെ പാതയിലൂടെ ചരിക്കുവാൻ പ്രേരിപ്പിച്ചു. ലോകത്തോടും മനുഷ്യവർഗത്തോടുമുള്ള സഭയുടെ വീക്ഷണം അവതരിപ്പിക്കപ്പെട്ടത് ജോൺ 23-ാമൻ പാപ്പ സഭാതലവനായി അവരോധിതനായതോടുകൂടിയാണ്. ഇദ്ദേഹമാണ് രണ്ടാംവത്തിക്കാൻ സുനഹദോസ് സമ്മേളനം വിളിച്ചുകൂട്ടിയത്. 1962 ൽ തുടക്കമിടുകയും 1963 ൽ പാപ്പായുടെ ആകസ്മിക മരണത്തോടെ കൗൺസിൽ താല്ക്കാലികമായി നിറുത്തിവച്ചെങ്കിലും പോൾ ആറാമൻ പാപ്പ സുനഹദോസിനെ മുന്നോട്ടുകൊണ്ടുപോയി 1965 ൽ സമ്മേളനം പൂർത്തീകരിച്ചു. സഭയെ അധുനാധുനീകരിക്കുക എന്ന ലക്ഷ്യത്തോടെ യോഹന്നാൻ 23-ാമൻ പാപ്പ തുടങ്ങിവച്ച വത്തിക്കാൻ സുനഹദോസ് സഭയിൽ വിപ്ലവാത്മകമായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചു. ആരാധനാക്രമത്തിൽ ലത്തീനു പകരം പ്രാദേശികഭാഷ ഉപയോഗിക്കാൻ ആരംഭിച്ചു. സഭ ദൈവജനത്തിന്റെ കൂട്ടായ്മയാണെന്ന ചിന്തയ്ക്ക് പ്രചാരം ലഭിച്ചു. സഭാഐക്യപ്രവർത്തനങ്ങൾ, വിവിധമതങ്ങളുമായി സംവാദങ്ങൾ തുടങ്ങിയ പുതുമയാർന്ന സമീപനങ്ങൾക്ക് സഭയിൽ ആരംഭം കുറിക്കപ്പെട്ടത് രണ്ടാം വത്തിക്കാൻ കൗൺസിലിന് ശേഷമാണ്.

ലോകത്തെ ഗുരുതരമായി ബാധിക്കുന്ന ജനസംഖ്യാനിയന്ത്രണം, മനുഷ്യജീവന്റെ മഹത്വത്തിനെതിരെ ഉയർന്ന വെല്ലുവിളികൾ എന്നീ വിഷയങ്ങളിൽ സഭയുടെ വ്യക്തമായ നിലപാടുകൾ ലോകത്തിന് മുന്നിൽ പോൾ ആറാമൻ സധൈര്യം അവതരിപ്പിക്കപ്പെടുകയുണ്ടായി. പാപ്പാമാരെ ഇറ്റലിയിൽ നിന്നുള്ള കർദ്ദിനാൾമാർക്ക് ഭൂരിപക്ഷമുണ്ടായിരുന്ന കർദ്ദിനാൾ സംഘം തെരഞ്ഞെടുത്തിരുന്നു. കർദ്ദിനാളന്മാരുടെ കൊളീജിയത്തിൽ യോഹന്നാൻ പാപ്പയുടെ കാലം മുതൽ ലോകത്തിലെ എല്ലാ ഭൂഖണ്ഡങ്ങളിലെയും രാജ്യങ്ങളിൽനിന്നുള്ള മെത്രാന്മാരെ കർദ്ദിനാളന്മാരായി തെരഞ്ഞെടുത്തുകൊണ്ട് സഭയുടെ സാർവത്രികമുഖം പ്രകാശമാനമാക്കി തീർത്തു. 80 വയസ്സ് കഴിഞ്ഞ കർദ്ദിനാളന്മാർക്ക് പാപ്പയെ തെരഞ്ഞെടുക്കുവാനുള്ള അവകാശം പോൾ ആറാമൻ പാപ്പ എടുത്തുകളഞ്ഞു. ഇദ്ദേഹത്തിന്റെ പിൻഗാമിയായി ചുമതലയേറ്റ ജോൺപോൾ ഒന്നാമന് കേവലം ഒരു മാസം മാത്രമേ പാപ്പയായി തുടരാനായുള്ളൂ. അദ്ദേഹത്തിന്റെ ആകസ്മികമായ അന്ത്യത്തെത്തുടർന്ന് ഇറ്റലിക്കുപുറത്തുള്ള സ്ലാവ് വംശജനും പോളണ്ടുകാരനുമായ ജോൺപോൾ രണ്ടാമൻ പാപ്പ സഭയുടെ നേതൃത്വസ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു. ലോകവ്യാപകമായി സഞ്ചരിച്ചും ജനങ്ങളോട് സംവദിച്ചും കമ്യൂണിസത്തിന്റെ തകർച്ചയ്ക്ക് തന്നാലാവുന്ന പങ്കുവഹിച്ചും അദ്ദേഹം മുന്നോട്ടുപോയി. ചരിത്രപ്രസിദ്ധമായ ജറുസലേം സന്ദർശനം യഹൂദന്മാരുമായി ആരോഗ്യകരമായ ബന്ധത്തിന് തുടക്കംകുറിച്ചതും ഒക്കെ ജോൺപോൾ രണ്ടാമന്റെ ഭരണകാലയളവിലാണ്.

2005 ൽ പാപ്പയായി ചുമതലയേറ്റ ബനഡിക്ട് XVI-ാമൻ പാപ്പ പൊതുവെ യാഥാസ്ഥിതികനായി പരിഗണിക്കപ്പെടുന്നു. (Deus Caritas Est) (ദൈവം സ്നേഹമാകുന്നു) എന്ന ചാക്രികലേഖനം പ്രത്യേകം ശ്രദ്ധാർഹമായ ഒന്നാണ്. ബനഡിക്ട് XVI-ാമൻ പാപ്പയ്ക്ക് മറ്റൊരു പ്രത്യേകതകൂടിയുണ്ട്. 600 വർഷങ്ങൾക്കുശേഷം സഭയിൽ ആധുനികകാലത്ത് ഒരു പാപ്പ സ്ഥാനത്യാഗം ചെയ്തത് ബനഡിക്ട് XVI-ാമനിലൂടെയാണ്.

തെക്കേ അമേരിക്കൻ ഭൂഖണ്ഡത്തിലെ അർജന്റീനയിൽ നിന്ന് ഈശോ സഭാംഗം കർദ്ദിനാൾ ജോർജ് ബർഗോളിയ 2013 ൽ പത്രോസിന്റെ സിംഹാസനത്തിലേക്ക് കടന്നുവന്നു. വത്തിക്കാനിലെ ഉദ്യോഗഭരണ നിർവഹണകാര്യത്തിൽ അടിമുടി പരിഷ്കാരങ്ങൾ അദ്ദേഹം നടപ്പിലാക്കി. എന്നാൽ യാഥാസ്ഥിതികർ ഫ്രാൻസിസ് പാപ്പയുടെ നിലപാടുകളുമായി യോജിച്ചു പോകാൻ പലപ്പോഴും സന്നദ്ധരാകുന്നില്ലെന്ന വെല്ലുവിളി ഉയരുന്നു.

ഉയർച്ചകളും താഴ്ചകളും വിജയങ്ങളും വീഴ്ചകളും കലഹങ്ങളും തർക്കങ്ങളും സാധാനവും അസമധാനവും നിറഞ്ഞുനിന്ന സുദീർഘമായ കാലയളവിൽ സഭാനൗകയെ നിയന്ത്രിച്ച പരിശുദ്ധാത്മാവിന്റെ പ്രവർത്തനം സഭാ ചരിത്രത്തിലുടനീളം അനുഭവവേദ്യമാകുന്നു. സാമ്രാജ്യങ്ങൾ തകർന്നു. ശില്പഭംഗിയാർന്ന മനോഹര സൗധങ്ങൾ നിലംപതിച്ചു. പേരും പ്രശസ്തിയും നേടിയ സാമ്രാട്ടുകൾ ചരിത്രഗതിയിൽ വിസ്മൃതരായി. യേശുവിന്റെ അദൃശ്യകരങ്ങളാൽ താങ്ങപ്പെടുന്ന കത്തോലിക്കാസഭ വെല്ലുവിളികൾക്കും പ്രതിസന്ധികൾക്കും നടുവിൽ അക്ഷോഭ്യമായി നിലകൊള്ളുന്നു. ■






**ജീവിതത്തിന്റെ നിഗൂഢതകളെപ്പറ്റി ആഴത്തിൽ ചിന്തിക്കാനും പുതിയ കാഴ്ചപ്പാടുകൾ കണ്ടെത്താനും സഹായിക്കുന്ന നോവൽ**

# കടലിന്റെ മണം



**സിന്ധുമോൾ തോമസ്**

**ഫി**ക്ഷൻ ആണ് മനുഷ്യന്റെ ഏറ്റവും വലിയ കണ്ടുപിടുത്തം. മനുഷ്യൻ സൃഷ്ടിക്കുന്ന കഥകളാണ് ലോകത്തെ മാറ്റി മറിക്കുന്നത്. അങ്ങനെ ആ കഥ സംഭവിച്ചു. നാലു ബിയറിന്റെ ലഹരിയിൽ വണ്ടിയിടിച്ച് ഒരു മനുഷ്യനെ കൊന്നുവെന്ന യാഥാർഥ്യത്തിൽ നിന്ന് വത്സകൊച്ചിനെ മായിച്ചു കളഞ്ഞപ്പോൾ ഡ്രൈവിംഗ് സീറ്റ് കാലിയായി. ഇനി ആ സീറ്റിലേക്ക് ഒരാളെ കണ്ടെത്തണം. അസിസ്റ്റന്റ് കമ്മിഷണർ കറിയാ സാറും കോൺസ്റ്റബിൾ സന്തോഷ് ബാബുവും കൂടി അതിനുവേണ്ടി കണ്ടെടുത്ത ആളായിരുന്നു സച്ചിദാനന്ദൻ. മായയുടെയും അജയന്റെയും പിതാവ്. സുലേഖയുടെ ഭർത്താവ്. പൊതുമരാമത്തു വകുപ്പിലെ മേലുദ്യോഗസ്ഥൻ. കൂട്ടുകാരില്ലാത്ത, അധികം സംസാരിക്കാത്ത, ദിനചര്യകളിലൂടെ മാത്രം ജീവിക്കുന്ന, വേറിട്ടൊന്നും ചിന്തിക്കുകയോ പ്രവർത്തിക്കുകയോ ചെയ്യാത്ത അമ്പത്തിമൂന്നുകാരൻ. അവനവനിലേക്ക് ചുരുങ്ങിപ്പോയ യന്ത്രം.

സച്ചിദാനന്ദൻ മനപൂർവ്വമല്ലാത്ത നരഹത്യക്ക് റിമാൻഡിൽ ആയി എന്ന വാർത്ത ആ മൂവരിലും വ്യത്യസ്ത പ്രതികരണമാണ് ഉണർത്തിയത് . സുലേഖ മാനസിക സംഘർഷത്തിന് അടിപ്പെട്ടു. അജയൻ തീരെ ഉദാസീനനായി കുറ്റം അച്ഛന്റെ തലയിൽ വെച്ചുകെട്ടി ഒഴിഞ്ഞു മാറി. മൂത്ത മകൾ മായ വീടിന്റെ നേതൃസ്ഥാനം ഏറ്റെടുത്തു. അവൾ മുന്നിട്ടിറങ്ങി അച്ഛന് ജാമ്യം തരപ്പെടുത്തിക്കൊടുത്തു.

അപകടത്തിൽ പെട്ട ആൾ മരിച്ചതുകൊണ്ടും മരിച്ചയാൾ ഒരു പ്രമാദമായ കേസുമായി ബന്ധപ്പെട്ട ആളായതുകൊണ്ടും

**പറയാനുദ്ദേശിച്ചതെല്ലാം കൃത്യമായും ശക്തമായും പങ്കുവെക്കുന്നുണ്ട് നോവലിസ്റ്റ്. സന്ദർഭമനുസരിച്ചുള്ള തത്വചിന്തകളും ഒഴുക്കുള്ള കഥനരീതിയും എങ്ങുമില്ലാത്ത ഒരു കടലിന്റെ അവാച്യമായ സാന്നിധ്യവും അസാധാരണമായ കഥാസന്ദർഭങ്ങളും ഈ നോവലിനെ recommendable ആക്കുന്നു.**

സച്ചിദാനന്ദന്റെ നില പരുങ്ങലിൽ ആയി. കേസിന്, പ്രത്യേകിച്ചൊരു പുരോഗതിയും ഉണ്ടാകാതിരിക്കുന്ന അവസരത്തിലാണ് മായയ്ക്ക് ഒരു കാൾ ലഭിക്കുന്നത്. ആക്സിഡന്റ് നടക്കുന്ന സമയത്തു വൈറ്റ് കാസ്റ്റിൽ എന്ന ലോഡ്ജിലെ ഒരു മുറിയിൽ അച്ഛനുണ്ടായിരുന്നു, എന്നായിരുന്നു ആ ഫോൺകാളിന്റെ സംഗ്രഹം. നേരിൽ ഒരു കൂടിക്കാഴ്ചയ്ക്ക് മായയെ ക്ഷണിച്ചുകൊണ്ട് സഫിയ എന്നൊരു സ്ത്രീയുടേതായിരുന്നു ആ കാൾ. തുടർന്ന് അനാശാസ്യത്തിന് അറസ്റ്റ് ചെയ്യപ്പെട്ട അച്ഛൻ ആ മാനക്കേട് മറയ്ക്കാനാണ് ഈ കൊലപാതകക്കേസിൽ പ്രതിയാവാൻ സമ്മതിച്ചത് എന്ന് മായയ്ക്ക് വ്യക്തമായി.

നിരവധി ശക്തമായ കഥാപാത്രങ്ങളെ അണിനിരത്തിക്കൊണ്ടാണ് പൂർണ്ണമായും ഭാവനാകല്പിതമായ ഈ കഥ നോവലിസ്റ്റ് അവതരിപ്പിക്കുന്നത്.

ജീവിതകാലം മുഴുവൻ മര്യാദക്കാരനായി ജീവിക്കുകയും സൽപ്പേര് നിലനിർത്താനായി മറ്റൊന്നിലും ഇടപെടാതിരിക്കുകയും ഒടുവിൽ ഒരു കൊലപാതകക്കുറ്റം ഏറ്റെടുക്കാൻവരെ തയ്യാറാവുകയും ചെയ്തിട്ടും സച്ചിദാനന്ദന് നിയതമായ വിധിയിൽ നിന്ന് രക്ഷപെടാനായില്ല. അയാൾ എന്തൊക്കെ മറച്ചുവെക്കാൻ ആഗ്രഹിച്ചുവോ അതെല്ലാം കോടതിമുറിയിൽ തെളിവ് സഹിതം അനാവരണം ചെയ്യപ്പെട്ടു.

ഒരു മനുഷ്യന്റെ ജീവിതം എത്രമേൽ യാന്ത്രികമാക്കാം എന്നതിന് ഉത്തമ ഉദാഹരണമാണ് സച്ചിദാനന്ദൻ. സാധ്യതകളെ പൂർണ്ണമായും തള്ളിക്കളയുന്ന മനുഷ്യൻ. ഉഴുതുമറിച്ച ചാലിലൂടെ മാത്രം വീണ്ടും വീണ്ടും ഉഴുത് ജീവിതം തീർക്കുന്ന മനുഷ്യൻ. ജീവിക്കാൻ മറന്നുപോയവരെ ഒന്നിലധികം മുഹൂർത്തങ്ങളിൽ ഇക്കാര്യം ആവർത്തിച്ച് ഓർമ്മപ്പെടുത്തുന്നുണ്ട് നോവലിസ്റ്റ്.

ശാർങ്ഗധരൻ എന്ന കൂട്ടിക്കൊടുപ്പുകാരന്റെ വാണിജ്യതാല്പര്യങ്ങൾ അതിരുകടക്കുമ്പോൾ അതിൽ നിന്നു സ്വാതന്ത്ര്യയാവാൻ സഫിയ ആഗ്രഹിക്കുന്നു. അങ്ങനെ സ്വന്തമായി ഏറ്റെടുക്കുന്ന ആദ്യത്തെ കേസാണ് സച്ചിദാനന്ദന്റേത്.

ശാർങ്ഗധരനെ സംബന്ധിച്ചിടത്തോളം പൊന്മുട്ടയിടുന്ന താറാവായിരുന്നു സഫിയ. കൈവിട്ടുപോയ അവളെ തിരിച്ചു കൊണ്ടുവരാൻ ശാർങ്ഗധരൻ ഒരു കടുംകൈ ചെയ്യുന്നു. അയാളാണ് പോലീസിനെ വിവരമറിയിക്കുന്നത്. സഫിയയെ വീണ്ടും ആവശ്യമുള്ളതുകൊണ്ട് മാധ്യമശ്രദ്ധ നേടാതെ അവളെ അയാൾ സംരക്ഷിക്കുന്നു.

താൻമൂലം കൊലപാതകക്കുറ്റം ചുമക്കാൻ നിബന്ധിതനാവുന്ന ഒരു മധ്യവയസ്കനെയും അയാളുടെ കുടുംബത്തെയും ഓർത്തു സഫിയ ആകുലപ്പെടുന്നു. അങ്ങനെയാണ് തന്റെ ക്ലയന്റിന്റെ മകളെ നടന്ന കാര്യങ്ങൾ അറിയിക്കാൻ അവൾ രണ്ടും കൽപ്പിച്ചു തീരുമാനിക്കുന്നത്. തികച്ചും അസാധാരണമായ, ദുഷ്കരമായ ഒരു തീരുമാനം.

ജീവിക്കാൻ വേണ്ടി വിട്ടുവീഴ്ചകൾക്കു തയ്യാറാവുന്ന സാധാരണ മനുഷ്യന്റെ പ്രതിനിധിയാണ് സതീഷ് ബാബു. കറിയ സാറിന്റെയും മകളുടെയും ഒരു കല്പനയും അയാൾ അനുസരിക്കാതിരുന്നിട്ടില്ല. കറിയ സാറിന്റെ ഭാര്യ ചിന്നമ്മ ചേച്ചിയുടെ ആകുലതകളോടു സഹതപിക്കുമ്പോഴും അധികാരത്തിന്റെ ചെങ്കോലിനു മുകളിൽ അയാളുടെ ധർമ്മബോധം ഉയരുന്നില്ല. ഒടുവിൽ മേലുദ്യോഗസ്ഥനുവേണ്ടി ചെയ്തുകൂട്ടിയ ക്രൂരകൃത്യങ്ങൾ അയാളുടെ തലയിൽ ഉമിത്തീയായി നീറുന്നു. കുടുംബത്തെയും മൂല്യങ്ങളെയും സ്വന്തമനഃസാക്ഷിയെയും മറന്ന് അധികാരത്തെ ആദരിച്ച സതീഷ് ബാബുവിനെ അയാളുടെ കൊള്ളരുതായ്മകൾ സഹിക്കാനാവാതെ ഭാര്യ ഉപേക്ഷിച്ചു പോകുന്നു. അയാളുടെ സമനില തെറ്റുന്നു.

നിയതിയും തിരഞ്ഞെടുപ്പും ഈ രണ്ടു അടിസ്ഥാന ആശയങ്ങളുടെ വടംവലി നോവലിൽ ഉടനീളമുണ്ട്. മായയുടെ തിരഞ്ഞെടുപ്പ്, അജയന്റേയും അമ്മയുടെയും തിരഞ്ഞെടുപ്പുകൾ, സച്ചിദാനന്ദന്റെ ഒരേയൊരു തിരഞ്ഞെടുപ്പ് ഒക്കെ ജീവിതത്തിന്റെ നിഗൂഢതകളെപ്പറ്റി ആഴത്തിൽ ചിന്തിക്കാനും പുതിയ കാഴ്ചപ്പാടുകൾ കണ്ടെത്താനും വായനക്കാരനെ പ്രേരിപ്പിക്കുന്നു.

'മനുഷ്യ ജീവിതത്തിന്റെ താളം തെറ്റിക്കാൻ തീരെച്ചെറിയ ഒരു സംഭവം മതി' , 'എല്ലാ സത്യങ്ങളും എല്ലാവർക്കുമുള്ളതല്ല', 'അവസാനത്തെ കണക്കെടുപ്പിൽ ഓർമ്മകൾ മാത്രമാണ് മനുഷ്യന്റെ സമ്പാദ്യം', 'ഓർത്തുവെക്കാൻ ഒരു നല്ല നിമിഷം പോലുമില്ലാത്ത ഒരാൾ,' 'പാടുപെട്ട് നേടിയെടുത്ത വർത്തമാനകാല നിമിഷങ്ങൾപോലും ഭൂതകാലം വന്നു അപഹരിച്ചേക്കും' , 'സ്വന്തം കുറ്റത്തിന് മറ്റുള്ളവരെ പഴിചാരി സ്വയം ഇരയായി മാറുന്നവർ', 'കാണികളുടെ മുന്നിൽ പീഡകൾ സഹിച്ചു നടത്തുന്ന സർക്കസ്സ് ആണ് സാധാരണ മനുഷ്യരുടെ ജീവിതം', 'എന്നോ മരിച്ചുപോയ മനുഷ്യർ' (ജീവിച്ചിരിക്കുന്നവരെക്കുറിച്ചാണ് ഈ പ്രസ്താവന) എന്നിങ്ങനെ ധാരാളം ഉദ്ധരണികൾ കണ്ടെടുക്കാം ഈ നോവലിൽ നിന്ന്.

പറയാനുദ്ദേശിച്ചതെല്ലാം കൃത്യമായും ശക്തമായും പങ്കുവെക്കുന്നുണ്ട് നോവലിസ്റ്റ്. സന്ദർഭമനുസരിച്ചുള്ള തത്വചിന്തകളും ഒഴുക്കുള്ള കഥനരീതിയും എങ്ങുമില്ലാത്ത ഒരു കടലിന്റെ അവാച്യമായ സാന്നിധ്യവും അസാധാരണമായ കഥാസന്ദർഭങ്ങളും ഈ നോവലിനെ recommendable ആക്കുന്നു. ■




# വിഴിഞ്ഞം സമരത്തെത്തുടർന്നുണ്ടായ മുഴുവൻ കേസുകളും പിൻവലിക്കണം: കെ.എൽ.സി.എ.

വിഴിഞ്ഞം സമരത്തെ തുടർന്ന് പോലീസ് എടുത്ത മുഴുവൻ ക്രിമിനൽ കേസുകളും പിൻവലിക്കാൻ സർക്കാർ നടപടികളെടുക്കണമെന്ന് കോവളത്ത് നടന്ന കെ എൽ സി എ തെക്കൻ മേഖല ക്യാമ്പ് ആവശ്യപ്പെട്ടു. കെ.ആർ.എൽ.സി.യുടെ സഹകരണത്തോടെ നടത്തുന്ന നേതൃ പരിശീലന പരിപാടിയുടെ ഭാഗമായുള്ള ആദ്യ ക്യാമ്പ് തിരുവനന്തപുരം ലത്തീൻ അതിരൂപത വികാരി ജനറൽ മോൺ. യൂജിൻ പെരേര ഉദ്ഘാടനം ചെയ്തു. കെ.എൽ.സി.എ സംസ്ഥാന വൈസ് പ്രസിഡൻറ് ബേബി ഭാഗ്യോദയം അധ്യക്ഷത വഹിച്ചു. കണ്ടാൽ അറിയാവുന്ന ആളുകൾ എന്ന പേരിൽ പ്രദേശത്തെ നിരവധി ആളുകളെ കള്ളക്കേസിൽ കുടുക്കിയിരിക്കുകയാണെന്നും സമരം അവസാനിച്ചപ്പോൾ നൽകിയ ഉറപ്പുകൾ സമയബന്ധിതമായി തീർപ്പാക്കാൻ സർക്കാർ തയ്യാറാകണമെന്നും സമിതി ആവശ്യപ്പെട്ടു. കേസുകളിൽ ഹാജരാകാൻ ഇപ്പോഴും പോലീസ് നോട്ടീസ് നൽകുകയാണ്. ഈ പ്രവണത തുടർന്നാൽ രണ്ടാംഘട്ട സമരം ശ്രദ്ധക്ഷണിക്കലിന്റെ ഭാഗമായി തിരുവനന്തപുരത്ത് സെക്രട്ടറിയറ്റിന് മുന്നിൽ നടത്തുമെന്ന് സംസ്ഥാന പ്രസിഡന്റ് അഡ്വ. ഷെറി ജെ. തോമസ് പറഞ്ഞു.


*ബിഷപ് വർഗീസ് ചക്കാലക്കൽ*


*ബിഷപ് ക്രിസ്തുദാസ് ആർ.*

## കെ ആർ എൽ സി ബി സിക്കും കെ ആർ എൽ സി സിക്കും നവനേതൃത്വം

കേരളാ റീജണൽ ലാറ്റിൻ കാത്തലിക്ക് ബിഷപ്സ് കൗൺസിലിനും (കെ.ആർ.എൽ.സി.ബി.സി) കേരളാ റീജണൽ ലാറ്റിൻ കാത്തലിക്ക് കൗൺസിലിനും (കെ.ആർ.എൽ.സി.സി) പുതിയ നേതൃത്വം. കോട്ടയം വിമലഗിരി പാസ്റ്ററൽ സെന്ററിൽ ആരംഭിച്ച 40–ാം ജനറൽ അസംബ്ലിയിൽ വച്ചാണ് കെ.ആർ.എൽ.സി.ബി.സി. കെ.ആർ.എൽ.സി.സി. പ്രസിഡന്റായി കോഴിക്കോട് ബിഷപ് വർഗീസ് ചക്കാലക്കലിനെയും വൈസ് പ്രസിഡന്റായി വിജയപുരം ബിഷപ് സെബാസ്ത്യൻ തെക്കേത്തെച്ചേരിയെയും സെക്രട്ടറി ജനറലായി തിരുവനന്തപുരം അതിരൂപതാ സഹായമെത്രാൻ ബിഷപ് ക്രിസ്തുദാസ് രാജപ്പനെയും തെരെഞ്ഞെടുത്തത്.

## ലോഗോസ് പഠന സഹായി പുറത്തിറങ്ങി

ഈ വർഷത്തെ (2023) ലോഗോസ് ക്വിസ്സ് സിലബസിനെ ആധാരമാക്കി തയ്യാറാക്കിയിരിക്കുന്ന 'ലോഗോസ് ക്വിസ്സ് പഠന സഹായി 2023' ഇംഗ്ലീഷിലും മലയാളത്തിലുമായി പുറത്തിറങ്ങി. കാർമ്മൽ ഇന്റർനാഷണൽ പബ്ലിക്കേഷൻ പ്രസിദ്ധീകരിച്ച പഠന സഹായി, തയ്യാറാക്കിയത് തിരുവനന്തപുരം അതിരൂപതയിലെ, തോപ്പ് ഇടവകയിലെ ശ്രീ. ഷാജി ജോർജിന്റെ നേതൃത്വത്തിലാണ്. ഇംഗ്ലീഷ് പ്രൊഫസറും ഭാഷ വിദഗ്ദ്ധനുമായ ശ്രീ. അലക്സ് ഫെർണാണ്ടസിന്റെ കൂടി സഹായത്തോടെയാണ് ഇംഗ്ലീഷ് പുസ്തകം തയ്യാറാക്കിയിരിക്കുന്നത്. കേരളത്തിന് പുറത്തെ കെ.സി.ബി.സി.ക്ക് കീഴിലെ വിവിധ രൂപതകളിലെ കുട്ടികൾ ലോഗോസ് ക്വിസ്സിന് ഇംഗ്ലീഷിലാണ് മത്സരിക്കുന്നത് എന്നതും പുസ്തകത്തെ പ്രസക്തമാക്കുന്നു. കേരളത്തിലെ കത്തോലിക്കാ ബുക്ക് സ്റ്റാളുകളിൽ പുസ്തകം ലഭ്യമാകും.



# മരിയൻ കോളേജ് ഓഫ് ആർക്കിടെക്ചർ ആൻഡ് പ്ലാനിംഗിലെ വിദ്യാർഥികളുടെ പ്രബന്ധങ്ങൾക്ക് അവാർഡ്



അനന്തപദ്മനാഭൻ



റീഷ്മ റജി

മാംഗോ ഇന്റർനാഷണൽ ആർക്കിടെക്ചറൽ തീസിസ് അവാർഡിന്റെ ഫലം പ്രഖ്യാപിച്ചു. ആർക്കിടെക്ചർ മേഖലയിലെ യുവപ്രതിഭകളെ കണ്ടെത്തുന്നതിനും അവസരം നൽകുന്നതിനുമായി അന്തർദ്ദേശീയതലത്തിൽ സംഘടിപ്പിക്കപ്പെട്ട മാംഗോ ഇന്റർനാഷണൽ തീസിസ് അവാർഡ് (ATA) 2022 ൽ തിരുവനന്തപുരം മരിയൻ കോളേജ് ഓഫ് ആർക്കിടെക്ചർ ആൻഡ് പ്ലാനിംഗിലെ അനന്തപദ്മനാഭനും (വാസ്തുവിദ്യയിലുള്ള നിർമിതിയും പ്രകൃതിദത്തഭൂമിശാസ്ത്രപരമായ സവിശേഷതകളുമുപയോഗിച്ചുകൊണ്ടുള്ള സംയോജിത വികസനം), റീഷ്മ റജിയും (സെന്റർ ഫോർ പീസ് ആൻഡ് കമ്മ്യൂണൽ ഹാർമണി, ഡൽഹി) യഥാക്രമം ഹോണറബിൽ മെൻഷൻ, സ്പെഷ്യൽ മെൻഷൻ അവാർഡുകൾ നേടി.

ബിരുദ-ബിരുദാനന്തര വിദ്യാർത്ഥികൾക്കായി അന്തർദ്ദേശീയതലത്തിൽ സംഘടിപ്പിച്ച അവാർഡിലേക്ക് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും 900-ൽ അധികംപേർ പങ്കെടുത്തിരുന്നു. അവാർഡ് തുകയായി 1,500 യുഎസ് ഡോളർ നൽകുന്നതിന് പുറമേ ഹോണറബിൽ മെൻഷൻ ലഭിച്ച 30 പ്രബന്ധങ്ങൾ, സ്പെഷ്യൽ മെൻഷൻ ലഭിച്ച 20 പ്രബന്ധങ്ങൾ, സെലക്ട് മെൻഷൻ ലഭിച്ച 10 പ്രബന്ധങ്ങൾ എന്നിവ വെബ്സൈറ്റിലും സോഷ്യൽ മീഡിയയിലും പ്രസിദ്ധീകരിക്കുന്നതാണ്.

# ടി. പീറ്റർ അനുസ്മരണവും പുരസ്കാര വിതരണവും




അന്തരിച്ച അന്തർദേശീയ മത്സ്യത്തൊഴിലാളി നേതാവായ ടി. പീറ്ററിന്റെ രണ്ടാം അനുസ്മരണവും പുരസ്കാരവിതരണവും അദ്ദേഹത്തിന്റെ സ്വദേശമായ വലിയവേളിയിലെ സെന്റ് തോമസ് കമ്മ്യൂണിറ്റി ഹാളിൽവച്ച് നടന്നു. ടി. പീറ്റർ മെമ്മോറിയൽ ട്രസ്റ്റിന്റെ നേതൃത്വത്തിൽ നടന്ന അനുസ്മരണ പരിപാടി കൊല്ലം മുൻ രൂപതാ മെത്രാൻ ഡോ. സ്റ്റാൻലി റോമൻ ഉദ്ഘാടനം ചെയ്തു. സംഘടിതമായി അധ്വാനിക്കുകയും എന്നാൽ, സമ്പത്ത് നേടാനാകാതെ, സുഖപ്രദമായ ജീവിതസാഹചര്യങ്ങൾ സൃഷ്ടിക്കാൻ കഴിയാതെ പോകുന്ന മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ഉന്നമനത്തിന് നേതൃത്വം നൽകി കടന്നുപോയ വ്യക്തിത്വമാണ് ടി പീറ്ററിന്റേതെന്ന് അദ്ദേഹം അനുസ്മരിച്ചു. വലിയവേളി ഇടവക വികാരി ഫാ. ലെനിൻ ഫെർണാണ്ടസ് അധ്യക്ഷത വഹിച്ചു. ടി. പീറ്റർ സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ തീരദേശത്തെ ജനങ്ങളുടെ ശബ്ദമായി മാറിയതിനെയും അവരുടെ ഉന്നമനത്തിനായി ചെയ്ത പ്രവർത്തികളെയും പറ്റിയുള്ള ഓർമ്മകൾ തിരുവനന്തപുരം സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ്, എ. കെ. ആന്റണി, അതിരൂപത വികാരി ജനറൽ മോൺ. യൂജിൻ എച്ച് പെരേര, കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റായ ശ്രീ. ജാക്സൺ പൊള്ളയിൽ എന്നിവർ പങ്കുവച്ചു. കേരള കശുവണ്ടി ബോർഡ് ഡയറക്ടറും റിട്ടയേർഡ് ഐഎഎസ് ഓഫീസറുമായ ശ്രീ. എ അലക്സാണ്ടർ വിവിധ മേഖലകളിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച വ്യക്തികൾക്കും, പഠന മികവ് തെളിയിച്ച വിദ്യാർത്ഥികൾക്കും പീറ്റർ മെമ്മോറിയൽ പുരസ്കാരം നൽകി ആദരിച്ചു. സാമൂഹ്യമേഖലയിൽനിന്നും എൻഡോ സൾഫാൻ ദുരിതബാധിതർക്കുവേണ്ടി സമരമനുഷ്ഠിച്ച ദയാഭായിയും, കടൽ/ കാലാവസ്ഥ മേഖലയിൽനിന്നും കുസാറ്റ്, റഡാർ സെന്റർ ഡയറക്ടർ ഡോ. അഭിലാഷ് എസും, മാധ്യമ മേഖലയിൽ മനോരമ ന്യൂസ് റിപ്പോർട്ടർ ജസ്റ്റിന തോമസും പുരസ്കാരങ്ങൾ സ്വീകരിച്ചു.



**കെസിവൈഎമ്മിന് ചരിത്ര വിജയം –** *കെസിവൈഎം സ്റ്റേറ്റ് സ്പോർട്സ് മീറ്റിൽ തിരുവനന്തപുരം ലത്തീൻ അതിരൂപത വിജയിയായി. ആദ്യമായാണ് ഇങ്ങനെയൊരു സ്പോർട്സ് മീറ്റ് സംസ്ഥാന സമിതി നടത്തിയത്.*

## ഫാ. ജോൺസൺ മുത്തപ്പന്റെ ഓർമ്മകൾക്ക് രണ്ടുവർഷം



പാളയം സെൻറ് ജോസഫ്സ് കത്തീഡ്രൽ സഹവികാരിയായി സേവനമനുഷ്ഠിക്കെ നിര്യാതനായ ഫാദർ ജോൺസൺ മുത്തപ്പന്റെ (31) ഓർമ്മകൾക്ക് രണ്ടാണ്ട്. 18.06.2020ൽ മാതൃ ഇടവകയായ പരുത്തിയൂർ സെൻറ് മേരി മഗ്ദലേനാ ദേവാലയത്തിൽ വച്ച് സ്വന്തം സഹോദരൻ ഫാ. ജോയി മുത്തപ്പനോടൊപ്പം വൈദികപട്ടം സ്വീകരിച്ചു. ഓർഫണേജിലും സ്പോർട്സ് ഹോസ്റ്റലുകളിലുമായി പഠനം പൂർത്തിയാക്കിയ അദ്ദേഹം തന്റെ പതിനഞ്ചാമത്തെ വയസ്സിലാണ് ദൈവവിളിയിലേക്ക് തിരിഞ്ഞത്. പഠന കാലയളവിൽ ഗുസ്തിയിൽ സംസ്ഥാനതല ചാമ്പ്യൻ കൂടിയായിരുന്നു.

# സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ലളിതഗാന മത്സരത്തിൽ എ ഗ്രേഡ് നേടി ആൻ ബെൻസൺ



2022-23 -ലെ സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ലളിതഗാന മത്സരത്തിൽ എ ഗ്രേഡ് നേടി തിരുവനന്തപുരം അതിരൂപതയിലെ പാളയം ഇടവകാംഗമായ ആൻ ബെൻസൺ. കവടിയാർ ക്രൈസ്റ്റ് നഗർ എച്ച് എസ് എസിലെ പത്താം ക്ലാസ് വിദ്യാർത്ഥിനിയായ ആൻ, സൺ ടിവിയും ഫ്ളവേഴ്സ് ചാനലും നടത്തിയ റിയാലിറ്റി ഷോകളിൽ പങ്കെടുത്ത് വിജയിയായിട്ടുണ്ട്. പാളയം സെന്റ് ജോസഫ് കത്തീഡ്രൽ ദേവാലയത്തിലെ ഓ വി ആറിന്റെ നേതൃത്വത്തിലെ ഗായകസംഘാംഗവും സൗണ്ട് എഞ്ചിനീയറുമായ ബെൻസന്റെ മകളാണ് ആൻ ബെൻസൺ. 35 വർഷങ്ങൾക്ക് ശേഷം അമ്മയുടെ വിജയ ചരിത്രം ആവർത്തിച്ച മകളെന്ന പ്രത്യേകത കൂടിയുണ്ട് ആൻ ബെൻസന്റെ വിജയത്തിന്. 1986-87 വർഷങ്ങളിലെ സംസ്ഥാന സ്കൂൾ യുവജനോത്സവ ലളിതഗാന മത്സരത്തിൽ വിജയിയായിരുന്നു ആനിന്റെ അമ്മ ലക്ഷ്മി രംഗൻ.



*ആലുവ പൊന്റിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗോൾഡൻ ജൂബിലി ആഘോഷത്തിന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ തിരി തെളിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് പ്രസിഡന്റ് റവ. ഫാ. സുജൻ അമൃതം സമീപം.*

# പുരോഗതിക്കായി പുതിയ പടവൊരുക്കി മാമ്പള്ളി ഇടവക

മാമ്പള്ളി ഇടവകയുടെ പുരോഗതിക്കായി 'പടവുകൾ രണ്ടാം ഘട്ടം' ദ്വിദിന സെമിനാർ വെള്ളയമ്പലം ടി എസ് എസ് എസ് ഹാളിൽ നടന്നു. മാമ്പള്ളി ഇടവകയ്ക്ക് പുതിയൊരു ദിശാബോധം നൽകുക എന്നതായിരുന്നു സെമിനാറിന്റെ ലക്ഷ്യം. പോസ്സിബിലിറ്റി പോസ്സിറ്റിവിറ്റി എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ വരുന്ന രണ്ടു വർഷത്തേക്കുള്ള മാർഗ്ഗരേഖ തയ്യാറാക്കി പുതിയൊരു ഇടവകയെ രൂപപ്പെടുത്തുക എന്നതാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

വിവിധ ശുശ്രൂഷാ തലങ്ങളിലൂടെ ഇടവകയെ മെച്ചപ്പെട്ട രീതിയിൽ വാർത്തെടുക്കുന്നതിനായി അതിരൂപതയിലെ വിവിധ ശുശ്രൂഷയിലെ വൈദികർ 2 ദിവസങ്ങളിലായി ഇടവക കൗൺസിൽ അംഗങ്ങൾക്കും, റിസോഴ്സ് അംഗങ്ങൾക്കും പരിശീലനം നൽകി. മാമ്പള്ളി ഇടവകയുടെ സാധ്യതകൾ കണ്ടെത്തുക, ബലഹീനതകൾ കണ്ടെത്തുക, ഇടവകയുടെ അവസരങ്ങൾ കണ്ടെത്തുക എന്നതാണ്, മാർഗരേഖ മുൻകൂട്ടി തയ്യാറാക്കുന്നതിലൂടെ ഇടവക ലക്ഷ്യമാക്കുന്നത്. മാമ്പള്ളി ഇടവക വികാരി ഫാ. ജസ്റ്റിൻ ജൂഡിന്റെ നേതൃത്വത്തിൽ ഇടവകയിലെ 30 ഓളം പേർ പരിശീലനത്തിൽ പങ്കെടുത്തു.



*മാമ്പള്ളി ഇടവകയുടെ പുരോഗതിക്കായി 'പടവുകൾ രണ്ടാം ഘട്ടം' ദ്വിദിന സെമിനാറിൽ നിന്നും*

## കെഎൽസിഎയ്ക്ക് പുതിയ സംസ്ഥാന നേതൃത്വം

കെഎൽസിഎ യുടെ പുതിയ സംസ്ഥാന പ്രസിഡന്റായി അഡ്വ. ഷെറി ജെ തോമസിനെ(വരാപ്പുഴ) തിരഞ്ഞെടുത്തു. ട്രഷറർമാരായി ബിജു ജോസി കരുമാഞ്ചേരി (ആലപ്പുഴ), രതീഷ് ആന്റണി (കണ്ണൂർ) വൈസ് പ്രസിഡന്റുമാരായി വിൻസി ബൈജു, അനിൽ ജോസ്, ബേബി ഭാഗ്യോദയം, ജോസഫ് കുട്ടി, സാബു പനക്കപ്പിള്ളി, അഡ്വ ജസ്റ്റിൻ കരിപ്പാട്ട്, നൈജോ അറക്കൽ. സെക്രട്ടറിമാരായി അഡ്വ. മഞ്ജു.ആർ, ഷൈജ ടീച്ചർ, ജോൺ ബാബു, പൂവം ബേബി, സാബു വി തോമസ്, ഹെൻട്രി വിൻസെന്റ് തുടങ്ങിയവരെയും തെരഞ്ഞെടത്തു.



# വിനയത്തിന്റെയും വിജ്ഞാനത്തിന്റെയും വിശുദ്ധിയുടെയും ഉൽകൃഷ്ട രൂപമായിരുന്നു ബെനഡിക്റ്റ് പാപ്പ: ഡോ. തോമസ് ജെ. നെറ്റോ



ബെനഡിക്ട് 16-ാമൻ പാപ്പയ്ക്ക് അന്ത്യാഞ്ജലി അർപ്പിച്ച് തിരുവനന്തപുരം അതിരൂപത. പാളയം സെന്റ് ജോസഫ്സ് കത്തീഡ്രലിൽ നടന്ന അനുസ്മരണ ദിവ്യബലിയിൽ അതിരൂപത മെത്രാപോലീത്ത ഡോ. തോമസ് ജെ. നെറ്റോ മുഖ്യകാർമ്മികനായി. സഭയ്ക്ക് ലഭിച്ച വലിയ സമ്മാനങ്ങളിൽ ഒന്നാണ് ബെനഡിക്ട് പതിനാറാമൻ പാപ്പയെന്ന് അദ്ദേഹം പറഞ്ഞു. അദ്ദേഹത്തെ അറിഞ്ഞിട്ടുള്ളവരും അദ്ദേഹത്തെ വായിച്ചിട്ടുള്ളവരും തികഞ്ഞ ആദരവോടെയാണ് അദ്ദേഹത്തെ സമീപിക്കുക. 1995 മുതൽ 99 വരെ ഉർബാനിയാന യൂണിവേഴ്സിറ്റിയിലെ തന്റെ ഉപരിപഠനകാലഘട്ടത്തിലെ പാപ്പയെക്കുറിച്ചുള്ള ഓർമ്മകളും അദ്ദേഹം പങ്കുവച്ചു. 1962 മുതൽ 65 വരെ നീണ്ടുനിന്ന വത്തിക്കാൻ കൗൺസിലിൽ കേവലം 35 വയസ്സു മാത്രം പ്രായമുള്ള ജോസഫ് റാറ്റ്സിംഗർ പങ്കെടുത്തതും, തന്റെ 32-ാം വയസ്സിൽ തന്നെ ദൈവശാസ്ത്ര പണ്ഡിതനായി അറിയപ്പെട്ടതും അനുസ്മരിച്ചു. വിശ്വാസത്തിന്റെ ധീര പോരാളിയായി, ആധുനിക കാലഘട്ടത്തിൽ ക്രിസ്തു കേന്ദ്രീകൃതമായ ധാർമ്മികത സഭയ്ക്ക് നൽകി. വിശുദ്ധ പത്രോസിന്റെ പിൻഗാമിയായി സഭയെ പരമ്പരാഗത വിശ്വാസ മൂല്യങ്ങളിൽ നിന്നും വ്യതിചലിക്കാൻ അനുവദിക്കാതെ കാത്തു. അതേസമയം മാറിവരുന്ന ലോക സാഹചര്യങ്ങളോട് പ്രായോഗികമായി പ്രതികരിക്കാതിരിക്കാൻ ആവില്ല എന്നും അദ്ദേഹം തിരിച്ചറിഞ്ഞിരുന്നു. വിശ്വാസ ജീവിതത്തിൽ തകർച്ചകൾക്ക് സാധ്യതയുള്ള സങ്കീർണ സാഹചര്യങ്ങൾ വിശകലനം ചെയ്യാനും അവയോട് സാർത്ഥകമായി പ്രതികരിക്കാനും പിതാവിന് സാധിച്ചിരുന്നു.

## ലത്തീൻ ഭാഷാദിനവും വിവിധ മത്സരങ്ങളും

ലാറ്റിൻ ലാംഗ്വേജ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ (ALLI) ആഭിമുഖ്യത്തിൽ ഈ വരുന്ന മാർച്ച് 4-ാം തിയതി ശനിയാഴ്ച ലത്തീൻ ഭാഷാദിനമായി ആചരിക്കുന്നു. അന്നേ ദിവസം തിരുവനന്തപുരം പുത്തൻ തോപ്പ് ഇടവകയിൽവച്ച് ലത്തീൻ ഗാനാലാപന മത്സരം, ലത്തീൻഭാഷാ ക്വിസ്, ലത്തീൻ ബൈബിൾ വായനാമത്സരം, ലത്തീൻ പ്രാർത്ഥന ചൊല്ലൽ മത്സരം എന്നിവ നടത്തപ്പെടും. ആർച്ച് ബിഷപ്പ് എമിരിറ്റസ് സൂസപാക്യം തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ ബിഷപ്പ് എമിരിറ്റസ് സ്റ്റാൻലി റോമൻ തിരുമേനിയുടെ പ്രഭാഷണം ഉൾപ്പെടുന്ന ലത്തീൻ ഭാഷയിലുള്ള കുർബാനയും ജെറി അമൽ ദേവ് ഫൗണ്ടേഷന്റെ ലത്തീൻ കോറൽ മ്യൂസിക് അവതരണവും ഉണ്ടായിരിക്കും. മത്സരങ്ങളിൽ പങ്കെടുക്കാൻ താല്പര്യപ്പെടുന്നവർ താഴെക്കൊടുത്തിരിക്കുന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക. ഫാ. ലോറൻസ് ലൂക്കാസ് : +91 82898 33020 (പ്രോഗ്രാം കോഡിനേറ്റർ) ശ്രീ. ജെറി ബ്രൈറ്റ് :+91 98462 69844 (ജനറൽ കൺവീനർ)



# യഥാർത്ഥ ക്രിസ്തുശിഷ്യത്വം: കാലഘട്ടത്തിന്റെ അനിവാര്യത

**ആണ്ടുവട്ടത്തിലെ 5-ാം ഞായർ (ഫെബ്രു. 5)** എശ. 58:7-10, 1കൊറി 2:1-5, മത്തായി 5:13-16

**ഫാ. സി.കെ.തോപ്പിൽ**

അണഞ്ഞുപോകാത്ത വെളിച്ചവും ഉറകെടാത്ത ഉപ്പുമാകാൻ വിളിക്കപ്പെട്ടതാണ് ക്രൈസ്തവ ജീവിതം. മനുഷ്യജീവിതവുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്ന രണ്ടു പ്രതീകങ്ങളാണ് ഉപ്പും പ്രകാശവും. ദൈവരാജ്യപ്രഘോഷണത്തിനുള്ള ഉപാധികളായി യേശു ഇവ രണ്ടും തെരഞ്ഞെടുത്തു. വൈദ്യുതിയും ശീതീകരണ സംവിധാനങ്ങളും ഇല്ലാതിരുന്ന യേശുവിന്റെ കാലത്ത് ജീവിച്ചിരുന്ന പാവപ്പെട്ട ജനങ്ങൾക്ക് ഉപ്പിന്റെയും വെളിച്ചത്തിന്റെയും പ്രാധാന്യം നന്നായി അറിയാമായിരുന്നു. അവർക്ക് എളുപ്പം ഗ്രഹിക്കുവാൻ കഴിയും വിധം ലളിതമായി, എന്നാൽ വളരെ അർത്ഥവത്തായി യേശു അരുൾചെയ്തു; "നിങ്ങൾ ഭൂമിയുടെ ഉപ്പാണ്. നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്."

> പ്രകാശം നേർരേഖയിൽ മാത്രമേ സഞ്ചരിക്കുകയുള്ളൂ. പ്രകാശം കൂടുതൽ പ്രസക്തമാകുന്നത് അന്ധകാരത്തിലാണ്. അന്ധകാരത്തെ അകറ്റുവാൻ ഒരേയൊരു മാർഗമേയുള്ളൂ. പ്രകാശം തെളിയിക്കുക. പ്രകാശം അതിൽതന്നെ സ്വയം വെളിപ്പെടുത്തുന്നതാണ്. ഒരു വസ്തു പ്രകാശിക്കുന്നത്. അതിനുവേണ്ടിയല്ല, മറ്റുള്ളവർക്കുവേണ്ടിയാണ്.

## ഉപ്പും ഉപയോഗവും

മനുഷ്യാസ്തിത്വത്തിന്റെ അടിസ്ഥാനഘടകങ്ങളിലൊന്നായാണ് പ്രഭാഷകൻ ഉപ്പിനെ കാണുന്നത് (പ്രഭാ. 39,26). ബലിവസ്തുക്കളിൽ ഉപ്പ് കലർത്തുന്നതും നീരുറവയെയും അതിലെ ജലത്തെയും മാലിന്യത്തിൽനിന്നും അശുദ്ധിയിൽനിന്നും വിമുക്തമാക്കുന്നതിനും ഉപ്പ് ഉപയോഗിച്ചിരുന്നു. (2 രാജാ 2, 19-22, ലേവ്യ 2, 13, എസെ. 43:24)

ഉപ്പ് ഭക്ഷണത്തിന് രുചിപകരുന്നു. ജൈവപദാർത്ഥങ്ങളും മത്സ്യമാംസാദികളും അഴുകാതെ സൂക്ഷിക്കുവാൻ ഉപ്പിന് കഴിവുണ്ട്. മുറിവ് കഴുകാനും മാലിന്യങ്ങളെ ശുചിയാക്കാനും ഉപ്പ് ഉപയോഗിക്കുന്നു. പാലസ്തീനായിൽ സമൃദ്ധമായി ലഭിച്ചിരുന്ന ഉപ്പ് കുടിലുകളുടെ തറയോടുകൾക്ക് താഴെ പാകി ശീതകാലത്തെ അതിജീവിക്കാൻ ഉപയോഗിച്ചിരുന്നു. പക്ഷേ, ഉപ്പിന് ലവണഗുണം വേണം. ലവണമില്ലാത്തത് ഗുണമില്ലെന്ന് മാത്രമല്ല, ദോഷഫലങ്ങളും ഉളവാക്കിയേക്കാം. ഒരിക്കൽ നഷ്ടപ്പെട്ടാൽ ലവണഗുണം പിന്നീട് വീണ്ടെടുക്കാൻ സാധ്യമല്ല. മനുഷ്യരാൽ ചവിട്ടപ്പെടാനല്ലാതെ മറ്റൊന്നിനും അത് കൊള്ളുകയില്ല.

## പ്രകാശവും പ്രസക്തിയും

ദൈവത്തിന്റെ ആദ്യസൃഷ്ടി പ്രകാശമായിരുന്നു. (ഉൽപ്പ. 1:3-4). സൂര്യൻ സ്വയം പ്രകാശിക്കുമെന്നും ചന്ദ്രന്റെ പ്രകാശം സൂര്യപ്രകാശത്തിന്റെ പ്രതിഫലനമാണെന്നും നമുക്കറിയാം. പ്രകാശം നേർരേഖയിൽ മാത്രമേ സഞ്ചരിക്കുകയുള്ളൂ. പ്രകാശം കൂടുതൽ പ്രസക്തമാകുന്നത് അന്ധകാരത്തിലാണ്. അന്ധകാരത്തെ അകറ്റുവാൻ ഒരേയൊരു മാർഗമേയുള്ളൂ. പ്രകാശം തെളിയിക്കുക. പ്രകാശം അതിൽതന്നെ സ്വയം വെളിപ്പെടുത്തുന്നതാണ്. ഒരു വസ്തു പ്രകാശിക്കുന്നത്. അതിനുവേണ്ടിയല്ല, മറ്റുള്ളവർക്കുവേണ്ടിയാണ്. പ്രകാശിക്കുന്ന വ

സ്തുവിനോട് എത്രമാത്രം അടുത്തിരിക്കുന്നുവോ അത്രമാത്രം കൂടുതൽ പ്രകാശം ഒരാൾക്ക് അനുഭവിക്കാനാകും.

നാം ജീവിക്കുന്ന ചുറ്റുപാടിൽ ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായിത്തീരാനുള്ള മാർഗമായിട്ടാണ് 'പത്തുകൽപ്പനകൾ' നൽകിയത്. അതിന്റെ സഭാത്മകമാനമാണ് 'തിരുസഭയുടെ കല്പന'കളിൽ തെളിയുന്നത്. ഉപ്പും പ്രകാശവുമാകാൻ നമ്മിലുള്ള പാപങ്ങളെ ഉന്മൂലനം ചെയ്യുകയും മൗലികസുകൃതങ്ങൾ സ്വായത്തമാക്കുകയും വേണം. ■

# സ്നേഹം: നിയമത്തിന്റെ ആത്മാവ്

**ആണ്ടുവട്ടത്തിലെ 6-ാം ഞായർ (ഫെബ്രു. 12)** പ്രഭാ:15:15-20, 1കൊറി 2:6-10, മത്തായി 5:17-37

**ഫാ. ഡൈസൺ**

ഗലീലി കടൽതീരത്തുള്ള മലയിലെ പ്രസംഗങ്ങളാണ് മത്തായി 5,6,7 അധ്യായങ്ങൾ. പഴയ നിയമത്തിൽ സീനായ് മലയിൽ വച്ച് മോശയ്ക്ക് ദൈവം കല്പനകൾ നല്കിയെങ്കിൽ പുതിയ നിയമത്തിൽ യേശു മലയിലിരുന്നുകൊണ്ട് 'ഞാൻ നിങ്ങളോടു പറയുന്നു' എന്ന ആമുഖത്തോടെ പുതിയ പ്രബോധനം നല്കുന്നതിലൂടെ യേശു, നിയമദാതാവായ ദൈവവും ജനങ്ങൾക്ക് നിയമം നല്കുന്ന പുതിയ മോശയുമായി മാറുകയാണ്. 2000 വർഷങ്ങൾക്ക് മുമ്പ് യേശു നല്കിയ നിയമങ്ങൾ ഇന്നും മനുഷ്യർക്ക് ആത്മാവും ജീവനുമാണ്. ഈജിപ്തിലെ ഒരു പഴയ ശവകുടീരത്തിൽ ഒരു പിടി ഗോതമ്പു കണ്ടെത്തി അതിന് 500 വർഷത്തെ പഴക്കമുണ്ടായിരുന്നു. ആ വിത്തുകളെ നനച്ച് വിതച്ചപ്പോൾ എല്ലാവരെയും അത്ഭുതപ്പെടുത്തിക്കൊണ്ട് മുളച്ചു പൊങ്ങി, ഫലം നല്കി. കാലപ്പഴക്കം യേശുവിന്റെ പ്രബോധനത്തെ, വചനത്തെ ബാധിക്കുന്നില്ല.

## യേശു നിയമങ്ങൾ പൂർത്തീകരിക്കുന്ന ദിവ്യഗുരു

മോശയിലൂടെ ദൈവം നല്കിയ കല്പനകളെ എതിർക്കുകയോ ഇല്ലാതാക്കുകയോ അല്ല, അതിന്റെ പൂർത്തീകരണമാണ് യേശുവിന്റെ ലക്ഷ്യം. കല്പനകളെല്ലാം ഉടലെടുത്തത് സ്നേഹമെന്ന ഉറവയിൽ നിന്നാണ്. എല്ലാ കല്പനകളുടെയും സ്വത്വവും, ആന്തരികതയും സ്നേഹമാണ്. സ്നേഹത്തെ മാറ്റിനിറുത്തിക്കൊണ്ട് ബാഹ്യമായ അനുഷ്ഠനങ്ങളിലും അന്ധമായ ആചാരങ്ങളിലും നിയമത്തെ തളച്ചിട്ട് അതിൽ സംതൃപ്തി കണ്ടെത്തുന്ന തെറ്റായ പ്രവണതയെ യേശു പ്രവാചക വീര്യത്തോടെ എതിർക്കുന്നു.

പഴയ നിയമത്തിലെ പരമ്പരഗതമായ നിയമങ്ങളെ നിരാകരിക്കാതെ സ്നേഹത്തിന്റെ ഉറവിയിലേക്ക് അവയെ തിരിച്ചു കൊണ്ടുവരുന്നതിലൂടെ നിയമങ്ങളെ യേശു പൂർത്തീകരിക്കുകയാണ്. യൂദയായിലെ റബ്ബിമാരിൽ നിന്ന് യേശു വ്യത്യസ്ഥനാണ്. കാരണം യേശു ദൈവമാണ്, സ്നേഹം മാംസം ധരിച്ച ദൈവം. ഈ ദൈവത്തെക്കുറിച്ചുള്ള 300-നുമുകളിൽ പഴയ നിയമ പ്രവചനങ്ങൾ പ്രകടമായി യേശുവിൽ പൂർത്തീകരിക്കുന്നു. അതുകൊണ്ടാവാം റോമ 10:4 പറയുന്നു: 'ക്രിസ്തു നിയമത്തെ പൂർത്തീകരിച്ചിരിക്കുന്നു'.

## സഹോദരനുമായി രമ്യത

2014 ഫെബ്രുവരി മാസം 17-ാം തീയതി ത്രികാല പ്രാർത്ഥനാസന്ദേശത്തിൽ പോപ്പ് ഫ്രാൻസിസ് പറയുന്നു: 'നിങ്ങൾ വിശുദ്ധരാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ കോപത്തോടും, കുറ്റം പറച്ചിലിനോടും വിട പറയണം'. കാരണം ക്രോധവും അവഹേളന വാക്കുകളും കൊലപാതകത്തിലേക്ക് നയിക്കുന്ന ചവിട്ടു പടികളാണ്. കോപം രൂക്ഷമാകുമ്പോൾ വിവേകം സ്ഥലം വിടുമെന്ന് ഐ. ഹെൻട്രി പറയുമ്പോൾ, അരിശം അഗ്നി പോലെയാണ് നാശം വരുത്തിയേ കെട്ടടങ്ങൂ എന്ന് ഗാന്ധിജി പറയുന്നു. കോപത്തിൽ നിന്ന് അകന്നുനിന്നില്ലെങ്കിൽ അത് തിന്മയിലേക്ക് നമ്മെ നയിക്കുമെന്ന് സങ്കീർത്തകൻ പറയുന്നു (സങ്കീ 37:8) കോപം നമ്മുടെ മടിയിലാണ്

പഴയ നിയമത്തിലെ പരമ്പരഗതമായ നിയമങ്ങളെ നിരാകരിക്കാതെ സ്നേഹത്തിന്റെ ഉറവിയിലേക്ക് അവയെ തിരിച്ചു കൊണ്ടുവരുന്നതിലൂടെ നിയമങ്ങളെ യേശു പൂർത്തീകരിക്കുകയാണ്. യൂദയായിലെ റബ്ബിമാരിൽ നിന്ന് യേശു വ്യത്യസ്ഥനാണ്. കാരണം യേശു ദൈവമാണ്, സ്നേഹം മാംസം ധരിച്ച ദൈവം.

വിശ്രമിക്കുന്നത് (സഭാ 7:9). അതുകൊണ്ട് കോപത്തെ ജയിക്കാം. അതിലൂടെ സഹോദരങ്ങളെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യാം. നമ്മുടെ വാക്കുകൾ വചനങ്ങളായി മാറുമ്പോൾ ജീവൻ സംരക്ഷിക്കപ്പെടുന്നു. വാക്കുകൾ വക്രതയായി മാറുമ്പോൾ ജീവൻ ഹനിക്കപ്പെടുന്നു. അപ്പോൾ നമ്മുടെ വാക്കുകൾക്ക് സർപ്പത്തിന്റെ വിഷമുണ്ടായിരിക്കും. അതുകൊണ്ടാണ് വാക്കുകൾ വരുന്ന നാവിനെയും വായയെയും നിയന്ത്രിക്കണമെന്ന് സങ്കീർത്തകൻ പറയുന്നത് (സങ്കീ 141:3) അപവാദ പ്രചാരണം കൊലപാതകത്തിനു തുല്യമാണ്. കാരണം അതിലൂടെ ഒരു വ്യക്തിയുടെ സൽപേര് കൊലചെയ്യപ്പെടുകയാണ്. അതുകൊണ്ട് നമ്മുടെ നാവ് തിന്മയുടെ ഉപകരണമാകരുത്. തിന്മയുടെ ഉപകരണമായാൽ വ്യക്തികളെയും സമൂഹത്തെയും ദഹിപ്പിച്ചു കളയുന്ന ചിതയായി മാറും. കാരണമില്ലാത്ത കോപവും, നിന്ദാവാക്കുകളും കൊലപാതകത്തിലേക്ക് എത്തിക്കുന്നതുകൊണ്ട് അവ ഗൗരവമേറിയ പാപമാണ്. അത് മനുഷ്യനെ നരകശിക്ഷക്ക് അർഹനാക്കുന്നു. രക്തച്ചൊരിച്ചിലിലൂടെയുള്ള കൊലപാതകം മാത്രമല്ല പാപം. കൊലപാതകത്തിലേക്ക് നയിക്കുന്ന വാക്കും പ്രവൃത്തിയും ചിന്തയും പാപമാണ്.

ദൈവത്തോടുള്ള നമ്മുടെ ബന്ധം ആത്മാർത്ഥയുള്ളതാണെങ്കിൽ സഹോദരങ്ങളോട് നമ്മൾ സമാധാനത്തിൽ വർത്തിക്കുന്നവരായിരിക്കും. കാരണം ദൈവസ്നേഹം പ്രകാശിതമാകുന്നത് സഹോദരസ്നേഹത്തിലൂടെയാണ്. സഹോദരനോടുള്ള രമ്യതയാണ് അവനെ ദൈവ തിരുമുമ്പിൽ കാഴ്ചയർപ്പിക്കുന്നതിന് അർഹനാക്കുന്നത്. പ്രാർത്ഥനയിലൂടെ, കാഴ്ചയർപ്പണത്തിലൂടെ ഭക്തി പ്രകടിപ്പിക്കുന്നതിനു മുമ്പേ സഹോദരനുമായി രമ്യപ്പെടുവാനുള്ള യേശു പ്രബോധനം രക്ഷാകരമാണ്.

## ആസക്തിയിൽ നിന്നുമുള്ള മോചനം

ചിന്തകളും പ്രവൃത്തികളെപ്പോലെ പ്രധാനമാണ്. ചിന്തകളെ വിശുദ്ധികരിക്കുമ്പോൾ പ്രവൃത്തികൾ നിർമ്മലമായിരിക്കും. ആസക്തിയോടെ സ്ത്രീയെ നോക്കുന്നവൻ, ചിന്തകൊണ്ടുതന്നെ ഹൃദയത്തിൽ പാപം ചെയ്തു കഴിഞ്ഞു. അപ്രാപ്യരായ സ്ത്രീകളെ കാമവികാരത്തോടെ നോക്കുന്നത് അശ്ലീലവും പാപവുമാണ് എന്ന് കവിയത്രി മാധവികുട്ടി പറയുന്നു. അതീവ സുന്ദരിയായ പേർഷ്യ രാജാവിന്റെ പത്നി അലക്സാണ്ടർ മഹാരാജാവിന്റെ മുമ്പിൽ ഹാജരാക്കപ്പെട്ടപ്പോൾ അവളെ ഒരു പ്രാവശ്യം മാത്രമെ നോക്കിയുള്ളൂ എന്നിട്ട് തുറുങ്കിലേക്ക് അടയ്ക്കാൻ ആജ്ഞാപിച്ചു. അദ്ദേഹം പിന്നീട് പറഞ്ഞു. 'ഒരു സ്ത്രീയുടെ സൗന്ദര്യംകണ്ട് ദുർബ്ബലനാകാൻ ഞാൻ ഉദ്ദേശിക്കുന്നില്ല'. ഭഗവത്ഗീത 3:41 പറയുന്നു. കാമത്തിന്റെ ആസക്തിയെ വെറുക്കുക. അല്ലെങ്കിൽ അത് ജ്ഞാനത്തെയും വിജ്ഞാനത്തെയും നശിപ്പിക്കുന്നു. ആസക്തിയാണ് മഹാനായ സോളമനെപ്പോലും വഴി തെറ്റിച്ചത്. കണ്ണും ഹൃദയവും പാപത്തിന്റെ രണ്ട് ദല്ലാളന്മാരാണെന്ന് റബ്ബിമാരുടെ പഴമൊഴി. മട്ടുപ്പാവിൽ ഉലാത്തിയ ദാവീദിന്റെ കാഴ്ചയാണല്ലോ ബെത്ഷെബായുമായി പാപത്തിനു കാരണമായി തീരുന്നത്. അനിയന്ത്രിതമായ കണ്ണിന്റെ കൗതുകകരമായ വിലക്കപ്പെട്ട പഴത്തിന്റെ മേലുള്ള നോട്ടമാണ് ഹൗവ്വയെ പാപിനിയായി മാറ്റിയത്. ആസക്തികൾ കൂടുകെട്ടുന്ന ചിന്തയെയും ഹൃദയത്തെയും വിമലീകരിക്കാൻ രണ്ടാം സ്നാനത്തിനാകും. കത്തോലിക്കാ തിരുസഭയിലെ രണ്ടാം സ്നാനം കണ്ണുനീരു കൊണ്ടുള്ള അനുരഞ്ജന കൂദാശയാണ്.

ബാഹ്യപ്രകടനങ്ങൾക്കോ അന്ധമായ ആചാരങ്ങൾക്കോ അല്ല യേശു പ്രാധാന്യം നല്കുന്നത്. നിയമത്തിന്റെ ഉറവിടമായ സ്നേഹത്തിലാണ് യേശുവിന്റെ ശ്രദ്ധ. സ്നേഹമുണ്ടെങ്കിൽ നിയമങ്ങൾക്ക് പൂർത്തികരണമുണ്ട്. സ്നേഹമില്ലെങ്കിൽ നിയമങ്ങൾ ആത്മാവില്ലാത്ത കനത്ത ചുമടായി മാറുന്നു. അത് സഹിക്കുന്നവൻ വീണു പോകുന്നു. ■

# ദൈവിക നിയമത്തിലെ ദൈവസ്നേഹം

**ആണ്ടുവട്ടത്തിലെ 7-ാം ഞായർ (ഫെബ്രു.19)** ലേവ്യ 19:1-2,17-18, 1കൊറി 3:16-23, മത്തായി 5:38-43

**ഫാ. വിശാൽ വർഗീസ്**

ഇസ്രായേൽ ജനത്തിന് മോശയിലൂടെ ദൈവം നൽകിയ സദാചാര നിയമങ്ങളിൽ ഒന്ന് ഇപ്രകാരമായിരുന്നു.

'എന്നാൽ മറ്റെന്തെങ്കിലും അപകടം സംഭവിക്കുന്നെങ്കിൽ ജീവനു പകരം ജീവൻ കൊടുക്കണം. കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല്, കൈക്കു പകരം കൈ, കാലിനു പകരം കാല്. പൊള്ളലിനു പകരം പൊള്ളൽ. മുറിവിനു പകരം മുറിവ്. പ്രഹരത്തിന് പകരം പ്രഹരം' (പുറപ്പാട് 21: 2325). ഇന്നത്തെ സാമൂഹിക പശ്ചാത്തലത്തിൽ വളരെ ക്രൂരം എ

> ദൈവിക നിയമങ്ങളിലെ സ്നേഹം തിരിച്ചറിയാൻ കഴിയാതെപോയ ജനത്തിന് ദൈവത്തെ സ്നേഹിക്കാൻ കഴിഞ്ഞില്ല. ഭയത്തോടെ മാത്രമാണ് അവർ ദൈവത്തെ വീക്ഷിച്ചിരുന്നത്. തെറ്റിദ്ധാരണയിലൂടെ ഉടലെടുത്ത ഈ ഭയം അവർക്ക് ദൈവത്തെ ഉപേക്ഷിച്ച് ലൗകിക സ്നേഹത്തിന്റെ പ്രതീകങ്ങളായ വ്യാജദേവന്മാരുടെ പിന്നാലെപോകാൻ പ്രചോദനം നൽകി.

ന്ന് തോന്നാവുന്നവയാണ് പഴയ നിയമത്തിലെ പല നിയമങ്ങളും. ഇത്രയും നിഷ്ഠൂരമായ നിയമങ്ങളും അനുഷ്ഠാനങ്ങളും എങ്ങനെയാണ് കരുണാമയനായ ദൈവത്തിൽനിന്നും വന്നു എന്ന് തോന്നിയാൽ അതിൽ അതിശയോക്തിക്ക് പ്രസക്തിയില്ല. കാരണം, ഇത്തരം ഒരു ചിന്താഗതി തീർച്ചയായും ഇസ്രായേൽ ജനത്തിന് ഇടയിൽ ഉണ്ടായിരുന്നിട്ടുണ്ടാകണം.

ദൈവിക നിയമങ്ങളിലെ സ്നേഹം തിരിച്ചറിയാൻ കഴിയാതെപോയ ജനത്തിന് ദൈവത്തെ സ്നേഹിക്കാൻ കഴിഞ്ഞില്ല. ഭയത്തോടെ മാത്രമാണ് അവർ ദൈവത്തെ വീക്ഷിച്ചിരുന്നത്. തെറ്റിദ്ധാരണയിലൂടെ ഉടലെടുത്ത ഈ ഭയം അവർക്ക് ദൈവത്തെ ഉപേക്ഷിച്ച് ലൗകിക സ്നേഹത്തിന്റെ പ്രതീകങ്ങളായ വ്യാജദേവന്മാരുടെ പിന്നാലെപോകാൻ പ്രചോദനം നൽകി. പക്ഷേ, പ്രതികാര ചിന്തയോടെ തന്റെ നിയമങ്ങൾ മനുഷ്യർ പാലിക്കണമെന്ന് ദൈവം ഒരിക്കലും ആഗ്രഹിച്ചിരുന്നില്ല. തന്റെ നിയമങ്ങളെ ഒരു മാർഗ്ഗരേഖയായി എടുത്തു വിധി പ്രസ്താവിക്കണം എന്നതായിരുന്നു ദൈവത്തിന്റെ ആഗ്രഹം. മനുഷ്യനായി ഭൂമിയിൽ അവതരിച്ച ദൈവം മോശയുടെ നിയമത്തെ കരുണയുടെ കണ്ണിലൂടെ എങ്ങനെ കാണണം എന്ന് പഠിപ്പിക്കുകയാണ് ഇന്നത്തെ സുവിശേഷത്തിലൂടെ. പഴയനിയമത്തെ അസാധുവാക്കുകയല്ല യേശു ചെയ്യുക മറിച്ച് അതിനുവേണ്ട വ്യക്തത മനുഷ്യർക്ക് നൽകുകയാണ്. ഈ നിയമത്തിലൂടെ ദൈവം പറയാത്തത് ഒന്നും യേശു കൂട്ടിച്ചേർക്കുന്നുമില്ല.

'നിന്റെ ജനത്തോട് പകയോ പ്രതികാരമോ പാടില്ല'(ലേവ്യർ 19 :18), 'എന്നോട് പ്രവർത്തിച്ചത് പോലെ ഞാൻ അവനോടു പ്രവർത്തിക്കും, അവൻ ചെയ്തതിനു ഞാൻ പകരം ചെയ്യും എന്ന് നീ പറയരുത്' (സുഭാഷിതങ്ങൾ 24: 29), ശത്രുവിന് വിശക്കുമ്പോൾ ആഹാരവും ദാഹത്തിന് ജലവും കൊടുക്കുക (സുഭാഷിതങ്ങൾ 25: 21). എന്നിങ്ങനെ ഒട്ടേറെ വചന ഭാഗങ്ങളിലൂടെ ദൈവം, തന്റെ ജനം ആത്യന്തികമായി കരുണയുള്ളവർ ആയിരിക്കണം എന്ന് ആഗ്രഹം വെളിപ്പെടുത്തുന്നുണ്ട്. നിന്ദനങ്ങൾ ഏൽക്കുമ്പോൾ കരുണയോടെ അതിനെ നേരിടാൻ ഇന്ന് നമുക്ക് ആകുന്നുണ്ടോ? അതോ ഇസ്രായേൽജനം ചെയ്തതുപോലെ പ്രതികാര ചിന്ത നമ്മെ ഇന്നും വഴി നടത്തുന്നുണ്ടോ? ന്യായമായ ശിക്ഷ എന്ന വാക്കുകൊണ്ട് മനുഷ്യനും ദൈവവും എന്ത് ഉദ്ദേശിക്കുന്നു എന്നതിന്റെ അന്തരം യേശുവിന്റെ വാക്കുകളിലൂടെ നമുക്ക് വ്യക്തമായി കാണാൻ കഴിയുന്നതാണ്. മനുഷ്യരുടെ ധാരണകൾക്ക് അപ്പുറമാണ് ദൈവത്തിൻറെ ചിന്താഗതികൾ. മനുഷ്യർ ദുരുപയോഗം ചെയ്ത ദൈവിക നിയമത്തിലെ ദൈവസ്നേഹം വെളിപ്പെടുത്തുകയാണ് സുവിശേഷത്തിലൂടെ യേശുനാഥൻ. കഠിനം എന്ന് നാം കരുതുന്ന നിയമത്തിന് കരുണയുടെയും സഹനത്തിന്റെയും ഭാഷ്യം നൽകാൻ സാധിക്കും എന്ന യേശുവിന്റെ വാക്കുകൾ നമ്മെ ദൈവീക ബോധത്തിലേക്ക് ഉയർത്തുന്നു. നമുക്കൊരു കഷ്ടത വരുത്തുന്ന വ്യക്തിക്ക് ആ കഷ്ടത തന്നെ കിട്ടിയാൽ അത് നീതിയാണെന്ന് യുക്തിപ്രകാരം തോന്നിയേക്കാം. എന്നാൽ, മനുഷ്യന്റെ സ്വാഭാവിക പ്രകൃതി അനുസരിച്ച് പകരത്തിനു പകരം നമ്മെ ഒരിക്കലും സംതൃപ്തരാക്കുന്നില്ല. ഉദാഹരണമായി, ഒരു തെറ്റും ചെയ്യാതിരുന്ന എന്റെ കണ്ണടിച്ചു തകർത്ത വ്യക്തിക്ക് ശിക്ഷ അയാളുടെ ഒരു കണ്ണടിച്ചു തകർത്തു എന്നിരിക്കട്ടെ. ഇപ്പോൾ ഒരു തെറ്റും ചെയ്യാത്ത ഞാനും, തെറ്റ് ചെയ്ത വ്യക്തിയും തുല്യരായി മാറിയിരിക്കുകയാണ്. ഞങ്ങൾക്ക് രണ്ടാൾക്കും ഒരു കണ്ണില്ല. എന്നെ സംബന്ധിച്ചിടത്തോളം അതിൽ എന്ത് നീതിയാണ് ഉള്ളത്. ശിക്ഷകളോട് മനുഷ്യർക്ക് പൊതുവേയുള്ള കാഴ്ചപ്പാടുകളിലും, മനുഷ്യന്റെ പ്രതികാര മനോഭാവത്തിലും മാറ്റം വരുമ്പോൾ അതിൽ കരുണയുടെ ഒരു മാനം കൂടിയുണ്ട് എന്ന് ചിന്തിക്കുമ്പോൾ അപമാനങ്ങളെ ക്ഷമയോടെ നേരിടാനും, ക്രിസ്തു കുരിശിൽ കിടന്ന് 'പിതാവേ അവരോടു ക്ഷമിക്കേണമേ, അവർ ചെയ്യുന്നതെന്തെന്ന് അവരറിയുന്നില്ല' (ലൂക്ക 23:34) എന്ന മനോഹരമായ പ്രാർത്ഥന നമ്മുടെ ജീവിതത്തിൽ അഭ്യസിക്കുവാനും സാധിക്കും.

അങ്ങനെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മക്കളായിത്തീരുവാനുള്ള ദൈവീകകൃപ നമ്മിൽ രൂപപ്പെടുകയും സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നാം ഓരോരുത്തരും ഈ പരിപൂർണതയുടെ വഴിയിൽ കടന്നുവരുവാൻ ദൈവത്തിന്റെ സമാധാനം നമ്മിൽ കുടികൊള്ളുകയും ചെയ്യും. സമാധാനം നിറഞ്ഞ ഒരു ഹൃദയത്തോടുകൂടി ഈ ലോകത്തിൽ ജീവിക്കുവാൻ സർവ്വശക്തനായ ദൈവം നമ്മെ സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ■

# പാപം മറച്ചുവച്ച രഹസ്യം

**ആണ്ടുവട്ടത്തിലെ 8-ാം ഞായർ (ഫെബ്രു.29)** ഉൽപ്പ 2:7-9: 3:1-7, റോമാ 5:12-19, മത്തായി 4:1-11

**ഫാ. വർഗീസ് ജോസഫ്**

പാപത്തിൽ വീണുപോയതിന്റെയും വീഴാതെ അതിനെ അതിജീവിച്ചതിന്റെയും സംഭവമാണ് ഇന്നത്തെ മൂന്നുവായനകളും. ഒന്നാംവായന ആദവും ഹവ്വായും പാപം ചെയ്ത സംഭവമാണ്. ഉൽപ്പത്തിപുസ്തകം ആദ്യപാപത്തിന്റെ ഓർമനൽകുന്നു എന്നതിനേക്കാളുമുപരി ആദ്യപാപത്തിന്റെ കാരണങ്ങൾ ഓർമപ്പെടുത്തുന്നു. ദൈവം ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു. (ഉൽ. 1:26). ദൈവത്തിന്റെ സ്വന്തമായി ദൈവത്തെപ്പോലെ ദൈവമക്കളായി സൃഷ്ടിച്ചു. സൃഷ്ടിയുടെ മകുടമായിരുന്നു മനുഷ്യൻ. അതുകൊണ്ടുതന്നെ ദൈവികചിന്തയിലാണ് അവർ ഏദൻതോട്ടത്തിൽ ജീവിച്ചത്. ഉടനെ പിശാച് അവരുടെ മുൻപിൽവന്ന് വൃക്ഷത്തിന്റെ കനി വഴി അവരെ പാപത്തിലേക്ക് വീഴ്ത്തി (ഉൽ. 3:6). പാപത്തിലേക്ക് വീഴ്ത്താൻ പിശാച് പറഞ്ഞ വാക്ക് ചെറുതും വ്യക്തവുമാണ്: ഇത് ഭക്ഷിച്ചാൽ നിങ്ങൾ ദൈവത്തെപ്പോലെ ആകും. (ഉൽ. 3:5).

ചോദ്യമിതാണ്: അത്രയും നാൾ അവർ ദൈവത്തെപ്പോലെ അല്ലേ? ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചതുകൊണ്ടുതന്നെ ശരീരം കൊണ്ടും മനസ്സുകൊണ്ടും ദൈവത്തെ പോലെയാണ് ഇവർ. എന്നിട്ടും ആ ബോധം നഷ്ടപ്പെട്ട് അവർ ജീവിച്ചു. ഞാൻ ആരാണെന്ന തിരിച്ചറിവ് ഇല്ലാതെ ജീവിക്കുന്നതാണ് പിന്നീട് പാപത്തിന് കാരണമാകുന്നത്. എല്ലാ പാപങ്ങൾക്കും കാരണം ദൈവവുമായും മനുഷ്യരുമായും നാമുമായും നമുക്കുള്ള ബന്ധം എന്താണെന്ന് മറന്നുപോകുന്നതുകൊണ്ടാണ്.

ഈ ബന്ധത്തെക്കുറിച്ച് തികഞ്ഞ ബോധ്യമുള്ള ക്രിസ്തു പരീക്ഷിക്കപ്പെട്ടതും അതിനെ എത്ര ശ്രദ്ധയോടെ അതിജീവിച്ചു എന്ന ഓർമപ്പെടുത്തലുമാണ് ഇന്നത്തെ സുവിശേഷം. മൂന്നു പരീക്ഷണങ്ങളിലും ശ്രദ്ധിക്കേണ്ടത് പിശാചിന്റെ വാക്കുകളാണ്. നീ ദൈവപുത്രനാണെങ്കിൽ ഈ കല്ലുകൾ അപ്പമാകാൻ പറയുക (മത്താ. 4:3). 'നീ ദൈവപുത്രനാണെങ്കിൽ.....' അവിടെയാണ് പ്രശ്നം. ക്രിസ്തുവിന് താൻ ആരാണെന്നും. എന്തിന് വന്നു എന്നും തികഞ്ഞ ബോധ്യമുണ്ട്. അത് ആരുടെയും മുൻപിൽ തെളിയിക്കേണ്ട ആവശ്യം മനുഷ്യപുത്രനില്ല. രണ്ടാമത്തെ പരീക്ഷണത്തിന്റെ വാക്കുകളും ഇതുതന്നെയാണ്. നീ ദൈവപുത്രനാണെങ്കിൽ താഴേക്കുചാടുക (മത്താ. 4:6) വീണ്ടും 'ദൈവപുത്രനാണെങ്കിൽ' എന്നു പറയുന്നതിലൂടെ പിശാച് ക്രിസ്തുവിനെ പാപത്തിലേക്ക് വീഴ്ത്താൻ നോക്കുന്നു. മൂന്നാമത് വ്യത്യസ്തമായ ഒരു പരീക്ഷണം തന്നെയായിരുന്നു. നീ സാഷ്ടാംഗം പ്രണമിച്ച് എന്നെ ആരാധിച്ചാൽ ഇവയെല്ലാം നിനക്ക് ഞാൻ തരും (മത്താ. 4:9). പുത്രന്റെ സ്ഥാനം പിശാച് ഏറ്റെടുത്ത് എല്ലാം നിനക്ക് നൽകപ്പെട്ടിരിക്കുന്നു എന്നുപറഞ്ഞ് പുത്ര അവകാശം തട്ടിയെടുക്കാൻ ശ്രമിക്കുന്നു. ക്രിസ്തു മൂന്നു പരീക്ഷകളെയും അതിജീവിച്ചു. സ്വബോധം നഷ്ടപ്പെടുന്ന ഇടത്ത് പാപം ഉത്ഭവിക്കും. പിശ്ചാചിന്റെ ഈ പരീക്ഷണം മരണത്തോളം ഉണ്ടായിരുന്നു.

കുരിശിൽക്കിടന്നു പിടയുമ്പോഴും പിശാചിനാൽ പ്രേരിതനായ ഒരുവൻ പറഞ്ഞു: ദൈവാലയം നശിപ്പിച്ച് മൂന്നുദിവസംകൊണ്ട് പണിയുന്നവനേ, നിന്നെത്തന്നെ രക്ഷിക്കുക; നീ ദൈവപുത്രനാണെങ്കിൽ കുരിശിൽ നിന്ന് ഇറങ്ങിവരിക (മത്താ. 27:40). കുരിശുമരണം രക്ഷയ്ക്ക് കാരണമാകും എന്ന് കൃത്യമായി പിശാചിനറിയാം. അതുകൊണ്ടുള്ള അവസാന പരീക്ഷണം പിശാച് നടത്തി. ക്രിസ്തു മിഴിപൂട്ടി മരിച്ചു (മത്താ. 27:50). ഉടനെ ശതാധിപൻ (ശതത്തിന്റെ അധിപൻ) പറഞ്ഞു: ഇവൻ സത്യമായും ദൈവപുത്രനായിരുന്നു (മത്താ. 27:54). അതാണ് വിശ്വാസത്തിന്റെ അടിസ്ഥാനം. തെളിയിക്കപ്പെടാത്ത സത്യങ്ങൾ പിന്നീട് സത്യത്തിന് സാക്ഷ്യമാകും.

രണ്ടാം വായനയിൽ പൗലോസ് അപ്പോസ്തലൻ ഈ സത്യത്തെ പ്രഖ്യാപിച്ചു. ആദിമാതാപിതാക്കളുടെ പാപത്തിന് മനുഷ്യപുത്രൻ രക്ഷ പ്രദാനംചെയ്തു. കുരിശിൽ ചിന്തിയ രക്തം രക്ഷയ്ക്ക് കാരണമായി. പാപത്തിന്റെ കാരണം ഞാൻ ആരാണെന്ന ബോധ്യം നഷ്ടപ്പെടുന്ന ഇടത്താണ്. ആ ബോധ്യത്തിൽ ജീവിച്ച ക്രിസ്തു അവസാന ശ്വാസംവരെയും ജീവിച്ചുകാണിച്ചു. ജ്ഞാനസ്നാനം സ്വീകരിച്ച നമ്മളെല്ലാവരും ദൈവത്തിന്റെ മക്കളാണ്. ആ ബോധ്യം ഉള്ളിൽ നിറഞ്ഞുനിൽക്കാൻ മനുഷ്യപുത്രൻ രക്തം ചിന്തിയ കുരിശിനെ ഓർക്കാം. ■

കുരിശിൽക്കിടന്നു പിടയുമ്പോഴും പിശാചിനാൽ പ്രേരിതനായ ഒരുവൻ പറഞ്ഞു: ദൈവാലയം നശിപ്പിച്ച് മൂന്നുദിവസംകൊണ്ട് പണിയുന്നവനേ, നിന്നെത്തന്നെ രക്ഷിക്കുക; നീ ദൈവപുത്രനാണെങ്കിൽ കുരിശിൽ നിന്ന് ഇറങ്ങിവരിക

കാനൻ ലോ

ഫാ. ജോസ് ജി.
ജുഡീഷ്യൽ വികാർ

# ദിവ്യബലി ആഘോഷത്തിന്റെ കാർമികത്വവും കടമകളും

ലത്തീൻ കത്തോലിക്കാ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 899911, കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം (CCC) 13481381 എന്നിവ ദിവ്യബലി ആഘോഷത്തെക്കുറിച്ചും കാർമ്മികന്റെ കടമയെക്കുറിച്ചും വ്യക്തമാക്കുന്നു.

CIC 899, CCC 1348-1381 പ്രകാരം ദിവ്യബലി ആഘോഷം എന്നത് :

1. ക്രിസ്തുവിന്റെതന്നെയും സഭയുടെയും കർമ്മമാണ്.
2. പുരോഹിതന്റെ ശുശ്രൂഷയിലൂടെ കർത്താവായ ക്രിസ്തു തന്നെത്തന്നെ അപ്പത്തിന്റെയും വീഞ്ഞിന്റെയും രൂപത്തിൽ സത്താപരമായി സന്നിഹിതനാക്കിക്കൊണ്ട് ദൈവപിതാവിന് സമർപ്പിക്കുന്നു.
3. തന്റെ ബലിയിൽ പങ്കുകൊള്ളുന്ന വിശ്വാസികൾക്ക് ആത്മീയഭോജനമായി ക്രിസ്തു സ്വയം നല്കുന്നു.
4. ക്രിസ്തുവിന്റെ പ്രതിനിധി എന്ന നിലയിൽ മെത്രാനോ വൈദികനോ ദിവ്യകാരുണ്യ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കുന്നു.
5. ദിവ്യബലി ആഘോഷത്തിൽ ക്ലേരിമാരും അൽമായരും അവരുടേതായ രീതിയിൽ ആരാധനാക്രമംപാലിച്ച് പങ്കെടുക്കുന്നു.

CIC 900 പ്രകാരം, ദിവ്യകാരുണ്യ കൂദാശ പരികർമ്മം ചെയ്യാൻകഴിയുന്ന കാർമ്മികൻ സാധുവായി അഭിഷിക്തമായ പുരോഹിതനാണ് (മെത്രാനും വൈദികനും). അതേസമയം, കാനോൻ നിയമപ്രകാരമുള്ള തടസ്സങ്ങൾ ഇല്ലെങ്കിൽ മാത്രമേ പുരോഹിതന് ബലിയർപ്പിക്കാൻ കഴിയൂ.

ക്രിസ്തുവിന്റെ ഭൗതിക ശരീരമായ സഭയാകുന്ന ദൈവജനവുമായി ബന്ധപ്പെട്ട് ദിവ്യബലി ആഘോഷിക്കുന്ന പുരോഹിതന്റെ പ്രധാനപ്പെട്ട കടമകൾ CIC 901911 പ്രകാരം താഴെപ്പറയുന്നവയാണ്:

1. ജീവിച്ചിരിക്കുന്നവർക്കുവേണ്ടിയോ, മരണമടഞ്ഞവർക്കുവേണ്ടിയോ ദിവ്യബലി അർപ്പിക്കുക.
2. പരമാവധി അനുദിന ദിവ്യബലി അർപ്പിക്കുക.
3. കൂടുതൽ പ്രാവശ്യം ദിവ്യബലി അർപ്പിക്കാൻ നിയമപരായി അനുവാദമുള്ള ദിവസങ്ങളൊഴികെ (ഞായറാഴ്ചകളും കടമുള്ള ദിവസങ്ങളും, ക്രിസ്തുമസ്, സകല ആത്മാക്കളുടെ ദിനം) ഒരുദിവസം ഒന്നിൽക്കൂടുതൽ ബലിയർപ്പിക്കാൻ പാടില്ല. പുരോഹിതരുടെ ദൗർലഭ്യമുള്ള പ്രദേശങ്ങളിൽ ന്യായമായ കാരണത്താൽ ഒരു ദിവസംതന്നെ രണ്ടുപ്രാവശ്യമോ അജപാലനപരമായ ആവശ്യം പരിഗണിച്ച് ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും മൂന്നുപ്രാവശ്യമോ ദിവ്യബലി അർപ്പിക്കാൻ പ്രാദേശിക സഭാധികാരിക്ക് പുരോഹിതന്മാരെ അനുവദിക്കാവുന്നതാണ്. ആയതിനാൽ സമൂഹ ദിവ്യബലിയിലെ പങ്കാളിത്തം ഉൾപ്പെടെ സാധാരണ ദിവസങ്ങളിൽ ഒരു പുരോഹിതൻ രണ്ടു പ്രാവശ്യത്തിൽ കൂടുതൽ ദിവ്യബലി അർപ്പിക്കാൻ പാടില്ല.
4. കത്തോലിക്കാസഭയുമായി പൂർണ്ണ കൂട്ടായ്മയിലല്ലാത്ത സഭകളിലെയോ സഭാസമൂഹങ്ങളിലെയോ പുരോഹിതന്മാരുമായോ ശുശ്രൂഷകരുമായോ ചേർന്ന് സമൂഹദിവ്യബലിയർപ്പിക്കാൻ പാടില്ല.
5. തങ്ങളുടെ ചുമതലയിൽപ്പെട്ടവരും തിരുപ്പാഥേയം ആവശ്യവുമായ രോഗികൾക്ക് വിശുദ്ധ കുർബാന നല്കുക. ■




# കുഞ്ഞാടുകൾ

പുതിയ ഒരു പംക്തി തുടങ്ങുകയാണ്; 'കുഞ്ഞാടുകൾ' ബൈബിളിലെ ഒരു കഥയും കുട്ടികളുടെ കഥാ-കവിതകളുമാണ് ഉള്ളടക്കം. ഇക്കുറി കെസിഎസ്എല്ലിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ കീഴിലുള്ള സ്കൂളുകളിലെ ഹയർ സെക്കണ്ടറി വിഭാഗക്കാർക്കായി നടത്തിയ സാഹിത്യോത്സവത്തിൽ സമ്മാനാർഹമായ കവിതകളാണ്. തുടർന്നും രചനകൾ അയയ്ക്കുക.



## പക്ഷി

പലവർണപ്പകിട്ടുകൾ ചേർത്തൊരു
വർണമാം കിളികളെ നെയ്തു ദൈവം
ആകാശമാകുന്ന നീലപരവതാനിയിൽ
ചിറകടിച്ച് പറന്നുയരാൻ സൃഷ്ടിച്ചവയെ.
ഹരിതാഭയാർന്നയീ ഭൂമിയിൽ മഴവില്ലു-
പോലെയഴകാർന്ന പക്ഷികളെ നോക്കുവിൻ
അവ ആകാശത്ത് പറന്നുയർന്നു പറക്കുന്നു
അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല.
എന്നാൽ ഇരുമ്പിനാൽ തീർത്ത
അഴിക്കൂടുകൾക്കുള്ളിൽ
മനഃപൂർവമവയെ കുടുക്കി.
ആകാശത്തിന്റെ നീലിമയിലേക്ക്
കണ്ണും നട്ടിരിക്കുന്നു പാവം കിളികൾ.
ചിറകടിച്ചുയരണം എനിക്ക്
പറക്കണം ആകാശത്തോളം
ചുറ്റണം ഈ ഭൂമി മുഴുവൻ
പക്ഷികളുടെ നിലവിളി പക്ഷേ,
ആരും കേൾക്കുന്നില്ല.
നിലവിളി കേൾക്കാനുണ്ടൊരാൾ
സ്രഷ്ടാവായ ദൈവം
ഒരുനാളവൻ വരും ബന്ധനത്തിന്റെ
കൂട്ടിലകപ്പെട്ടവരെ ആകാശംമുട്ടെ പറപ്പിക്കാൻ.



**ഇസ മരിയ**
ഹോളി ഏഞ്ചൽസ് സ്കൂൾ, വഞ്ചിയൂർ



**മേരി റ്റി.ബി.**
ലിയോ XIII HSS പുല്ലുവിള

## മണ്ണ്

സ്നേഹമാം ഭൂമിതൻ ഭാഗ്യമാം മണ്ണേ
ജീവൻ തുടിക്കുന്ന സൗരഭ്യമേ
പ്രകൃതിതൻ അമ്മയുടെ സൗഭാഗ്യമേ
നിത്യം തുടിക്കുന്ന ആത്മഹർഷമേ!
ഞാൻ ജനിച്ച മണ്ണ്
എന്റെ സ്വന്തം മണ്ണ്
ഒരിക്കലും ഞാൻ നിന്നെ
കൈവിടുകയില്ല...
സ്നേഹം വെടിയുമ്പോൾ
ഒറ്റപ്പെടുമ്പോൾ
ആരോരുമില്ലാതെയലയുമ്പോൾ
താങ്ങുന്നു നീ
കാരുണ്യമായ് തഴുകുന്നു.
ലൗകിക സുഖങ്ങളുപേക്ഷിച്ച്
മറ്റുള്ളവരുടെ സുഖങ്ങളിൽ ആശ്രയിച്ച്
അവരുടെ സന്തോഷത്തിനായി ജീവിച്ച്
നിത്യതേജസ്സായി വിളങ്ങും മണ്ണേ, സ്നേഹകാന്തിയേ!



ബൈബിൾ കഥകൾ-1

• പുത്തൻകാവ് മാത്തൻതരകൻ

# ആദിയിൽ

**ആ**ദിയിൽ വചനമുണ്ടായിരുന്നു. വചനം ദൈവത്തോടുകൂടിയായിരുന്നു. ആ വചനം ദൈവവുമായിരുന്നു. വചനം ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ചു. അന്ധകാരാവൃതവും അനാകാരവും ശൂന്യവുമായിരുന്ന ഭൂമിയുടെ മുകളിൽ വെള്ളമുണ്ടായിരുന്നു. ദൈവത്തിന്റെ ആത്മാവ് വെള്ളത്തിന്റെ മുകൾപ്പരപ്പിൽ ചലിച്ചുകൊണ്ടിരുന്നു. ദൈവം വെളിച്ചമുണ്ടാക്കി വെളിച്ചത്തെയും ഇരുളിനെയും പരസ്പരം വേർതിരിച്ചു. ഭൂമിയുടെ ഉപരിഭാഗത്തുണ്ടായിരുന്ന വെള്ളത്തെ ദൈവം ഒരുമിച്ചുചേർത്ത് ഒരു ദിക്കിലേക്ക് നീക്കി. അപ്പോൾ ഭൂമി തെളിഞ്ഞു വന്നു.

ഭൂമിയിൽ നിന്ന് പുല്ലും വിത്തുമുള്ള ഫലം കായ്ക്കുന്ന വൃക്ഷങ്ങളും മുളച്ചു. ആകാശത്തിൽ ദൈവം സൂര്യചന്ദ്രനക്ഷത്രങ്ങളെ പ്രതിഷ്ഠിച്ചു. അവ ഭൂമിക്ക് വെളിച്ചം നൽകി. വെള്ളത്തിൽ ജലജന്തുക്കളും ആകാശത്തിൽ പറവകളും ഭൂമിയിൽ മൃഗങ്ങളും ഇഴജന്തുക്കളും ദൈവത്തിന്റെ ആജ്ഞയനുസരിച്ച് ജനിച്ചു. എല്ലാ ജീവജാലങ്ങളും വർധിച്ചുവരത്തക്ക വണ്ണം ദൈവം അവരെ അനുഗ്രഹിക്കുകയും ചെയ്തു. അനന്തരം നിലത്തിലെ പൊടികൊണ്ട് മനുഷ്യനെ സ്വന്തസാദൃശ്യത്തിൽ നിർമിച്ചിട്ട് അവന്റെ മൂക്കിൽ ജീവശ്വാസം ഊതി. അങ്ങനെ മനുഷ്യൻ ഭൂമിയിൽ പ്രത്യക്ഷപ്പെട്ടു. അവനെ ആദാം എന്നു ദൈവം വിളിച്ചു. അവന് താമസിക്കുവാൻ സ്രഷ്ടാവ് കിഴക്ക് ഏദനിൽ ഒരു തോട്ടമുണ്ടാക്കി. കാണുവാൻ ഭംഗിയുള്ളവയും ഭക്ഷിക്കുവാൻ ആഗ്രഹം തോന്നിക്കുന്നവയുമായ ഫലങ്ങളുള്ള എല്ലാത്തരം വൃക്ഷങ്ങളും ആ തോട്ടത്തിൽ നട്ടുപിടിപ്പിച്ചിരുന്നു. തോട്ടത്തിന്റെ നടുവിൽ ഒരു വിശേഷവൃക്ഷവും ഉണ്ടായിരുന്നു. ജ്ഞാനവൃക്ഷം അഥവാ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷമെന്നായിരുന്നു അതിന്റെ പേര്. ഏദനിൽനിന്ന് പുറപ്പെട്ടു വന്നിരുന്ന ഒരു നദി ആ തോട്ടത്തെ നനച്ചുകൊണ്ട് നാലു ശാഖകളായി പിരിഞ്ഞ് മറ്റുദിക്കുകളിലേക്ക് ഒഴുകി.

ദൈവം ആദാമിനെ ഏദൻതോട്ടത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി. തോട്ടം സൂക്ഷിക്കുവാനും അതിൽ വേലചെയ്യുവാനും അവനെ നിയോഗിച്ചു. അനന്തരം അവനോട് ഇങ്ങനെ കല്പിച്ചു: 'നോക്കൂ, തോട്ടത്തിലെ സകല വൃക്ഷങ്ങളുടെയും ഫലം നിനക്ക് ഇഷ്ടം പോലെ ഭക്ഷിക്കാം. ജ്ഞാനവൃക്ഷത്തിന്റെ ഫലം മാത്രം നീ ഭക്ഷിക്കരുത്. അത് ഭക്ഷിച്ചാൽ നീ പെട്ടെന്ന് മരിക്കും." ആദാം യാതൊരു വാക്കും മറുപടിയായി പറഞ്ഞില്ല. തോട്ടം വിട്ടുപോകുന്നതിന് മുമ്പ് ദൈവത്തിന് ഒരു തോന്നലുണ്ടായി: "മനുഷ്യൻ ഏകനായി ഇരിക്കുന്നതു നന്നല്ല. അവന് തക്കതായ ഒരു ഇണ വേണം." ആ തീരുമാനത്തെ പ്രായോഗികപഥത്തിലേക്ക് പ്രവേശിപ്പിക്കുന്നതിന് മുൻപുതന്നെ ദൈവം ഭൂമിയിലെ സകല മൃഗങ്ങളെയും അകാശത്തിലെ എല്ലാ പറവകളേയും ആദാമിന്റെ മുമ്പിൽ വരുത്തി. അവൻ അവയ്ക്കോരോന്നിനും പേരിട്ടു. ജീവജാലങ്ങളെല്ലാം അവന്റെ മുന്നിൽനിന്ന് പരിഞ്ഞുപോയശേഷം ദൈവം മനുഷ്യന് ഒരു ഗാഢനിദ്രവരുത്തി. അവൻ ഉറങ്ങിക്കിടന്നപ്പോൾ അവന്റെ വാരിയെല്ലുകളിൽ ഒന്നെടുത്ത് അതുകൊണ്ടൊരു സ്ത്രീയെ സൃഷ്ടിച്ചു. അവൾ മനുഷ്യന്റെ മുമ്പിൽ നിവർന്നു നിന്നപ്പോൾ "ഇവൾ എന്റെ അസ്ഥിയിൽ നിന്ന് അസ്ഥിയും മാംസത്തിൽ നിന്ന് മാംസവും ആകുന്നു." എന്ന് അവൻ പറഞ്ഞു. ■



# വചനജ്വാല

2023 മാർച്ച് മാസത്തെ ബി.സി.സി. കൂട്ടായ്മകളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്



# മറിയത്തിനുള്ള മംഗളവാർത്ത മനുഷ്യവംശത്തിന് മുഴുവനുമുള്ള സദ്വാർത്ത

**ഫാ. ഡാനിയേൽ ആർ.**

**ആമുഖം**

1950 അടി വീതിയിൽ 150 അടി താഴ്ചയിൽ അഞ്ചു ലക്ഷം ടൺ വെള്ളം ഒരു മിനിട്ടിൽ പതിക്കുന്ന നയാഗ്ര വെള്ളചാട്ടം. അതിനു കുറുകെ വലിച്ചുകെട്ടിയ ഒരു ചരടിൽ ഒരു അഭ്യാസി നടന്ന് മറുകരയിൽ എത്തി. ആളുകൾ ഹർഷാരവം മുഴക്കി. ഹർഷാരവങ്ങൾ നിലച്ചപ്പോൾ അയാൾ ചോദിച്ചു: ഒരാളെ തോളിലിരുത്തി ഇതിനു കുറുകെ കടക്കാൻ എനിക്കു സാധിക്കുമെന്ന് നിങ്ങൾ വിശ്വസിക്കുന്നുവോ? അങ്ങനെ ആരെങ്കിലും ഉണ്ടെങ്കിൽ കടന്നു വരാവുന്നതാണ്. കനത്ത നിശബ്ദതയെ ഭേദിച്ചുകൊണ്ട് ഒരു കുട്ടി സമ്മതം മൂളി. തന്റെ തോളിൽ കയറി ഇരിക്കുന്ന കുട്ടിയോട് അയാൾ പറഞ്ഞു: ‘‘മോനെ നിനക്കു പേടി തോന്നാതിരിക്കാൻ നീ ഒരു കാര്യം ചെയ്യണം. കണ്ണുകൾ അടച്ച് എന്റെ ദേഹത്ത് അള്ളിപ്പിടിച്ചിരിക്കണം. എന്റെ ഒപ്പം നീ ശ്വസിക്കണം. മറ്റൊന്നും ശ്രദ്ധിക്കരുത്.” വിശ്വാസജീവിതവും ഇങ്ങനെതന്നെയാണ്.

**ദൈവത്തെ ചേർത്തുപിടിച്ച് മിഴികളടച്ച് എന്നെ പരിപാലിക്കുന്നവന്റെ തോളിലിരിക്കുമ്പോൾ എനിക്ക് ഭയപ്പെടേണ്ടതില്ല എന്ന ഉറപ്പാണ് വിശ്വാസം**

ദൈവത്തെ ചേർത്ത് പിടിച്ച് മിഴികളടച്ച് എന്നെ പരിപാലിക്കുന്നവന്റെ തോളിലിരിക്കുമ്പോൾ എനിക്ക് ഭയപ്പെടേണ്ടതില്ല എന്ന ഉറപ്പാണ് വിശ്വാസം. യാക്കോബ് ശ്ലീഹ ഓർമ്മിപ്പിക്കുന്നു; “ദൈവത്തോട് ചേർന്ന് നിൽക്കുവിൻ. അവിടുന്ന് നിങ്ങളോടും ചേർന്ന് നിൽക്കും” (യാക്കോ. 4:7). ഇന്നുവരെ ആർക്കും സംഭവിക്കാത്തത് തന്റെ ജീവിതത്തിൽ നിറവേറുമെന്ന് പരിശുദ്ധ മറിയം വിശ്വസിച്ചു. ഇതാ കർത്താവിന്റെ ദാസി എന്ന് ഉത്തരം നൽകികൊണ്ട് ദൈവീക പദ്ധതികളോട് പരിപൂർണമായി സമർപ്പിച്ച പരിശുദ്ധ

അമ്മയെ നമുക്ക് അനുകരിക്കാം. പരിശുദ്ധ അമ്മ നമുക്ക് നൽകുന്ന പുണ്യമാതൃകകൾ അനുകരിക്കാം.

**ദൈവ വചന പാരായണം:-**

ലൂക്കാ 1:26-38

**വചന വിചിന്തനം**

അമേരിക്കയിലെ പ്രസിഡന്റ് തിരഞ്ഞെടുപ്പ് നടക്കുന്ന സമയം 2008 ലെ തിരഞ്ഞെടുപ്പ് പ്രചരണ പരിപാടിയിൽ പങ്കെടുക്കവെ മിഷേൽ ഒബാമ ഇപ്രകാരം പറഞ്ഞു: കുടുംബത്തിൽ പിറന്നവരാണ് ബെറാക് ഒബാമയും ഞാനും. ഞങ്ങളുടെ കുടുംബത്തിലെ സംസ്കാരം അനുസരിച്ച് ഞങ്ങളുടെ വാക്കാണ് ഞങ്ങളുടെ ഉടമ്പടി. ചെയ്യാൻ പറ്റുന്നതേ പറയൂ. പറയുന്നവ ചെയ്തിരിക്കും (Our word is our bond, we do what we say we are going to do) "വാക്കാണ് ഉടമ്പടി". ഫ്രാൻസിസ് പാപ്പ സാന്താ മാർത്തയിലെ പള്ളി പ്രസംഗങ്ങളിൽ പല പ്രാവശ്യം വിചിന്തനവിഷയമാക്കിയ ഒരു കാര്യമുണ്ട്, ആദിമാതാപിതാക്കൾ പാപം ചെയ്തപ്പോൾ ദൈവം അവരെ തോട്ടത്തിൽ നിന്ന് പുറത്താക്കി. എന്നിട്ട് ദൈവം എന്ത് ചെയ്തു? ദൈവവും തോട്ടത്തിന് വെളിയിൽ കിടന്ന് ആദത്തിന്റെയും ഹവ്വായുടെയും കൂടെ യാത്ര തിരിച്ചു. മനുഷ്യരെ കൈവിടാൻ ദൈവത്തിന് കഴിഞ്ഞില്ലായിരുന്നു. ആ യാത്രയുടെ ഒരു നിർണായക ഘട്ടത്തിലെത്തിയപ്പോൾ ദൈവം തീരുമാനിച്ചു മനുഷ്യനാകുവാൻ. മനുഷ്യരുടെ കൂടെ നടന്നാൽ പോരാ മനുഷ്യനാകണം ദൈവത്തിന്. ദൈവത്തിന് മനുഷ്യനാകുവാൻ ദൈവം ഒരു സ്ത്രീയെ തിരഞ്ഞെടുത്തു. ദൈവം തിരഞ്ഞെടുത്ത ഈ സ്ത്രീക്ക് ദൈവം നൽകുന്ന സുകൃതമാണ് സങ്കടകരമായ ഈ സദ്വാർത്ത.

മറിയത്തിനുള്ള മംഗളവാർത്ത മനുഷ്യവംശത്തിന് മുഴുവനുള്ള സദ്വാർത്തയായിരുന്നു. എന്നാൽ മാലാഖയുടെ അരുളപ്പാട് മറിയത്തിൽ അസ്വസ്ഥത ജനിപ്പിച്ചു (ലൂക്കാ. 1:29). യഹൂദ പാരമ്പര്യം അനുസരിച്ച്, വിവാഹ നിശ്ചയം കഴിഞ്ഞിരിക്കുന്ന പെൺകുട്ടിയിൽ അശുദ്ധാത്മാവ് ആവസിക്കുമെന്നും, അവൾ തന്റെ ഭർത്താവിനെ കൊല്ലുമെന്നുമുള്ള വിശ്വാസം ഉണ്ടായിരുന്നു. ഇതിന് ഏറ്റവും നല്ല ഉദാഹരണമാണ് തോബിയാസിന്റെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഏഴ് ഭർത്താക്കന്മാരെ കൊന്ന സാറാ എന്ന യുവതി. അപ്പോൾ വിവാഹനിശ്ചയം കഴിഞ്ഞ മറിയത്തിന് മുമ്പിൽ പ്രത്യക്ഷപ്പെട്ട മാലാഖ ദൈവദൂതനാണോ അതോ ദുഷ്ടാരൂപിയാണോ എന്ന് തിരിച്ചറിയാതെ മറിയം അസ്വസ്ഥയാവുന്നതിൽ അതിശയമില്ല.

ഗബ്രിയേൽ മാലാഖയുടെ അഭിവാദനം കേട്ട മറിയം അസ്വസ്ഥചിത്തയാകുന്നു(ലൂക്കാ. 1:29). എന്താണ് ഈ അഭിവാദനത്തിന്റെ അർത്ഥം എന്ന് അവൾ ചിന്തിച്ചു. മനസിലാകാത്ത വചനം ഹൃദയത്തിൽ സംഗ്രഹിക്കുകയും സംഗ്രഹിച്ച വചനം ധ്യാന വിഷയമാക്കുകയും ചെയ്യുന്ന ഉത്തമമാതൃകയാണ് പരിശുദ്ധമറിയം. ഈ വചനത്തിന്റെ അർത്ഥം തിരിച്ചറിഞ്ഞപ്പോൾ മംഗളവാർത്ത വിവരണത്തിൽ മറിയം അവസാനമായി കുറിക്കുന്നത് ഇപ്രകാരമാണ്; "ഇതാ കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ" (ലൂക്കാ. 1:38).

'ദൈവത്തോടുള്ള വിധേയത്വം' ഇതുമാത്രമാണ് മറിയത്തിന്റെ ജീവിതത്തെ അനശ്വരമാക്കുന്നത്. യഥാർത്ഥ ക്രിസ്തുശിഷ്യന്റെ ജീവിതചര്യയും ഇതുതന്നെയാണ്. പൗലോസ് അപ്പസ്തോലന്റെ ധീരമായ ഒരു പ്രഖ്യാപനം ഉണ്ടല്ലോ, "ഇനി ഞാനല്ല, ക്രിസ്തു എന്നിൽ ജീവിക്കുന്നു". ഇതാ കർത്താവിന്റെ ദാസൻ/ദാസി എന്ന് പറയാനുള്ള ചങ്കുറപ്പുണ്ടെങ്കിൽ "ഇനി ഞാനല്ല ക്രിസ്തു എന്നിൽ ജീവിക്കുന്നു" എന്ന് ഉറപ്പിക്കാം.

ദൈവീക പദ്ധതി എത്രശ്രേഷ്ഠമായാലും അത് നിറവേറ്റുവാൻ മനുഷ്യന്റെ സഹകരണം അനിവാര്യമാണ്. മറിയം ദൈവീക പദ്ധതിക്കുമുന്നിൽ തന്റെ സ്വപ്നങ്ങളെ കൈവെടിയുമ്പോൾ അത് മനുഷ്യവർഗ്ഗത്തിന് മുഴുവൻ രക്ഷയ്ക്ക് കാരണമാകുന്നു. നമ്മുടെയും മറ്റുള്ളവരുടെയും രക്ഷയ്ക്ക് നാം ദൈവത്തോട് സഹകരിക്കാൻ തയ്യാറാണോ? രക്ഷ സമ്മാനിക്കാൻ ദൈവം ഇടപെടാൻ തയ്യാറാണ്. പക്ഷേ, ഞാൻ സഹകരിക്കണം. ■


സ്നേഹ സ്മരണയിൽ

**8-ാം ചരമവാർഷികം**



**പ്രദീപ് സക്കറിയാസ്**

**പുതിയതുറ.**

**ജനനം : 18.07.1987 | മരണം : 25.02.2015**

*പ്രാർത്ഥനയോടെ,* **കുടുംബാംഗങ്ങൾ**

## നേർക്കാഴ്ച

ജെ.സി.

# വിദേശ വാഴ്സിറ്റികൾ ഉയർത്തുന്ന ആശങ്കകൾ

വിദേശ സ്ഥാപനങ്ങളെ ആകർഷിക്കണമെന്ന നിർദ്ദേശം 2020-ലെ ദേശീയ വിദ്യാഭ്യാസ നയത്തിലുള്ളതാണ്. വിദേശ സർവകലാശാലകൾക്ക് ഇന്ത്യയിൽ പ്രവർത്തനാനുമതി നൽകുന്നതിനുള്ള കരട് നയരേഖ യുജിസി പുറത്തിറക്കിയതോടെ പല തരത്തിലുള്ള ചർച്ചകൾ ഉയർന്നുകഴിഞ്ഞു. നാലര ലക്ഷത്തിലേറെ ഇന്ത്യൻ വിദ്യാർഥികളാണ് 2021 ൽ മാത്രം വിദേശരാജ്യങ്ങളിൽ ഉപരിപഠനത്തിന് പോയത്. വിദേശ സർവകലാശാലകൾ ഇന്ത്യയിലേക്ക് വരുന്നതോടെ വിദേശത്തു പോയി പഠിക്കാൻ സാമ്പത്തിക ശേഷിയില്ലാത്ത വിദ്യാർഥികൾക്കും മികച്ച ഉപരിപഠനം ഉറപ്പാക്കാൻ സാധിക്കുമെന്നാണ് യുജിസി വിലയിരുത്തൽ. എന്നാൽ വിദേശത്തേക്കുള്ള വിദ്യാർത്ഥികളുടെ ഒഴുക്കു തടയാൻ ഈ തീരുമാനം സഹായകരമാകുമോ എന്ന് സംശയം ഉന്നയിക്കുന്നവരുണ്ട്. മിക്കവരും പഠനത്തെ തുടർന്നുള്ള വിദേശ ജോലിയും അവിടെ സ്ഥിരതാമസവും ലക്ഷ്യമിടുന്നവരാണ്. പഠിക്കുമ്പോൾത്തന്നെ തൊഴിൽ ചെയ്യാനുള്ള അവസരം വിദേശത്ത് ലഭ്യമാണെന്നതും വലിയ ആകർഷണമാണ്. ചെലവ് കുറഞ്ഞരീതിയിൽ ഗുണനിലവാരമുള്ള വിദേശവിദ്യാഭ്യാസം രാജ്യത്ത് ഉറപ്പാക്കാനാകും എന്നതാണ് ഇതിന്റെ പ്രധാന മെച്ചമായി സർക്കാർ കാണുന്നത്. തന്നെയുമല്ല തെക്കു-കിഴക്കൻ ഏഷ്യൻ രാജ്യങ്ങൾ, ഗൾഫ് രാജ്യങ്ങൾ എന്നിവയിൽ നിന്ന് വിദ്യാർഥികളെ ആകർഷിച്ച് ഇന്ത്യയെ ഒരു വിദ്യാഭ്യാസ ഹബ്ബാക്കി മാറ്റാം എന്ന് പ്രത്യാശിക്കുന്നു. എന്നാൽ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ചുവടുപിടിച്ച് രാജ്യാന്താരവത്കരണം എന്നപേരിൽ വിദേശ സർവകലാശാലകളെ ക്ഷണിക്കുന്നത് ഉന്നതവിദ്യാഭ്യാസമേഖലയിൽ സ്വകാര്യവൽക്കരണത്തിന് ആക്കം കൂട്ടും. ഈ രംഗത്തെ സർക്കാർ മുതൽമുടക്ക് വീണ്ടും ചുരുങ്ങാനും ഇടയാകും. 2019 ലെ ഓൾ ഇന്ത്യ സർവേ ഓൺ ഹയർ എഡ്യൂക്കേഷൻ പ്രകാരം ഉന്നതവിദ്യാഭ്യാസത്തിൽ ചേരുന്നത് 27 ശതമാനത്തോളം പേരാണ്. ഇതിൽ പിന്നാക്കവിഭാഗങ്ങളിൽ നിന്നുള്ളവർ 20 ശതമാനത്തോളമേ ഉണ്ടാകൂ. സ്വകാര്യ സർവകലാശാലകളെപ്പോലെ വിദേശസർവകലാശാലകളും പ്രവേശനത്തിന് സംവരണം നടപ്പാക്കേണ്ടതില്ലെന്നും അങ്ങനെ വരുമ്പോൾ ഉന്നതവിദ്യാഭ്യാസം സാധാരണക്കാർക്ക് അപ്രാപ്യമാകുമെന്നുമുള്ള ആശങ്ക ഉയരുന്നു. താല്പര്യമെങ്കിൽ ഫണ്ടുകൾ കണ്ടെത്തി ആവശ്യാനുസരണം (need-based) വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് ഏർപ്പെടുത്താമെന്ന് കരട് രേഖയിൽ പറയുന്നുണ്ട്. എന്നാൽ ഇത് പ്രായോഗികമാണെന്ന് തോന്നുന്നില്ല.



സാമ്പത്തിക ബുദ്ധിമുട്ടുള്ളവർക്ക് ഇവിടെ വരുന്ന വിദേശസർവകലാശാല ക്യാമ്പസുകൾ എത്രത്തോളം പ്രാപ്യമാകുമെന്ന ആശങ്കയ്ക്ക് ഉചിതമായ പരിഹാരം ഉണ്ടാവുക തന്നെ വേണം. വിദേശ സർവകലാശാലകൾക്ക് ഇന്ത്യയിൽ ക്യാമ്പസ് തുടങ്ങാൻ യുജിസി അനുമതി നൽകിയാലും കേരളത്തിൽ നിയന്ത്രണങ്ങൾ വന്നേക്കാം. വിദേശ സർവകലാശാലകളുടെ കോഴ്സ്, ഘടന, നിലവാരം, പരീക്ഷാരീതി ഫീസ് തുടങ്ങിയ കാര്യങ്ങളിൽ സംസ്ഥാന സർക്കാരിനും ഇടപെടാനാകുമെന്നാണ് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വിലയിരുത്തൽ. അതേസമയം വിദേശ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി കേന്ദ്ര സർക്കാർ നിയമം കൊണ്ടുവന്നാൽ കേരളത്തിന്റെ നിയന്ത്രണങ്ങൾക്ക് പ്രസക്തിയില്ലാതാകും. ഓൺലൈൻ വിദ്യാഭ്യാസം പാടില്ല എന്ന നിബന്ധന ഉണ്ടെങ്കിലും വിദേശത്തുനിന്നുള്ള ഫാക്കൽറ്റി ഒന്നോ രണ്ടോ സെമസ്റ്റർ കാലയളവിൽ ഇന്ത്യയിൽ ഉണ്ടാകണമെന്ന് കരട് രേഖയിൽ നിർദ്ദേശിക്കുന്നുണ്ട്. വിദ്യാഭ്യാസരംഗത്ത് സ്മാർട്ട് ക്ലാസ്മുറികൾ വ്യാപകമാകുന്ന കാലത്ത് ഓൺലൈൻ ക്ലാസുകൾ പാടില്ല എന്ന നിബന്ധനയിൽ പിൽക്കാലത്ത് ഇളവുകൾ വന്നേക്കാം. എല്ലാതലങ്ങളിലും ചർച്ചകൾ നടത്തി യുജിസി പുറത്തിറക്കുന്ന അന്തിമമാർഗരേഖ ആശങ്കകൾ പരിഹരിക്കുന്നതാവണം. ■


RANK 1
Ammu Pradeep Kumar
RANK 3
Aparna A P
RANK 5
Vinila Vincent
B. ARCH DEGREE EXAMINATION
UNIVERSITY RANK HOLDERS- CUSAT 2021
M.CAP
m.CAP
Menamkulam, Kazhakuttom, Trivandrum- 695582
MARIAN COLLEGE OF ARCHITECTURE & PLANNING
Managed by the Latin Archdiocese of Trivandrum
Recognized by Cochin University of Science and Technology
Approved by Council Of Architecture, New Delhi
COLLEGE CODE
MCR
B.Arch Seats - 80
NO REFUNDABLE DEPOSITS
FOR ADMISSION CONTACT
+91 9495707555 | +91 8921303029 | +91 8281388111
web: www.mcap.edu.in
email: marianarch.in@gmail.com
NBA
NATIONAL BOARD OF ACCREDITATION
*ACCREDITED
MARIAN
ENGINEERING COLLEGE
Menamkulam, Kazhakuttom, Trivandrum- 695582
Affiliated to APJ Abdul KalamTechnological University
An ISO 9001-2015 Certified
Approved by AICTE
COLLEGE CODE
MCE
B.Tech
Civil Engineering *
Mechanical Engineering *
Computer Science And Engineering *
Electronics And Communication Engineering
Electrical And Electronics Engineering
Artificial intelligence And Machine Learning **
M.Tech
Geo Technical Engineering
** Awaiting approval from Govt. of Kerala
MARIAN ENGINEERING COLLEGE
FOR ADMISSION CONTACT
8281377111
9188447588
web: www.marian.ac.in
email: admission@marian.ac.in
90% OF ELIGIBLE STUDENTS PLACED THROUGH CAMPUS RECRUITMENT
INDUSTRY SPONSORED LABS IN ARTIFICIAL INTELLIGENCE AND ROBOTICS AND IoT
VIBRANT STARTUP ECOSYSTEM WITH GOVT. APPROVED TBI
COLLABORATION WITH RIGA TECHNICAL UNIVERSITY, LATVIA
MERIT SCHOLARSHIP WORTH 1.5 CRORE PER YEAR
NO REFUNDABLE DEPOSITS

Pub. Date : 01.02.2023
RNI Registered NO. 36056/81 REG NO. KL/TV(S)266/2021-2023. WPP NO. KL/TV(S)WPP/171/2021-2023 JEEVANUM VELICHAVUM Rs. 30.00




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Deepak Anto